

ഖുത്ബ്ബ: ഹദ്റത്ത് മസീഹ് മൗഊദ് (അ)
അല്ലാഹുവിന്റെ റസൂൽ

# സത്യദൂതൻ

ജൂൺ 2011 | ലക്കം 6 വില ₹ 20



## വംശീയതയും ഇസ്‌ലാമും

## ഹദ്റത്ത് അഹ്മദ്(അ): സഹസ്രാബ്ദത്തിന്റെ മുജദ്ദിദ്

## ഈ അപ്പത്തിൽ നിന്ന് നിങ്ങൾക്കും പങ്കുപറ്റാം

## വിശുദ്ധ ഖുർആനിൽ നിന്ന്



സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ളയാളാണ് അദ്ദേഹം; സത്യ വിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്. **(9:128)**

## നബിവചനം



ഒരാൾ അല്ലാഹുവിന്റെ സൃഷ്ടികളോട് ദയകാട്ടുകയാണെങ്കിൽ അല്ലാഹുവിന്റെ ദയയും സ്നേഹവും അയാളോടൊപ്പമുണ്ടാകും അല്ലാഹുവിന്റെ സൃഷ്ടികളോട് ദയ കാണിക്കുക; അല്ലാഹു നിങ്ങളോട് ദയ കാണിക്കും. **(അബൂദാവൂദ്)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ദൈവം യജമാനനാണ്, നീതിപാലകനല്ല

ദൈവത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ നമുക്ക് അവന്റെ മാലിഖിയത്ത് എന്ന ഗുണത്തിന്റെ അടിസ്ഥാനത്തിൽ റഹീം എന്ന് വിളിക്കാം പക്ഷേ നമുക്ക് അവനെ നീതിപാലകൻ എന്ന് വിളിക്കാൻ സാധ്യമല്ല. ഒരാളുടെ സമ്പൂർണ ഉടമസ്ഥതയിലുള്ള മറ്റൊരാൾക്ക് അയാളുടെ ഉടമയിൽനിന്ന് നീതിയുടെ അവകാശ വാദം ഉന്നയിക്കാനുള്ള അർഹതയില്ല. അയാൾക്ക് വിനയപൂർവം കാരുണ്യത്തിനുവേണ്ടി യാചിക്കാവുന്നതാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ദൈവത്തെ നീതിപാലകൻ എന്ന് വിശേഷിപ്പിക്കാത്തത്. നീതി എന്നത് പരസ്പരം സമത്വം ആവശ്യപ്പെടുന്ന കാര്യമാണ്. ദൈവം നീതിമാനാകുന്നത് സൃഷ്ടികൾ പരസ്പരമുള്ള കാര്യങ്ങളിൽ ദൈവം നീതിപൂർവം പ്രവർത്തിക്കുന്നു എന്ന അർഥത്തിലാണ്. അല്ലാതെ ദൈവത്തിന്റെ ഏതെങ്കിലും സൃഷ്ടികൾക്ക് അവനിൽ നിന്നും ഒരുവകാശവും സഹപങ്കാളി എന്നനിലക്ക് നീതി തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ചോദിച്ചു വാങ്ങാം എന്ന അർഥത്തിലല്ല. **(ചശ്മെ മഅ്രിഫ)**

لا اله الا الله محمد رسول الله

# സത്യദൂതൻ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


**4** യുഗശബ്ദം

**5** എഡിറ്റോറിയൽ



**6** ഖുത്ബ
ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന്റെ റസൂൽ: അഹ്മദിയ്യത്തിന്റെ ആഗോളവിജയം സുനിശ്ചിതം
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)


**9** ലേഖനം
മതനിയമങ്ങൾ ഭരണ നിയമങ്ങളാക്കാൻ സാധ്യമല്ല
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)



**14** ലേഖനം
ജൂത രഹസ്യ സംഘങ്ങളും ഹാറൂത്തും മാറൂത്തും
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)


**18** ലേഖനം
വംശീയതയും ഇസ്‌ലാമും
എ.എം. മുഹമ്മദ് സലീം



**22** ലേഖനം
ഈ അപ്പത്തിൽ നിന്ന് നിങ്ങൾക്കും പങ്ക് പറ്റാം
ഫലാഹുദ്ദീൻ ശംസ്


**25** ലേഖനം
ഹദ്റത്ത് അഹ്മദ്(അ) സഹസ്രാബ്ദത്തിന്റെ മുജദ്ദിദ്
ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്)



**29** ലേഖനം
ഭയഭക്തിയുള്ളവരുമായുള്ള സഹവാസത്തിന്റെ അനുഗ്രഹങ്ങൾ
കലീം അൻവർ


**33** ലേഖനം
പരിശുദ്ധ കലിമ നെഞ്ചോട് ചേർത്ത്
ഹസീബ് അഹ്മദ് വാഴക്കാല


**34** ലേഖനം
ആഹാരനിയന്ത്രണം
മസൂദ് അഹ്മദ്, കരുനാഗപ്പള്ളി


**36** ലേഖനം
അന്ത്യനാൾ
ഇമാം മുബശിർ അഹ്മദ്


**40** കുറിപ്പുകൾ
പാകിസ്താന്റെ പ്രതിസന്ധി ശീതയുദ്ധം തിരിച്ചു വരുമോ
മുസാഫിർ



**The Sathyadoothan Monthly**

2011 ജൂൺ
ഹി.ശ.1390 - എഹ്സാൻ
1432 ജ.ആഖർ - റജബ്
പുസ്തകം 83 ലക്കം 5
വില 20 രൂപ



ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

സത്യദൂതൻ,
മസ്ജിദ് ഉമർ,
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# എന്റെ ജമാഅത്ത്

**ഹദ്റത്ത് അഹ്മദ് (അ)**



സാത്വികരായിട്ടുള്ളവരുടെ ഒരു ഗണത്തെ ഒരുമിച്ചു കൂട്ടുകയും അത്തരക്കാരുടെ ഒരു വലിയ ഗണം മുഖേന ലോകത്ത് പ്രഭാവം ചെലുത്തുമാറാകുകയും അവർ ഐക്യത്തിൽ വർത്തിക്കുന്നത് ഇസ്‌ലാമിന് അനുഗ്രഹത്തിന്റെയും മഹത്വത്തിന്റെയും ഒരു സ്രോതസ്സായിത്തീരുകയും അതുവഴി ഇസ്‌ലാമിന് ഉത്തമ ഫലങ്ങൾ പ്രദാനം ചെയ്യപ്പെടുകയും വേണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ബൈഅത്ത് വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു അടിസ്ഥാന തത്ത്വത്തിൽ ഏകാഭിപ്രായക്കാരായിരുന്നു കൊണ്ട് അതിന്റെ അനുഗ്രഹത്തിൽ ഇസ്‌ലാമിനായി നിർമലവും പരിശുദ്ധവുമായ സേവനം അർപ്പിക്കാൻ അവർ സദാ സന്നദ്ധരായിരിക്കണം. അവർ മടിയന്മാരോ ലുബ്ധരോ ലക്ഷ്യബോധമില്ലാത്തവരോ ആയ മുസ്‌ലിംകളായിരിക്കരുത്. ഭിന്നിപ്പുകളാലും അനീതികളാലും ഇസ്‌ലാമിന് വലുതായ ഹാനി വരുത്തിവെക്കുകയും ദുഷ്ടജീവിതം നയിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമായ മുഖത്ത് കരിവാരിത്തേക്കുകയും ചെയ്തിട്ടുള്ള ആ കൊള്ളരുതാത്തവരെപ്പോലെയും ആകരുത്. അവർ ലോകകാര്യങ്ങളിൽ നിന്നെല്ലാം അകന്ന് മാറുകയും ഇസ്‌ലാമിന്റെ ആവശ്യങ്ങളെക്കുറിച്ച് ബോധഹീനരായിത്തീരുകയും തങ്ങളുടെ സഹോദരങ്ങളുടെ ക്ഷേമത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും മനുഷ്യസമൂഹത്തിൽ നന്മ വളർത്തേണ്ട കാര്യത്തിൽ ഉത്സുകരല്ലാതിരിക്കുകയും ചെയ്യുന്ന ദർവേശുകളെപ്പോലെയും ആകരുത്. അവർ പാവങ്ങൾക്ക് അഭയസ്ഥാനങ്ങളായിരിക്കുമാറ് ജനത്തിന്റെ നേരെ അനുകമ്പയുള്ളവരായിരിക്കണം. തങ്ങളെത്തന്നെ ബലിയർപ്പിക്കാൻ സന്നദ്ധരായിരിക്കുമാറ് അവർ ഇസ്‌ലാമിക ധർമങ്ങൾ നിർവഹിക്കുന്നതിൽ അതീവ കുതുകികളായിരിക്കണം. തങ്ങളുടെ അനുഗ്രഹങ്ങൾ ലോകത്തിൽ പരക്കുന്നതിന് അവർ എല്ലാ യത്നങ്ങളും ചെയ്യണം. ദൈവിക കാര്യങ്ങളോടുള്ള സ്നേഹത്തിന്റെയും ദൈവദാസന്മാരോടുള്ള അനുകമ്പയുടെ യും വിശുദ്ധമായ നീരുറവ എല്ലാ ഹൃദയങ്ങളിൽ നിന്നും പൊട്ടിയൊലിച്ചു തുടങ്ങുകയും അത് ഒരു നദിപോലെ പ്രവഹിക്കുന്നത് കാണുമാറാകുകയും വേണം. സർവശക്തനായ ദൈവം അവന്റെ പ്രത്യേക വരപ്രസാദങ്ങളാൽ അവരുടെ വിശുദ്ധമായ കഴിവുകൾ വെളിപ്പെടുത്തുന്നതിന് ഈ വിനീതന്റെ പ്രാർഥനകളെയും ശ്രദ്ധകളേയും ഉപകരണോപാധികളാക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അന്വേഷകരുടെ ആന്തര പരിശീലനത്തിൽ ഞാൻ ഏർപ്പെടണമെന്നും അഹന്തയുടെയും സാത്താനികശക്തികളുടെയും ബന്ധത്തിൽ നിന്ന് ആളുകളെ മോചിപ്പിക്കുകയും ദൈവികമായ വഴികളോടുള്ള സഹജമായ സ്നേഹം വളർത്തുകയും ചെയ്യുന്ന ആ പ്രകാശപ്പൊലിമക്ക് വേണ്ടി അവർക്കായിട്ട് ഞാൻ യാചന നടത്തണമെന്നും ആ പരമപാവനനും മഹത്വവാനുമായ ദൈവം എനിക്ക് ബോധനം നൽകിയിരിക്കുന്നു. പരിപൂർണമായ ഒരുക്കങ്ങളും ആത്മാർഥമായ ദൈവികസേവനങ്ങളും കൂടിച്ചേരുമ്പോൾ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന് വേണ്ടി അവർക്കായിട്ട് ഞാൻ ആവശ്യപ്പെടും. അഹങ്കാരവും സാത്താനിക ശക്തികളും കൂടിച്ചേരുമ്പോൾ ഉടലെടുക്കുന്ന ദുഷ്ടാത്മാവിൽ നിന്നുള്ള അവരുടെ മോചനം സാധിക്കുന്നതിനും ഞാൻ പരിശ്രമിക്കുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ, തികഞ്ഞ ആത്മാർഥതയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ള എന്റെ സ്നേഹിതൻമാരെ സംസ്ക്കരിച്ചെടുക്കാൻ പരിശ്രമിക്കുന്നതിൽ ഞാൻ പിന്നിലാവുകയോ അശ്രദ്ധനായിരിക്കുകയോ ആലസ്യവാനായിരിക്കുകയോ ചെയ്യുന്നതല്ല. അവർ ജീവിക്കുന്നതിനു വേണ്ടി മരണം വരിക്കാൻ തന്നെ ഞാൻ തയ്യാറായിരിക്കും (ഇസാലയെ ഔഹാം, പു. 460).

പരിശുദ്ധമായ ആത്മാവോടുകൂടിയ ജമാഅത്തിലെ ആദരണീയർ എന്റെ പേരിൽ എനിക്ക് ശേഷം ആളുകളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കട്ടെ. ഭൂമിയുടെ വ്യത്യസ്ത പ്രവാസകേന്ദ്രങ്ങളിൽ താമസിച്ചുപോരുന്നവർ അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതക്കരായിട്ടുള്ളവരാണെങ്കിൽ അവരെയെല്ലാം തൗഹീദിലേക്ക് (ഏക ദൈവത്വത്തിലേക്ക്) ആകർഷിക്കുകയും ആ ദാസന്മാരെയെല്ലാം ഏകമതത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ. ഇതു തന്നെയാണ് എന്നെ ഈ ലോകത്തേക്ക് അയച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം. ആകയാൽ, ഈ ലക്ഷ്യം സാധിക്കുമാറാകാൻ യത്നിക്കുവിൻ (അൽ വസിയ്യത്ത് 1905).

## എഡിറ്റോറിയൽ

# വാഗ്ദത്ത മഹ്ദീമസീഹ്: പുനരുജ്ജീവനത്തിന്റെ ഏകവഴി

മനുഷ്യസമൂഹം നാനാവിധത്തിലും ജീർണിക്കുമ്പോൾ അതിന്റെ മുന്നിൽ രണ്ട് വഴികൾ മാത്രമാണുള്ളത്. ഒന്നുകിൽ പൂർണമായി നശിക്കുക, അല്ലെങ്കിൽ പുനരുജ്ജീവിക്കുക. നാശം ഗ്രസിച്ചു കഴിഞ്ഞ സമൂഹങ്ങൾക്ക് സ്വയം സമുദ്ധരിക്കാൻ സാധ്യമല്ല. ദൈവത്തിന്റെ നിരുപാധികമായ കാരുണ്യത്താൽ വെളിപാടുകൾ കൊണ്ടനുഗൃഹീതരായ മഹാത്മാക്കളെ അയച്ചുകൊണ്ടാണ് ദൈവം സമൂഹങ്ങളെ സമുദ്ധരിക്കുക. സമൂഹത്തിന്റെ ഭൗതികസ്വാധീനങ്ങളിൽ നിന്ന് അതീതമായി സ്വച്ഛവും സുദൃഢവുമായ ദൈവികജ്ഞാനം നൽകപ്പെടുകയും ദൈവപ്രചോദനത്താൽ പ്രഭാവിതരായിത്തീരുകയും ചെയ്യുന്ന പ്രവാചകന്മാരെക്കൊണ്ടുമാത്രമേ പുനരുജ്ജീവനവും ആത്മീയ–ധാർമികസമൂഹങ്ങളുടെ നിർമിതിയും സാധ്യമാവുകയുള്ളൂ. ഇങ്ങനെ ആവിർഭവിക്കുന്ന പ്രവാചകന്മാരുടെ ചരിത്രമാണ് വിശുദ്ധ ഖുർആൻ മുഴുവൻ നിറഞ്ഞുനിൽക്കുന്നത്. ലളിതവും സനാതനവുമായ ഈ ദൈവിക പ്രക്രിയ നിലച്ചുപോയി എന്ന് പറയുന്നത് അതിക്രമികളുടെ പ്രസ്താവമാണെന്നും വിശുദ്ധ ഖുർആൻ പറയുന്നു.

ഈ സുവ്യക്തമായ മഹാസത്യം ആര് മറന്നാലും മുസ്‌ലിംകൾ മറക്കാൻ പാടില്ലാത്തതാണ്. അവസാനകാലത്ത് ഇസ്‌ലാം മതം ജീർണിക്കുകയും മുസ്‌ലിംകളുടെ ഖിലാഫത്ത് വ്യവസ്ഥ തകരുകയും ചെയ്യുമ്പോൾ ഇമാം മഹ്ദിയും മസീഹുമായി നുബുവ്വത്തിനാൽ അനുഗൃഹീതനായ ഒരു മഹാത്മാവ് അവതരിക്കുമെന്ന് വിശുദ്ധ ഖുർആനും റസൂൽ തിരുമേനി (സ) യും പറഞ്ഞതാണ്. മുസ്‌ലിം സമൂഹത്തിന് ഹൃദിസ്ഥമായ ഈ പ്രവചനത്തിന്റെ പൂർത്തീകരണം ഒരു പെരുന്നാളായി ആഘോഷിക്കാൻ ഇസ്‌ലാമിക ചരിത്രത്തിലുടനീളം ഔലിയാക്കന്മാരും ഉലമാക്കന്മാരും ഉമറാക്കന്മാരും കാത്തിരുന്നു. മസീഹിന്റെ ഇറക്കത്തെ പറ്റി പറയാത്ത ഇസ്‌ലാമിക ഗ്രന്ഥങ്ങളോ വയള് പരമ്പരകളോ പഴയ കാലത്ത് ഇല്ലായിരുന്നുവെന്ന് പറയാം. പക്ഷേ, വാഗ്ദത്ത മസീഹ് പ്രവചിതമായ സർവവിധ അടയാളങ്ങളുടെയും നിറവിൽ ആഗതനായപ്പോൾ പ്രവാചകന്മാർ വന്നപ്പോൾ സംഭവിച്ചതും വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയതുമായ നിഷേധത്തിന്റെ ചരിത്രം ആവർത്തിക്കുകയാണുണ്ടായത്.

റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം വാഗ്ദത്ത മസീഹും മഹ്ദിയുമായി അല്ലാഹു അയച്ച, നുബുവ്വത്ത് കൊണ്ട് അനുഗൃഹീതനായ മഹാത്മാവ് ഹദ്റത്ത് അഹ്മദ് (അ)യഥാകാലം ആഗതനായി. ബഹുഭൂരിപക്ഷം മുസ്‌ലിംകളും, നബിയിൽ കുറഞ്ഞ ഒന്നുകൊണ്ടും മുസ്‌ലിം ഉമ്മത്തിന് രക്ഷപ്പെടാൻ സാധ്യമല്ല എന്ന് പ്രാമാണിക പണ്ഡിതന്മാർ തന്നെ ഒരു വശത്ത് വിലപിക്കുമ്പോഴാണ് അല്ലാഹു അയച്ച ഒരു പ്രവാചകനെതിരെ സമുദായം നിഷേധപ്രഖ്യാപനം നടത്തുന്നത്. എതിർപ്പുകളെ അതിജീവിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) അല്ലാഹുവിന്റെ ആജ്ഞയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിച്ചു. അദ്ദേഹം ദിവംഗതനായപ്പോൾ നുബുവ്വത്തിനെ തുടർന്നുള്ള ഖിലാഫത്ത് വ്യവസ്ഥ സംജാതമായി. അഹ്മദിയ്യാ ഖിലാഫത്തിലെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദി (അയ്യദഹു...)ന്റെ കീഴിൽ 198 രാജ്യങ്ങളിൽ ജമാഅത്ത് പ്രവർത്തനനിരതമാണ്. റസൂൽ തിരുമേനി(സ) ചെയ്ത വസിയ്യത്ത് പാലിക്കാൻ മുസ്‌ലിം സഹോദരന്മാർ ഈ ഖിലാഫത്ത് വ്യവസ്ഥയിലേക്ക് ബൈഅത്ത് ചെയ്ത് പ്രവേശിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇസ്‌ലാമിന്റെ ദൈവികവും ഐശ്വര്യപൂർണവുമായ പുനരുജ്ജീവനത്തിൽ ഭാഗഭാക്കാവാൻ ദൈവം നമ്മെ തുണക്കട്ടെ.

# ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന്റെ റസൂൽ: അഹ്മദിയ്യത്തിന്റെ ആഗോളവിജയം സുനിശ്ചിതം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



*ഹദ്റത്ത് മസീഹ് മൗഊദ് (അ) 'നുസൂലുൽ മസീഹ്' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു. "അല്ലാഹുവും തന്റെ റസൂൽമാരും എപ്പോഴും വിജയിക്കുമെന്നത് അല്ലാഹു എഴുതി വെച്ച അലംഘനീയമായ വിധിയാകുന്നു. ഞാൻ അല്ലാഹുവിന്റെ റസൂൽ അഥവാ അയക്കപ്പെട്ടവനാണ്. പുതിയ ഒരു ശരീഅത്തോ പുത്തൻവാദമോ പുതിയ നാമമോ എനിക്കില്ല. ഖാത്തമുൽ അമ്പിയാ ആയ തിരുനബി(സ)യുടെ നാമം സ്വീകരിച്ചുകൊണ്ട് ആ മഹാത്മാവിന്റെ പ്രതിബിംബമായാണ് ഞാൻ വന്നിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ആദമിന്റെ കാലം മുതൽ തിരുനബി (സ)യുടെ കാലം വരെ ഈ ആയത്തിന്റെ ആശയം സത്യമായി പുലർന്നതുപോലെ എനിക്കുവേണ്ടിയും ഇത് സത്യമായി പുലരുന്നതാണ്."* ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) പരാമർശിക്കുന്ന ആയത്ത് സൂറത്തുൽ മുജാദിലയിലെ **'ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു' (58:22)** എന്ന ആയത്താണ്.

ആ മഹാത്മാവ് ഒരു ശരീഅത്തുമില്ലാത്ത, അല്ലാഹുവിന്റെ റസൂലാണ്. ഖാത്തമുൽ അമ്പിയാ ആയ റസൂൽ (സ)യെ അനുധാവനം ചെയ്തുകൊണ്ടാണ് ആ മഹാത്മാവ് പ്രവാചകനായത്. പാകിസ്താനിലെ അഹ്മദികളെ സംബന്ധിച്ചും ഇന്തോനേഷ്യയിലെ അഹ്മദികളെക്കുറിച്ചും പറയുകയാണെങ്കിൽ,

**(13–05–2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ)വെച്ച് നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)**

അവർ അക്രമണത്തിന്റെ ചക്കിലിട്ട് ആട്ടപ്പെടുന്നതു തന്നെ ഇവർ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ നബി എന്ന് പറയുന്നതുകൊണ്ടും മനസ്സിലാക്കുന്നതു കൊണ്ടുമാണ്. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്) എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രവാചകനാണ്. നമ്മെ സംബന്ധിച്ച് എതിരാളികൾ ആരോപിക്കുന്നത്, നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവസാന നബിയായി അംഗീകരിക്കുന്നു എന്നാണ്. എന്നാൽ തിരുനബി (സ) അല്ലാതെ മറ്റാരെങ്കിലും അവസാന ശരീഅത്തീ നബിയാകുമെന്ന് ഒരഹ്മദിക്ക് ഊഹിക്കാൻ പോലും സാധ്യമല്ല. അതേപോലെ തിരുനബി(സ)യെക്കാളും വലിയ സ്ഥാനം മറ്റാർക്കെങ്കിലും ഉണ്ടാകുമെന്നും അവർക്ക് കരുതാൻ കഴിയില്ല. തിരുനബി (സ) ഖാത്തമുന്നബിയ്യീനാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ മഹാത്മാവിനെ അനുധാവനം ചെയ്തതുകൊണ്ടാണ് നുബൂവ്വത്ത് ലഭിച്ചത്. അതു കൊണ്ട് അദ്ദേഹം നബിയുല്ലാഹ് ആകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നബിയുല്ലാഹ് എന്ന് നാം അംഗീകരിക്കുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ യഥാർഥ വിജയം അതിന്റെ പുനർജനനം അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം മുഖേന ആയിരിക്കും എന്ന നമ്മുടെ വാദവും പൊള്ളയായിരിക്കും. കാരണം വിജയത്തെക്കുറിച്ചുള്ള അല്ലാഹുവിന്റെ വാഗ്ദാനം റസൂലുമായാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. മുകളിലെ ആയത്തിൽ അത് പരാമർശിച്ചിട്ടുണ്ട്. ഏതെങ്കിലും മുജദ്ദിദുമായോ മുസ്‌ലിഹുമായോ അത് ബന്ധപ്പെടുത്തിയിട്ടില്ല. അതുകൊണ്ടാണ് തിരുനബി (സ) തന്റെ ഉമ്മത്തിനോട് മസീഹും മഹ്ദിയും ആഗതരായിക്കഴിഞ്ഞാൽ മഞ്ഞുമലയിൽ മുട്ടുകുത്തിയെങ്കിലും പോയി എന്റെ സലാം എത്തിക്കണമെന്ന് വസിയ്യത്ത് ചെയ്തിരിക്കുന്നത്. അഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ വിശ്വസിച്ചിരിക്കുന്നത് അല്ലാഹുവിലും തിരുനബി(സ)യിലുമുള്ള വിശ്വാസം ശക്തിപ്പെടുത്തുന്നതിനും ഇസ്‌ലാമിന്റെ വിജയത്തിന്റെ ദൃശ്യം ദർശിക്കുന്നതിനും വേണ്ടിയാണ്.

മറ്റൊരു കാര്യം നാം ഓർമവെക്കേണ്ടത് മസീഹ് മൗഊദ് (അ) നബിയല്ലെങ്കിൽ പിന്നെ ഖിലാഫത്തും ഉണ്ടാകുന്നതല്ല. എന്നതാണ്. കാരണം ഖിലാഫത്ത് നുബുവ്വത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഖിലാഫത്ത് നുബുവ്വത്തിന്റെ മാർഗത്തിലാണ് ഉണ്ടാകേണ്ടത്. വാഗ്ദത്ത മസീഹ് ഖാത്തമുൽ ഖുലഫാ

അ് ആകുന്നു. ഖാത്തമുൽ ഖുലഫാത്ത് ആയതുകൊണ്ടാണ് നബി എന്ന പദവി ലഭിച്ചത്. ആ മഹാത്മാവ് മുഖേന ഖിലാഫത്തിന്റെ ശൃംഖല ഇവിടെ തുടങ്ങുകയായി. ജമാഅത്തിൽ നടന്നുവരുന്ന ഒരു തുടർച്ചയാണിത്. ഖിലാഫത്ത് നമുക്കുണ്ടെന്നത് തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നബിയാണെന്ന് അംഗീകരിച്ചതുകൊണ്ടാണ്. അതിൽ നാം അടിയുറച്ച് വിശ്വസിക്കുന്നു.

ഒരിക്കൽ കുറച്ചുപേർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അടുത്ത് ബൈഅത്ത് ചെയ്യാൻ ഒരുമിച്ചു കൂടി. അവരുടെ വിശ്വാസദൃഢീകരണത്തിനായി പല ഉപദേശങ്ങളും ആ മഹാത്മാവ് നല്കുകയുണ്ടായി. നിങ്ങളുടെ ബൈഅത്തിനെ ഭൗതികമായ ഒരു നേട്ടവുമായും ബന്ധപ്പെടുത്തരുതെന്നും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും അദ്ദേഹം ഉപദേശിച്ചു. അദ്ദേഹം പറഞ്ഞു: അല്ലാഹു ഇതിനൊന്നും പ്രതിഫലം നല്കാതെ വിട്ടുകളയുകയില്ലെന്ന് നിങ്ങൾക്ക് ബോധ്യമാകും. ബൈഅത്ത് ചെയ്ത് പരിഭ്രമിക്കരുത്. പ്രയാസങ്ങൾ വരും. ഒരു യഥാർഥ വിശ്വാസി മെല്ലെ മെല്ലെ പ്രതിയോഗിക്കുമേൽ വിജയം കൈവരിക്കുന്നതാണ്. കാരണം '**ഞാനും എന്റെ പ്രവാചകനും വിജയിക്കും**' എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. "നമ്മുടെ വിജയത്തിനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ ജ്ഞാന സമ്പാദനം, അല്ലാഹുവിന്റെ മഹത്വം അറിയൽ, അഞ്ചുനേരനമസ്ക്കാരം അനുഷ്ഠിക്കൽ എന്നിവയാണ്. നമസ്ക്കാരം ദുആ സ്വീകാര്യതയുടെ താക്കോലാണ്. നമസ്കരിക്കുമ്പോൾ അതിൽ തന്നെ പ്രാർഥിക്കുക. അശ്രദ്ധരായിക്കഴിയരുത്. സ്രഷ്ടാവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും പാലിക്കുക.

എന്താണ് ഇസ്തിഗ്ഫാർ? തന്റെ മുമ്പും പിമ്പുമുള്ള എല്ലാതരം പാപങ്ങളും പൊറുത്തുതരാനുള്ള തേട്ടമാണ് ഇസ്തിഗ്ഫാർ. അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരാനുള്ള തേട്ടം. തന്മൂലം തിന്മകളിൽ നിന്ന് രക്ഷപ്പെടാനാവുന്നതാണ്. തൗബ ചെയ്യുന്നയാൾ ചെയ്തുകൊണ്ടിരിക്കുന്ന ദുഷ്പ്രവർത്തനങ്ങളിൽ വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് അതിൽ നിന്നും വിട്ടുനിൽക്കുമെന്നുള്ള അടിയുറച്ച, അചഞ്ചലമായ തീരുമാനം എടുക്കുകയും അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് ആ തീരുമാനത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക. ഒരുവിധ പ്രതിബന്ധവും അതിൽ നിന്നും ഇളക്കി മാറ്റരുത്.

മതവിജ്ഞാനം കരസ്ഥമാക്കുന്നതിൽ പ്രമുഖസ്ഥാനം വിശുദ്ധ ഖുർആനാണുള്ളത്. പിന്നീട് ഹദീസുകളും ഇക്കാലത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളാണ് അടുത്തത്. വിവിധ അദ്ധ്യാപന ങ്ങളും നിർദേശങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇവയെല്ലാം തന്നെ ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളുടെ മഹത്ത്വം ലോകത്ത് തെളിവുകൾ മുഖേന സ്ഥാപിച്ചുകാണിക്കുന്നതാണ്.

മറ്റൊരു കാര്യം അല്ലാഹുവിന്റെ മഹത്ത്വം മനസ്സിലാക്കുക എന്നതാണ്. സർവത്തിന്റെയും സ്രഷ്ടാവ് അല്ലാഹുവാണെന്നും, ആവശ്യങ്ങളെല്ലാം പൂർത്തിയാക്കുന്നവൻ അവനാണെന്നും, ആകാശഭൂമിയിലുള്ളതിനെയെല്ലാം അല്ലാഹുവിന്റെ സമ്പൂർണമായ അറിവ് വലയം ചെയ്തിരിക്കുന്നുവെന്നും അവനാണ് നമ്മുടെ നാഥനെന്നും ജീവിതവും മരണവും അവന്റെ കൈകളിലാണെന്നും അവന് എല്ലാകഴിവുകളുമുണ്ടെന്നും അടിയുറച്ച് വിശ്വസിക്കുക എന്നതാണ്. അവൻ എല്ലാ സ്ഥലത്തുമുണ്ട്. ഓരോ നിമിഷവും അവൻ നമ്മെ കാണുന്നുണ്ട്. ഇങ്ങനെയുള്ള ദൃഢബോധമുള്ള ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ തൃപ്തിക്കും ഇഷ്ടത്തിനും വിരുദ്ധമായ ഒന്നും പ്രവർത്തിക്കാൻ കഴിയുകയില്ല. അല്ലാഹുവിന്റെ ഈ മഹത്ത്വം ഹൃദയത്തിൽ സ്ഥാപിതമായിക്കഴിഞ്ഞാൽ അഞ്ചുനേര നമസ്ക്കാരത്തിലേക്കും ദുആയിലേക്കും ശ്രദ്ധയുണ്ടായിത്തീരും. അല്ലാഹുവിന്റെ സമീപത്തേക്ക് എത്തിക്കുന്ന പ്രാർഥനയാണ് യഥാർഥത്തിൽ നമസ്കാരം. നമസ്കാരം വളരെ ഭംഗിയായി അനുഷ്ഠിക്കണമെന്നും കൃത്യസമയത്ത് അനുഷ്ഠിക്കണമെന്നതും വിശുദ്ധ ഖുർആന്റെ കൽപനയാണ്. അല്ലാഹുവുമായിട്ടുള്ള ഈ സുദൃഢ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ദൃഢജ്ഞാനം കൈവരികയും ചെയ്യുന്നതാണ്. അത് ശക്തി പ്രാപിക്കുകയും ചെയ്യുന്നതാണ്.

ജമാഅത്ത് അതിശക്തമായ എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഒരു മനുഷ്യന്റെ പ്രസ്ഥാനമായിരുന്നെങ്കിൽ ഒരടി മുന്നോട്ട് വെക്കുന്നതിരിക്കട്ടെ ഒരു നിമിഷം പോലും ജീവിച്ചിരിക്കുക എന്നത് അസാധ്യമായി വന്നേനെ. ഇവിടെ സഹായത്തെക്കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനങ്ങളുണ്ട്. എല്ലാ തടസ്സങ്ങളുണ്ടായിട്ടും എതിർപ്പുകൾ അതിശക്തമായിരുന്നിട്ടും ജമാഅത്ത് വിജയപന്ഥാവിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

അല്ലാഹു ഇൽഹാമുകളിലൂടെ വാഗ്ദത്ത മസീഹിന് ഈ വിജയങ്ങളെക്കുറിച്ചുള്ള സുവാർത്തകൾ നൽകുകയുണ്ടായി. ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

പ്രവാചകനോ അദ്ദേഹത്തിന്റെ ജമാഅത്തോ അല്ലാഹുവിന്റെ വിജയവാഗ്ദാനം ലഭിച്ചതിന് ശേഷം എല്ലാം ഉപേക്ഷിച്ച് കൈയും കെട്ടി ഇരുന്ന ചരിത്രം ലോകത്ത് ഉണ്ടായിട്ടില്ല. തിരുനബി (സ)യെക്കാളും അല്ലാഹുവിന് ഇഷ്ടം മറ്റാരോടാണുണ്ടാകുക. എന്നാൽ കൈസർ കിസ്രാ സാമ്രാജ്യങ്ങളുടെ പതനത്തെക്കുറിച്ച് തിരുനബി(സ)ക്ക് അല്ലാഹു സുവാർത്ത നൽകിയിട്ടും തിരുനബി(സ)യുടെ സഹാബാക്കൾ അതിനായി പരിശ്രമിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. അവരുടെ കൊട്ടാരങ്ങളെ ഇളക്കിമറിച്ചു. അവരുടെ സാമ്രാജ്യത്തെ തകർത്ത് തരിപ്പണമാക്കി മാറ്റി. അവർ കഠിനാധ്വാനവും ത്യാഗങ്ങളും ചെയ്തതിനാലാണ് ഈ വിജയങ്ങൾ അവർക്ക് ലഭിച്ചത്. അത് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തി.

ഭൗതികമായ അധികാരശക്തികളും ആൾബലവും ഈ രാജാക്കന്മാരുടെ കൈവശമാണുള്ളതെങ്കിലും ഇതൊന്നും തന്നെ നമ്മെ തകർക്കാൻ കഴിയില്ലെന്നവർക്കറിയാമായിരുന്നു. കാരണം ഈ വിജയം ലഭിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നാം പരിശ്രമിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നമ്മെ സഹായിക്കുന്നതാണ്. ആ പ്രവചനങ്ങൾ പൂർത്തിയാകേണ്ടത് തന്നെയായിരുന്നു. എന്നാൽ സഹാബത്ത് കരുതിയത് നമ്മുടെ കൈകളാൽ അത് പൂർത്തിയാകുകയാണെങ്കിൽ നാം അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരുന്നതാണെന്നാണ്. ഈ ഒരവസ്ഥയാണ് ഇന്ന് നാമും കൈവരിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് അല്ലാഹു ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ തീർച്ചയായും പുലരും എന്ന കാര്യത്തിൽ നാം അടിയുറച്ച് വിശ്വസിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ എത്രയോ പ്രവചനങ്ങളും വാഗ്ദാനങ്ങളുമുണ്ട്. തദ്കിറത്തുശ്ശഹാദത്തൈൻ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു. "ജനസമൂഹമേ! കേട്ടിരുന്നാലും. ഭൂമി

ആകാശങ്ങളെ സൃഷ്ടിച്ചവനിൽ നിന്നുള്ള പ്രവചനമാണിത്. അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ നാടുകളിലും വ്യാപിപ്പിക്കുന്നതാണ്. തെളിവുകളും സാക്ഷ്യങ്ങളും മുഖേന മറ്റെല്ലാത്തിനുമേലും ഇതിന് വിജയം നൽകുന്നതാണ്. ആ ദിനങ്ങൾ വരുന്നു. അല്ല സമീപസ്ഥമാണ്. ലോകത്ത് ആദരവോടുകൂടി സ്മരിക്കപ്പെടുന്ന ഒരേ ഒരു മതസരണി ഇതുമാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ പ്രസ്ഥാനത്തിലും അനിതരസാധാരണമായ രീതിയിലുള്ള അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്. ഇതിനെ നശിപ്പിക്കാനായി പരിശ്രമിക്കുന്ന ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതാണ്. ഈ വിജയം എപ്പോഴും നിലനിൽക്കുന്നതാണ്. ഖിയാമത്ത് വരുന്നതുവരെ." അല്ലാഹുവിന്റെ ഈ വാഗ്ദാനം തീർച്ചയായും പൂർത്തിയാകുന്നതാണ്.

> മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ഉദ്ദേശ്യമെന്താണെന്ന് മനുഷ്യൻ തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നതിന് വേണ്ടിയാണ് ഇടക്കിടക്ക് ഇവ്വിധ ആപത്തുകൾ അല്ലാഹു അയച്ചുകൊണ്ടിരിക്കുന്നത്.

ഇസ്‌ലാമിന്റെ വിജയം അഹ്മദിയ്യാ ജമാഅത്ത് ഒന്നുമുഖേന മാത്രമേ ഉണ്ടാകുകയുള്ളൂ. തീർച്ചയായും ഇത് ഉണ്ടാകുക തന്നെ ചെയ്യും. ഇന്ന് 198 രാഷ്ട്രങ്ങളിൽ ജമാഅത്തിന്റെ പ്രാതിനിധ്യം ഉണ്ട്. ലോകത്തിലെ എല്ലാ നാടുകളിലും ഏതെങ്കിലും രീതിയിൽ ജമാഅത്ത് അറിയപ്പെട്ടിരിക്കുന്നു. ലോകത്ത് ഇസ്‌ലാമിനു വേണ്ടി അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ച അല്ലാഹു പ്രവചനത്തിന്റെ അടുത്ത ഭാഗത്തെയും പുലർത്തികാണിക്കുന്നതാണ്. അഹ്മദിയ്യത്തിന്റെ എതിരാളികൾ പോലും നമ്മുടെ സന്ദേശം എത്തിക്കുന്നവരായിത്തീരുന്നു. ഈ എതിർപ്പുകൾ കാരണം നന്മയുള്ള മനസ്സുകളിൽ അഹ്മദിയ്യത്തിനെക്കുറിച്ച് അറിയാനുള്ള താൽപര്യം വർധിച്ചുവരുന്നു. ജനങ്ങളെ അഹ്മദിയ്യത്തിൽ നിന്ന് അകറ്റാൻവേണ്ടി ഇവർ ബാഹ്യമായി പരിശ്രമിക്കുന്നുണ്ടെങ്കിലും നന്മയുള്ള മനസ്സിന്റെ ഉടമസ്ഥർക്ക് ഇതിലേക്ക് താൽപര്യം ജനിക്കുകയാണ് ചെയ്യുന്നത്. മൗലവിമാരും പണ്ഡിതസമൂഹവും എം.ടി.എ കാണരുതെന്ന് ജനങ്ങളോട് പറയുന്നു. ഇത് കണ്ടാൽ നിങ്ങളുടെ ഈമാൻ നഷ്ടപ്പെടുമെന്നും അവരുടെ കുഫ്‌റിലും വഞ്ചനയിലും നിങ്ങളും കുടുങ്ങിപ്പോകുന്നതാണെന്നും അവർ ഭയപ്പെടുത്തുന്നു. എന്നാൽ സത്യം വെളിപ്പെട്ടവർ പറയുന്നത് അഹ്മദിയ്യത്ത് തെറ്റാണെങ്കിൽ തെളിവുകൾ മുഖേന നേരിടുക എന്നാണ്. ശക്തി ഉപയോഗിച്ച് ഇതിനെ തടയുന്നതിന്റെ അർഥം നിങ്ങളുടെ കൈവശം തെളിവുകളൊന്നും ഇല്ല എന്നതുകൊണ്ടാണെന്ന് തെളിയുന്നു.

സ്രഷ്ടാവിനോടുള്ള കടമകൾ നിറവേറ്റുന്നതിൽ നിഷ്കളങ്കമായി നമുക്ക് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സമസൃഷ്ടികളോടുള്ള കടമാപാലനത്തിൽ നമ്മുടെ ആഗ്രഹാഭിലാഷങ്ങളെല്ലാം മാറ്റിവെച്ചുകൊണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദഅ്‌വത്തെ ഇലല്ലാഹ് പ്രവർത്തനത്തിനായി നമ്മുടെ ശക്തിയും അറിവും പരിശ്രമവും വിനിയോഗിച്ചുകൊണ്ട് കൂടുതലായി പങ്കാളികളാകേണ്ടതാണ്. അപ്പോൾ മാത്രമേ ഈ മഹത്തായ പദ്ധതിയിൽ നിന്നും ഉത്തമമായ അനുഗ്രഹങ്ങളിൽ നിന്നും ഫലമെടുക്കുന്നവരായിത്തീരുകയുള്ളൂ.

ഇന്ന് മുസ്‌ലിംകളിൽ അസ്വസ്ഥത കണ്ടുവരുന്നു. ദീനിനെ സഹായിക്കാനുള്ള താൽപര്യം ചിലരിൽ ദൃശ്യമാണ്. എന്നാൽ വഴികാട്ടാൻ ആളുകളില്ല. യഥാർഥ വഴി ഏതെന്ന് അവർക്കറിയില്ല. അങ്ങനെ നിരാശ അവരെ പിടികൂടുന്നു. ഈ നിരാശ അസ്വസ്ഥതയെ വർധിപ്പിക്കുകയും അതവരെ തെറ്റായ മാർഗം അവലംബിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

നിരാശയെ അവസാനിപ്പിക്കണമെങ്കിൽ ഈ മസീഹ് മഹ്ദിയുടെ തണലിൽ വന്നുകൊണ്ട് അദ്ദേഹവുമായി ബന്ധപ്പെടുക. അദ്ദേഹമാണ് അല്ലാഹുവിന്റെ സഹായം ലഭിച്ച വ്യക്തി. അദ്ദേഹത്തെയാണ് നിങ്ങൾ കാത്തിരിക്കുന്നത്. ഇതിനെക്കുറിച്ച് ചിന്തിക്കുക. നോക്കുക. എല്ലാ ശക്തികളും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശബ്ദത്തെ ഒതുക്കാൻ ഒറ്റക്കെട്ടായിരിക്കുകയാണ്. കഴിഞ്ഞ നൂറു വർഷത്തിൽ കൂടുതലായി ഇതിനു വേണ്ടി എല്ലാവരും ഒന്നിച്ചിട്ട്. എന്നാൽ ഈ ശബ്ദത്തെ നിശബ്ദമാക്കാൻ ഇവർക്ക് കഴിഞ്ഞോ?. ഈ ശബ്ദം ലോകത്തിന്റെ കോണുകളിൽ അതിമഹത്തായ രീതിയിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ശബ്ദം ലോകം മുഴുവൻ മുഴങ്ങിക്കൊണ്ടിരിക്കുന്നതാണ്.

തനിക്ക് വേണ്ടി ദൈവ ദൃഷ്ടാന്തമായി വെളിപ്പെടുന്ന ഭൂകമ്പങ്ങളെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. 'ഓർക്കുക. ഈ അടയാളങ്ങൾക്ക് ശേഷം ഇത് നിന്നുപോയെന്ന് കരുതരുത്. വിവിധങ്ങളായ അടയാളങ്ങൾ ഒന്നിനുശേഷം ഒന്നായി വെളിപ്പെടുന്നതാണ്. എത്രമാത്രമെന്നാൽ മനുഷ്യന്റെ കണ്ണുകൾ തുറക്കുന്നതാണ്. അവൻ അദ്ഭുതപ്പെട്ടുകൊണ്ട് ചോദിക്കും ഇത് എന്താണ് നാം കാണുന്നതെന്ന്. വരുന്ന ഓരോ ദിവസവും കഠിനതരവും മുമ്പത്തെക്കാൾ മോശവും ആയിരിക്കും. അല്ലാഹു പറയുന്നു. ഞാൻ അതിഭയാനകമായ കാര്യങ്ങൾ കാണിക്കുന്നതാണ്. ജനങ്ങൾ തങ്ങളുടെ ആത്മപരിഷ്കരണം വരുത്താത്തിടത്തോളം കാലം ഇത് അവസാനിക്കുകയില്ല. ഇന്ന് ലോകത്തുള്ള എല്ലാ നാടുകളും പ്രകൃതി വിപത്തിന്റെ പിടിയിലാണ്. ഈ ആപത്തുകൾക്കും ഭൂകമ്പങ്ങൾക്കും പ്രത്യേകമായ ബന്ധമുണ്ട് എന്ന് ഓർത്തിരിക്കേണ്ടതാണ്. അതുകൊണ്ട് ലോകരെ ജാഗ്രതപ്പെടുത്തുക എന്നത് ഓരോ അഹ്മദിയുടേയും കടമ കൂടിയാണ്.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ഉദ്ദേശ്യമെന്താണെന്ന് മനുഷ്യൻ തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നതിന് വേണ്ടിയാണ് ഇടക്കിടക്ക് ഇവ്വിധ ആപത്തുകൾ അല്ലാഹു അയച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾ ഇതിലേക്ക് ശ്രദ്ധതിരിക്കുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ആപത്തുകൾ വന്നുകൊണ്ടേയിരിക്കുന്നതാണ്. ജനങ്ങളെ ഉണർത്തേണ്ട ജോലി ഇന്ന് നമ്മുടേതാണ്.

ചില മുസ്‌ലിം നാടുകളിലും

ശരീഅത്ത്നിയമവും രാഷ്ട്ര നിയമവും (തുടർച്ച)

# മതനിയമങ്ങൾ ഭരണ നിയമങ്ങളാക്കാൻ സാധ്യമല്ല

സൂരിനാമിലെ മതാന്തരീയ ചർച്ചാ വേദിയുടെ ആഭിമുഖ്യത്തിൽ 1993 ജൂൺ 3-ാം തീയതി സംഘടിപ്പിച്ച പ്രഭാഷണത്തിന് ഒടുവിൽ നടന്ന ചോദ്യോത്തരമാണിത്. മതങ്ങൾ രാഷ്ട്രീയത്തിലും രാഷ്ട്രീയം മതത്തിലും ഇടപെടാൻ പാടില്ല എന്ന സെക്കുലർ തത്ത്വമാണ് പാലിക്കപ്പെടേണ്ടതെന്നും എല്ലാവർക്കും സ്വീകാര്യമായ കേവല നീതിയായിരിക്കണം ഭരണത്തിന്റെ അടിസ്ഥാനമെന്നും ഖലീഫത്തുൽ മസീഹ് റാബിഅ് വ്യക്തമാക്കുന്നു. കഴിഞ്ഞ ലക്കം തുടർച്ച

**ചോദ്യം:** ശരീഅത്തിനെ സംബന്ധിച്ച് പാശ്ചാത്യലോകത്ത് ചില പ്രത്യേക രീതിയിലുള്ള ആശയക്കുഴപ്പമുണ്ട്... ശരീഅത്ത് രാഷ്ട്ര നിയമമാക്കാമോ?

**ഉത്തരം:** ഒരു പ്രത്യേക ഉത്തരം പ്രതീക്ഷിച്ചുകൊണ്ട് താങ്കൾ ഈ ചോദ്യം ചോദിച്ചതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. പക്ഷേ അത്തരം ചോദ്യങ്ങൾ നാം ഇവിടെ ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പരിധിക്കപ്പുറമുള്ളതാണ്.

നാം ഇവിടെ ചർച്ച ചെയ്യുന്നത് ഒരു മതനിയമം ഒരു രാജ്യത്തെ രാഷ്ട്രനിയമമായി കൈക്കൊള്ളാൻ സാധ്യമാകുമോ എന്ന പ്രശ്നമാണ്. ഏതെങ്കിലും ഒരു രാജ്യത്ത് ഏതെങ്കിലും ഒരു മതനിയമത്തെ അങ്ങനെ പരിവർത്തിപ്പിക്കാൻ സാധിക്കുമോ? -ഞാൻ വിശ്വസിക്കുന്നത് അത് സാധ്യമല്ല എന്നാണ്. നിങ്ങൾ ദൈവത്തിന്റെ പേരിൽ എത്ര സത്യസന്ധമായും വികാരവായ്പോടെയും ആഗ്രഹിച്ചാലും ശരി അത് നടപ്പാക്കാൻ സാധ്യമല്ല. നമ്മുടെ സമൂഹം മതത്തിൽ നിന്നും വളരെദൂരം അകന്നിരിക്കുന്നു. നാം കപടനാട്യക്കാരായി മാറിയിരിക്കുന്നു. മനുഷ്യസമൂഹത്തിൽ സർവത്ര കാപട്യം നിറഞ്ഞിരിക്കുന്നു. രാഷ്ട്രീയത്തിലും സമൂഹത്തിൽ എവിടെയും കാപട്യമാണ്. കാപട്യത്തിനടിയിൽ ഒരിക്കലും സത്യം കിളിർക്കില്ല. ദൈവവചനങ്ങൾക്ക് വേര് പിടിക്കാനും സാധ്യമല്ല. ഇതാണ് മുഖ്യ പ്രശ്നം.



**ഒരു ഭരണകൂടം എന്ന നിലക്ക് നിങ്ങളുടെ ഉത്തരവാദിത്ത്വങ്ങൾ നിർവഹിക്കുമ്പോൾ മനസ്സിൽ കേവലം നീതി മാത്രമായിരിക്കണംഉണ്ടായിരിക്കേണ്ടത്. കേവലനീതി എന്നത് ഒരു ഗവൺമെന്റിന്റെ കേന്ദ്രതത്ത്വമായി സ്ഥാപിക്കപ്പെടുമ്പോൾ എങ്ങനെയാണ് ഇസ്ലാമിക നിയമം അമുസ്ലിംകളിൽ അടിച്ചേൽപ്പിക്കാൻ കഴിയുക.**

**ചോദ്യം:** പഴയകാലത്തെ ഒരു നിയമം ആധുനിക കാലത്ത് പ്രയോഗിക്കാൻ കഴിയില്ല എന്നാണ് എനിക്ക് തോന്നുന്നത്. വിശദീകരിക്കാമോ?

**ഉത്തരം:** ഞാൻ ഈ പ്രശ്നം ആഴത്തിൽ പഠിച്ചിട്ടുണ്ട്. ഞാൻ വിശ്വസിക്കുന്നത് മതം സ്ഥായിയായതും സാർവത്രികവുമാണെന്നാണ്. അതിന്റെ തത്ത്വങ്ങളെല്ലാം മനുഷ്യന്റെ അന്തഃകരണവുമായി അഗാധബന്ധമുള്ളതാണ്. മനുഷ്യന്റെ അന്തഃകരണ പ്രകൃതിക്ക് മാറ്റമില്ല. വാസ്തവത്തിൽ ഈ മനുഷ്യപ്രകൃതിയെപ്പറ്റിയാണ് ഖുർആൻ പറഞ്ഞത്. അത് 'ദീനുൽ ഫിത്റ' ആണെന്നും അതിന്റെയർഥം മനുഷ്യന്റെ പ്രകൃതിക്ക് അനുയോജ്യമായ നിയമം അല്ലെങ്കിൽ വിശ്വാസം ആണ് അതെന്നാണ്. മാത്രമ

അഹ്മദികൾക്ക് വിലക്കുണ്ട്. നിരോധനമുണ്ട്. അവിടെ പരസ്യമായി തബ്ലീഗ് ചെയ്യാൻ, സന്ദേശമെത്തിക്കാൻ നമുക്ക് കഴിയില്ല. മുസ്ലിം നാമധാരികളായ ഉലമാവർഗം സന്ദേശം കേൾക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുന്നു. ഒരു മാർഗം അടഞ്ഞാൽ മറ്റൊരു മാർഗം നാം അവലംബിക്കേണ്ടതുണ്ട്. ഒരു പ്രദേശത്ത് നിർത്തലാക്കിയാൽ ഒരു രാജ്യത്ത് തടഞ്ഞാൽ മറ്റു നാടുകളിലേക്ക് ശ്രദ്ധ തിരിക്കേണ്ടതാണ്. ഈ നാടുകളിൽ നേരിട്ട് അഹ്മദികൾക്ക് തബ്ലീഗ് ചെയ്യാൻ അനുവാദമില്ലെങ്കിൽ എം.ടി.എ മുഖേന അതിനുള്ള സഹായവും അല്ലാഹു ഒരുക്കിയിരിക്കുന്നു.

മുസ്ലിംകളെല്ലാം ഒരേയൊരു ദീനിൽ ഒരുമിച്ചുകൂടും എന്നത് അല്ലാഹു വിധിച്ചു കഴിഞ്ഞ കാര്യമാണ്. എന്ത്കൊണ്ട് ഉടനെ അത് ഉണ്ടാകുന്നില്ല എന്ന തെറ്റിദ്ധാരണയിൽ ആരും അകപ്പെടരുത്. ആ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. മുസ്ലിംകളിൽ നിന്ന്തന്നെ വിവിധ ഗ്രൂപ്പുകളിൽപെട്ടവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രസ്ഥാനത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മുസ്ലിം നാടുകളിൽ മൂന്നാംകിട പൗരന്മാരെപോലെ അഹ്മദികളോട് പെരുമാറുന്നത് കൊണ്ട് ഈ നാട്ടിലെ മുസ്ലിംകൾ എങ്ങനെയാണ് ഇതിൽ പ്രവേശിക്കുക എന്ന ചിന്തക്കൊന്നും മനസ്സിൽ സ്ഥാനം നൽകേണ്ട ആവശ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ഇത് അല്ലാഹുവിന്റെ വിധിയാണ്. ഇത് തീർച്ചയായും നടക്കുകതന്നെ ചെയ്യും. ഇന്ന് നമുക്ക് പ്രയാസങ്ങൾ ഏൽക്കേണ്ടി വരുന്നുണ്ട് എന്നത് ശരിതന്നെ. മുസ്ലിംകൾതന്നെയാണ് നമ്മെ ബുദ്ധിമുട്ടിപ്പിക്കുന്നത്. എന്നാൽ ഇവരിൽ നിന്ന് തന്നെ സ്നേഹത്തിന്റെ കണ്ണീർ തുള്ളികൾ ഇറ്റിറ്റുവീഴുന്നതാണ്. ഇൻശാ അല്ലാഹ് ഈ കാഴ്ച നമുക്ക് കാണാൻ സാധിക്കുന്നതാണ്.

ഈ സുവാർത്തകൾ ഇസ്ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. നമ്മുടെ ജോലി നമ്മുടെ വിശ്വാസം മുമ്പത്തേക്കാളുപരി സുദൃഢമാക്കികൊണ്ട് മുന്നേറുക എന്നതാണ്. നമ്മുടെ ആരാധനകളെ അധികരിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവുമായുള്ള നമ്മുടെ ബന്ധത്തെ വർധിപ്പിക്കുക. മസീഹ് മൗഊദ് (അ) മുഖേന ഇസ്ലാമിന്റെ പുനർജനനം നടക്കേണ്ടതിൽ സഹായികളായിത്തീരുക. ഈ പുനർജനനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

വിവ. എം. നാസിർ അഹ്മദ്

ല്ല ഖുർആൻ പറയുന്നു **'ലാ തബ്ദീല ലിഖൽക്കില്ലാ'** എന്ന്. അതിനർഥം അല്ലാഹു ഏതൊരു പ്രകൃതിയിൽ നിങ്ങളെ സൃഷ്ടിച്ചുവോ ആ പ്രകൃതി നിങ്ങൾ കൈക്കൊള്ളുക എന്നാണ്. ഒരുകാര്യം ചെയ്യാനും ചെയ്യാതിരിക്കാനുമുള്ള സഹജമായ പ്രവണതയും മനുഷ്യന്റെ പ്രകൃതിയോട് സാമഞ്ജസ്യമുള്ളതായി നിൽക്കുന്നു. അങ്ങനെവരുമ്പോൾ മനുഷ്യപ്രകൃതിയിൽ രൂഢമൂലമായ ഏതൊരു നിയമവും സാർവത്രിക നിയമമായിരിക്കും. അവ സനാതനവുമായിരിക്കും. പക്ഷേ വിശുദ്ധ ഖുർആൻ ഇവിടംകൊണ്ട് മതിയാക്കുന്നില്ല.

എല്ലാ മതങ്ങളും അതിന്റെ രൂപീകരണഘട്ടത്തിലും അതിന്റെ വികാസഘട്ടത്തിലും അടിസ്ഥാനപരമായി ഒരേ തത്ത്വംതന്നെയാണ് പ്രബോധിച്ചിരുന്നത്. മനുഷ്യപ്രകൃതിയുമായി ബന്ധപ്പെട്ട അടിസ്ഥാനതത്ത്വങ്ങളാണ് അവയെല്ലാം വഹിച്ചിരുന്നത്. ഇതിനെപറ്റി 'ദീനുൽ ഖയ്യിമ' എന്നു പറയുന്നു. എല്ലാ മതാദ്ധ്യാപനങ്ങളിലും മൂന്ന് പ്രത്യേകതകൾ നമുക്ക് കാണാൻ സാധിക്കും.

ഒന്നാമത്തേത്: ദൈവവുമായുള്ള നിങ്ങളുടെ ബന്ധം നല്ല നിലയിലാക്കുക. അവനോട് സത്യസന്ധനായിരിക്കുകയും അവനിൽ സമർപ്പിതനായിരിക്കുകയും ചെയ്യുക.

രണ്ടാമത്തേത്: അവനെ ആരാധിക്കുക. ഖുർആന്റെ വീക്ഷണത്തിൽ ആരാധനയെന്നാൽ വെറും അധരമാത്രമായ വ്യായാമമല്ല. ദൈവത്തിന്റെ ഗുണങ്ങൾ സമാർജിക്കുവാൻവേണ്ടിയുള്ള മനുഷ്യന്റെ പ്രയത്നംകൂടിയാണ് ആരാധന.

മൂന്നാമത്തേത്: മാനവപുരോഗതിയുടെ സേവനമാണ്. നിർധനർക്ക്വേണ്ടി സമ്പത്ത് ചെലവഴിക്കുക എന്നതാണ്.

വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ഈ മൂന്ന് അടിസ്ഥാനപ്രമാണങ്ങളും എല്ലാ മതങ്ങൾക്കും പൊതുവായുള്ള ഗുണങ്ങളാണ്. എന്നിരുന്നാലും കാലക്രമേണ വ്യാഖ്യാനവിപര്യയത്താൽ അവയിൽ പ്രക്ഷിപ്തങ്ങൾ കടന്നുകൂടി മാറ്റിത്തിരുത്തപ്പെടുകയുണ്ടായി. അതിനാൽ അതിന്റെ ശുദ്ധീകരണമെന്നത് മാറ്റിത്തിരുത്തിയത് വിപാടനം ചെയ്തുകൊണ്ടുള്ള ശുദ്ധീകരണമാണ്. പുതിയ ഒരു വിശ്വാസം കൊണ്ടുവരലല്ല. ഓരോ പ്രവാചകന്മാരുടെ ആഗമനത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. വളരെ സങ്കീർണമായ ഒരു വിഷയമാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. വിഷയവുമായി നേരിട്ട് ബന്ധമില്ലാത്തതുമാണ്. ഇത് സംബന്ധിച്ച് ഇത്രയും വിശദീകരണം മതി എന്ന് ഞാൻ വിചാരിക്കുന്നു.

**ചോദ്യം:** ഇസ്‌ലാമിക നിയമമോ മറ്റേതെങ്കിലും മതനിയമമോ അധികാരശക്തി കൊണ്ട് നടപ്പിലാക്കാൻ പറ്റുമോ?

**ഉത്തരം:** ഞാൻ പറയുന്നു പറ്റില്ല എന്ന്. കാരണം അത് മതത്തിന്റെ താൽപര്യത്തിന് കടകവിരുദ്ധമാണ്. വിശുദ്ധഖുർആൻ പറയുന്നു. **'ലാ ഇക്റാഹ ഫിദ്ദീൻ'** മതത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല. ഇത് തീർച്ചയായും വിശുദ്ധഖുർആന്റെ ഒരു പ്രസ്താവനയാണ്. അതോടൊപ്പംതന്നെ അതൊരു സാർവത്രിക സനാതനനിയമവുമാണ്. അതൊരിക്കലും മാറ്റപ്പെടുവാൻ പാടുള്ളതല്ല. ഒരു നിയമം എങ്ങനെയാണ് സാർവത്രികവും സനാതനവുമാവുന്നത് എന്നതിന്റെ ഉദാഹരണമാണിത്. വിശ്വാസത്തിൽ അല്ലെങ്കിൽ മതകാര്യങ്ങളിൽ യാതൊരുവിധ നിർബന്ധവും പാടില്ല എന്ന് ഖുർആൻ വ്യക്തമായി പറയുന്നു. നിർബന്ധം ഒരിക്കലും സാധ്യമല്ല. നിർബന്ധം ഒരിക്കലും അനുവദനീയവുമല്ല. അപ്പോൾ ഇവിടെ ഉദിക്കുന്ന ചോദ്യമിതാണ്. മറ്റു മതസ്ഥരും അതുപോലെ സ്വന്തം മതത്തിലെ മറ്റു വിഭാഗക്കാരും ഉണ്ടായിരിക്കെ ഒരു വിഭാഗം തങ്ങളുടെ നിയമങ്ങൾ സമൂഹത്തിനുമേൽ അടിച്ചേൽപ്പിക്കുമ്പോൾ ഈ ഖുർആൻ വചനം അതിനെതിരായി എപ്രകാരമാണ് നിലകൊള്ളുന്നത്. അന്യമതസ്ഥരിലെ ആളുകളിൽ മാത്രമല്ല ഇത് അടിച്ചേൽപ്പിക്കപ്പെടുന്നത്, ഇസ്‌ലാം മതത്തിലെ മറ്റു വിഭാഗക്കാർക്കിടയിലും ഇത് ബലാൽ ക്കാരരൂപത്തിൽ അടിച്ചേൽപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് ഒരു അടിസ്ഥാന പ്രശ്നമാണ്. അതുകൊണ്ട് നിർബന്ധപൂർവം അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നുംതന്നെ മതത്തിന്റെ ഉപകരണമല്ല. മതത്തിന്റെ യാതൊരുവിധ അംഗീകാരവും അതിനുണ്ടായിരിക്കുകയില്ല.

നിർബന്ധിക്കാനുള്ള അവകാശം നൽകപ്പെട്ട ഇസ്‌ലാമിലെ ഏക ആധികാരികവ്യക്തി ഇസ്‌ലാമിന്റെ വന്ദ്യസ്ഥാപകരായ പ്രവാചകൻ റസൂൽ തിരുമേനി (സ) യാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹമാണ് ഇസ്‌ലാമിന്റെ ജീവൽമാതൃക. ഒരിക്കൽ അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അവിടുത്തെ പത്നി ഹദ്റത്ത് ആയിശ (റ) ന്റെ പ്രതികരണം 'അവിടുന്ന് ജീവിക്കുന്ന ഖുർആൻ ആയിരുന്നു' എന്നാണ്. വാസ്തവത്തിൽ അന്യമതവിശ്വാസം മാറ്റിയെടുക്കാൻ ഏൽപ്പിക്കപ്പെട്ട ഒരേയൊരു വ്യക്തി മുഹമ്മദ് നബി (സ) ആയിരിക്കുകയും അദ്ദേഹത്തിന്ന് അധികാര ശക്തി ഉപയോഗിക്കാൻ അവകാശം നൽകപ്പെടുകയും ചെയ്തുവെങ്കിൽ, അത്തരത്തിൽ ശക്തി ഉപയോഗിച്ച് അദ്ദേഹം അന്യരുടെ മതവിശ്വാസം തിരുത്തുമായിരുന്നു. എന്നാൽ അദ്ദേഹത്തോട് പറയപ്പെട്ട കാര്യം വിശുദ്ധ ഖുർആൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. **'ഇന്നമാ അൻത മുദക്കിർ ലസ്ത അലൈഹിം ബിമുസൈത്ത്വിർ'** നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനൊന്നുമല്ല (പോലീസ് സൂപ്രണ്ടല്ല) (88:22). 'മുദക്കിർ' എന്നതിന്റെ അർഥം 'സൂപ്രണ്ട് ഓഫ് പോലീസ്' എന്നാണ്.

അധികാര ശക്തി മുഖേന നിർബന്ധം ചെലുത്താൻ സാധ്യമാവുകയില്ലെന്ന് മാത്രമല്ല അതിന് ദൈവത്തിൽ നിന്ന് അനുവാദവുമില്ല. അതിനേക്കാളുപരി രാജ്യത്തെ നിയമം അനുസരിക്കുന്നതിൽ ഒരു മുസ്‌ലിമിന് എന്താണ് തടസ്സം? അവൻ എന്തിന് മുഴുവൻ നിയമവും മാറാൻവേണ്ടി കാത്തിരിക്കണം?

മിക്കവാറും ഇസ്‌ലാമിലും ക്രിസ്തുമതത്തിലും ഹിന്ദുമതത്തിലും അവരവരുടെ മതപരമായ ഉണ്മക്ക് തടസ്സമില്ലാതെതന്നെ രാജ്യത്തെ നിയമം അനുസരിക്കാം. ആധുനിക രാഷ്ട്രീയ ചിന്തകന്മാരുടെ പൊതു തത്ത്വമനുസരിച്ച് മതം രാഷ്ട്രീയത്തിലോ രാഷ്ട്രീയം മതത്തിലോ ഇടപെടാൻ പാടില്ല എന്നാണ്. ഞാൻ ഇവിടെ പറഞ്ഞത് പരസ്പരം ഇടപെടലിനെക്കുറിച്ചാണ്. പരസ്പരം സഹകരണം പാടില്ല എന്നല്ല. സഹകരണം ഈ വിഷയത്തിന്റെ രണ്ടാമത്തെ ഭാഗമാണ്. ഒരു മതത്തിന്ന് അവരുടെ നിയമങ്ങൾക്കനുസരിച്ച് ജീവിക്കാൻ അനുവാദമുണ്ടെങ്കിൽ പിന്നെന്തിന് മതനിയമം രാജ്യത്തെ നിയമത്തെപ്പറ്റി ഉത്കണ്ഠപ്പെടണം.

പാകിസ്താനിൽ ശരീഅത്ത് നിയമം എങ്ങനെ പരാജയപ്പെട്ടു എന്നതിനെ സംബന്ധിച്ച് ഞാനൊരുദാഹരണം പറയാം. മരിച്ചുപോയ ജനറൽ സിയായുടെ ഭരണകാലത്താണ് ശരീഅത്ത് കോടതി സ്ഥാപിച്ചത്. ഒരു ക്രിമിനൽ കേസ് ചാർജ്ജ് ചെയ്ത് കഴിഞ്ഞാൽ അത് ശരീഅത്ത് കോടതിയിലോ സാധാരണ സിവിൽ കോടതിയിലോ ഫയൽ ചെയ്യാൻ പോലീസിനായിരുന്നു അധികാരം നൽകിയിരുന്നത്. എന്തായിരുന്നു ഫലമുണ്ടായതെന്ന് നിങ്ങളറിയുമോ? മുസ്‌ലിം ശരീഅത്ത് കോടതിയിൽ

വിചാരണ വളരെ കഠിനതരമായിരുന്നു. അതുകൊണ്ട് പോലീസിന് തങ്ങളുടെ കൈക്കൂലി സംഖ്യ വർധിപ്പിക്കാൻ കഴിഞ്ഞു എന്നതായിരുന്നു ഫലം. അതായത് കൈക്കൂലി ഇരട്ടി നൽകിയില്ലെങ്കിൽ ശരീഅത്ത് കോടതിയിൽ കേസ് ഫയൽ ചെയ്യുമെന്ന് പറഞ്ഞായിരുന്നു കക്ഷികളെ ഭീഷണിപ്പെടുത്തിയിരുന്നത്. ശരീഅത്ത് നിയമം പാസ്സാക്കിയതുകൊണ്ടുള്ള ആകെ ഫലം ഇതായിരുന്നു. ആയിരക്കണക്കിന് കുറ്റകൃത്യങ്ങളുടെ കേസുകൾ നടക്കുന്ന പാകിസ്താനിൽ ശരീഅത്ത് കോടതിയിൽ വിചാരണ നടത്തുന്നത് ഒന്നോ രണ്ടോ മൂന്നോ കേസുകളായിരിക്കും. അത്തന്നെ രാഷ്ട്രീയ സമ്മർദത്തിന്റെ ഫലമായിട്ടാണ്. ഏതെങ്കിലും ഒരു രാഷ്ട്രീയപ്പാർട്ടി തന്റെ എതിരാളിയെ ശിക്ഷിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത്തരം കേസുകൾ ശരീഅത്ത് കോടതിയാണ് കൈകാര്യ ചെയ്യുക. ഇതാണ് സത്യത്തിൽ പാകിസ്താനിൽ നടക്കുന്നത്. നമുക്കെങ്ങനെ അത് മാറ്റിയെടുക്കാനാവും?

**ചോദ്യം:** പുതിയ പ്രവാചകന്മാർ വരുമ്പോൾ നിയമങ്ങൾ മാറുന്നതിന്റെ കാരണമെന്താണ് ?

**ഉത്തരം:** ഒന്നാമത് ഈ സാമാന്യവൽക്കരണം കുറച്ച് കൂടിപ്പോയിരിക്കുന്നു. കാരണം നിങ്ങൾ മതചരിത്രം സൂക്ഷ്മമായി പഠിക്കുകയാണെങ്കിൽ എല്ലാ പ്രവാചകന്മാരും മുമ്പ് കടന്നുപോയ പ്രവാചകന്മാരുടെ വെളിപാടുകൾ മാറ്റുവാൻ വന്നവരല്ല. അവരിൽ മിക്കവരും നിയമം മാറ്റാൻവേണ്ടിയല്ല അതിനെ ശക്തിപ്പെടുത്താൻ വേണ്ടി വന്നവരാണ്. ഉദാഹരണത്തിന് നിങ്ങൾ ജൂതമതത്തിന്റെ ചരിത്രം പഠിക്കുകയാണെങ്കിൽ യേശുവിന്റെ കാലംവരെ പുതിയ യാതൊരു നിയമവും ഉണ്ടാവുകയോ പ്രാബല്യത്തിൽ വരികയോ ചെയ്തിട്ടില്ല. ആ നിയമങ്ങൾ ജനങ്ങളാണ് മാറ്റുകയോ ഉപേക്ഷിക്കുകയോ ചെയ്തത്. പ്രവാചകൻമാർ വന്ന് ആ നിയമങ്ങൾ പുനഃസ്ഥാപിക്കുകയാണ് ഉണ്ടായത്. പഴയ ഒറിജിനൽ നിയമത്തിന്റെ വെളിച്ചത്തിൽ അവർ ജനങ്ങളെ അത് പ്രാവർത്തികമാക്കുന്നവരായി മാറ്റുകയും ചെയ്തു. ജനങ്ങളെ അവ പ്രാവർത്തികമാക്കുന്നവരായി അതിനെ വ്യാഖ്യാനിക്കുകയാണ് പ്രവചാകന്മാർ ചെയ്തിട്ടുള്ളത്. നമുക്ക് വെളിപ്പെട്ട എല്ലാ മതങ്ങളുടെ ചരിത്രവും ഇത്തന്നെയാണ് പറയുന്നത്. ലോകത്തിലുള്ള പ്രമുഖമതങ്ങൾക്കെല്ലാം ചോദ്യകർത്താവ് ചോദിച്ചതിൽ നിന്ന് ഭിന്നമായ ഒരു ചരിത്രമാണ് കാണാൻ കഴിയുക. ഉദാഹരണത്തിന് ചൈനയെ എടുക്കുക. അവിടെ താവോ ഒരു മതാദ്ധ്യാപനവുമായിവന്നു. അതിൽ നിന്ന് ഒരു വള്ളിയോ പുള്ളിയോ പിന്നീട് വന്ന കൺഫ്യൂഷ്യസ് മാറ്റിയിട്ടില്ല. കൺഫ്യൂഷ്യസ് പറഞ്ഞത് മുഴുവനും പഴയ അദ്ധ്യാപനങ്ങൾ തന്നെയായിരുന്നു. അവ നവീകരിക്കുകയോ പുനരാഖ്യാനിക്കുകയോ മാത്രമാണ് അദ്ദേഹം ചെയ്തത്.

ചിലപ്പോൾ വിശുദ്ധ ഖുർആനും പഴയ നിയമങ്ങൾ പുരോഗമനാത്മകമായി തിരുത്തുകയും മാറ്റുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷേ ചോദ്യമിതാണ്. ആ മാറ്റം അടിസ്ഥാനപരമാണോ? അതല്ല ബഹിർഭാഗസ്ഥമാണോ? എങ്ങനെയാണ് അവ മാറിയത്?. അവ വീണ്ടും മാറ്റുകയോ മാറ്റാതിരിക്കുകയോ ചെയ്യേണ്ട ആവശ്യ മുണ്ടോ?. ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഉത്തരം പറയേണ്ട മൗലികമായ ഒരു ചോദ്യവുമാണ്. ഇസ്‌ലാം മതത്തിന്റെ ആവിർഭാവത്തോടെ നിയമങ്ങൾ മാറിയതിന്റെ മൂന്ന് ഉദാഹരണങ്ങൾ ഞാനിവിടെ ഉദ്ധരിക്കാം.

യഹൂദമതത്തിൽ ഫറോവയുടെ നെടുനായകത്വത്തെ അടിച്ചമർത്തൽ കാരണം ഇസ്രായേലികളുടെ മാനുഷിക ഗുണങ്ങളായ ധൈര്യം, ശൗര്യം എന്നീ ഗുണങ്ങൾ വിനഷ്ടമായിപ്പോയിരുന്നു. അവരുടെ പക്ഷത്ത് ഈ ഗുണങ്ങൾ പ്രകടിപ്പിക്കാനുള്ള ന്യായം ഉണ്ടായിരുന്നിട്ടുകൂടി ഈ വിധ ഗുണങ്ങൾ അവർ പ്രകടിപ്പിച്ചില്ല. പ്രതികാരം ചെയ്യാനുള്ള ന്യായമായ ആവശ്യം അവരുടെ കഴിവിനും ശക്തിക്കും അതീതമായിരുന്നു. കാരണം ദീർഘകാലമായി അവർ അടിച്ചമർത്തപ്പെട്ട ജനതയായിരുന്നു. അതിക്രൂരമായി പീഢിപ്പിക്കപ്പെട്ട അവർ കുറച്ച്കഴിഞ്ഞപ്പോൾ പറഞ്ഞു. ശരി ഞങ്ങൾ ഞങ്ങളുടെ ശക്തനായ ശത്രുവിന് മാപ്പ് നൽകിയിരിക്കുന്നു. എന്നാൽ ബലഹീനനായ ശത്രുവിന് മാപ്പില്ല. അത്തരത്തിലുള്ള നൈതികമായ വൈകല്യങ്ങൾ പ്രകടമായപ്പോൾ താൽക്കാലികമായ ആ നിയമത്തിലെ തെറ്റ് തിരുത്തേണ്ടിവന്നു. മൂസാനബി (അ) ന്റെ പ്രതികാരനിയമത്തിൽ സംഭവിച്ചത് വാസ്തവത്തിൽ അതാണ്. പല്ലിന് പകരം പല്ല്, കണ്ണിന് പകരം കണ്ണ്, എന്ന നീതി വാക്യത്തിന് വേണ്ടതിലധികം ഊന്നൽ നൽകപ്പെട്ടു. അതായത് മാപ്പിന്റെ യാതൊരു സാധ്യതയും അതിലില്ലാത്തതുപോലെ പ്രതികാരത്തിന് ഊന്നൽ നൽകപ്പെട്ടു.

ഈ പ്രതികാര നിയമം ഒരുപാട് കാലം ആചരിക്കപ്പെട്ടു. പിന്നീടാണ് ഈസാനബി (അ) ആഗതനായത്. ആ സമയത്ത് യഹൂദന്മാർ മാപ്പ് എന്ന പദം പോലും മറന്നിരുന്നു. നിങ്ങൾ ഷേക്സ്പിയറിന്റെ ഷൈലോക്ക് എന്ന കഥാപാത്രത്തെ മാത്രം അറിഞ്ഞാൽ മതി ഏതറ്റംവരെ അവർ ആയിത്തീർന്നു എന്നറിയാൻ. യേശുവും അവർക്ക് പ്രതികാരത്തിന് അനുമതി കൊടുക്കുമായിരുന്നെങ്കിൽ യഹൂദ ജനതയുടെ ഹൃദയവും കഠിനമാവുകയും മാപ്പ് ഒരിക്കലും നൽകുകയുമില്ലായിരുന്നു. അവരുടെ പ്രതികാരദാഹത്തിന്റെ ശമനത്തിന് വേണ്ടി അവർ ഇപ്രകാരം പറഞ്ഞിരിക്കും. പ്രതികാരം അനുവദനീയമാണല്ലൊ എന്തിന് പ്രതികാരം എടുത്ത് കളയണം. അതിനാൽ യേശു അവരിൽ നിന്നും പ്രതികാരം ചെയ്യാനുള്ള അവകാശം എടുത്ത്കളഞ്ഞു. ആ നിരോധനം ശാശ്വതമായ ഒന്നായിരുന്നില്ല. ഇത്തരം മേഖലകളിൽ ചിലപ്പോൾ ഉപരിപ്ലവമായ അദ്ധ്യാപനങ്ങൾ വെളിപ്പെടാറുണ്ട്. അവ ചില നിശ്ചിത കാലത്തേക്കോ സന്ദർഭത്തിലേക്കോ മാത്രം പരിമിതമായിരിക്കും. ചരിത്രപരമായി അവ ശാശ്വതമായ നിയമനിർദേശങ്ങളായിരിക്കില്ല.

വിശുദ്ധ ഖുർആനിലേക്ക് വരികയാണെങ്കിൽ പ്രതികാരവുമായി ബന്ധപ്പെട്ട ഖുർആന്റെ പ്രസ്താവന ഇപ്രകാരമാണ്. **ഫമൻ അഫാ വഅസ്‌ലഹ ഫഅ ജ്‌മുഹു അലല്ലാഹി** (42:41)

തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ വല്ലവനും മാപ്പ് ചെയ്യുകയും നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്.

ഈ വചനത്തിലെ ഒന്നാമത്തെ തത്ത്വം നിങ്ങളോട് തിന്മ ചെയ്യപ്പെട്ടാൽ നിങ്ങൾക്ക് പ്രതികാരം ചെയ്യാൻ അവകാശമുണ്ട്, പക്ഷേ അത് നിങ്ങളോട് ചെയ്യപ്പെട്ട പ്രതികാരത്തിന് ആനുപാതികമായിട്ടായിരിക്കണം. അതിനപ്പുറം പോകാൻ പാടില്ല.

രണ്ടാമത്തെ തത്ത്വം കുറ്റം ചെയ്തവർക്ക് നിങ്ങൾക്ക് മാപ്പ് നൽകാം. പക്ഷേ അത് നിരുപാധികമായിരിക്കരുത്. മാപ്പ് നൽകുമ്പോൾ അവനിൽ വല്ല സംസ്ക്കരണവും ഉണ്ടാവും എന്ന് ഉറപ്പ്വരുത്തണം. മാപ്പ് നൽകിയാൽ കുറ്റവാളി വീണ്ടും കുറ്റകൃത്യം ചെയ്യുമെന്നുണ്ടെങ്കിൽ നിങ്ങൾ മാപ്പ്

നൽകാൻ പാടുള്ളതല്ല.

നൈതിക ചിന്തയുടെ വികാസത്തിന്റെ പരമകോടിയിൽ നിൽക്കുന്ന ഒരു ഖുർആനിക വചനമാണിത്. ഞാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്. എന്റെ ചില ബഹായി സുഹൃത്തുക്കളെയും മറ്റു പല പണ്ഢിതന്മാരുമായും കാണുമ്പോഴെല്ലാം ഈ പ്രശ്നം അവരുമായി ചർച്ച ചെയ്യാറുണ്ട്. അതായത് ഈ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ ഈ നിയമത്തിന്ന് നിങ്ങൾക്ക് എന്തെങ്കിലും ഭേദഗതി നിർദേശിക്കാനുണ്ടോ? ഈ പരിപൂർണ നിയമത്തിനെതിരെ എന്തെങ്കിലും ഒരു മാറ്റം നിർദേശിക്കുന്ന ഒരു വ്യക്തിയെയും ഞാനിന്നേവരെ കണ്ടിട്ടില്ല.

ഒരു നിയമത്തിന് മനുഷ്യന്റെ സ്വാഭാവികതയിലേക്ക് തിരിച്ചുകൊണ്ടുപോകാനുള്ള ശേഷിയും പരിഷ്ക്കരണങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവും നൈതിക തത്ത്വങ്ങളുടെ അടിസ്ഥാനവുമുണ്ടായിരിക്കണം അപ്രകാരം മനുഷ്യന്റെ അന്തഃകരണത്തിൽ അത് രൂഢമൂലവുമായിരിക്കണം. എങ്കിൽ അതിൽ മാറ്റത്തിന്റെ ആവശ്യമില്ല എന്ന് ഞാൻ വിചാരിക്കുന്നു. എന്നാൽ ഈ ചർച്ചയും മുഖ്യ ചർച്ചക്ക് പുറത്തുള്ള ഒരു വിഷയമാണ്. മറ്റു അതിഥികളും ചോദ്യങ്ങൾ ചോദിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവർക്കെന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കാനുണ്ടോ?

**ചോദ്യം:** ശരീഅത്തും ദീനും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കാമോ?

**ഉത്തരം:** താങ്കൾക്ക് നന്ദി. 'ദീൻ' എന്ന പദം ഏതൊരു തത്ത്വശാസ്ത്രത്തിനും ഇസത്തിനും നിങ്ങൾ തിരഞ്ഞെടുക്കുന്ന ഏതൊരു ജീവിത പദ്ധതിക്കും ഉപയോഗിക്കുന്ന പദമാണ്. ഉദാഹരണത്തിന് ചില മുസ്ലിം പണ്ഢിതന്മാരുടെ അഭിപ്രായത്തിൽ ബിംബാരാധകർക്ക് 'ദീൻ' ഇല്ല. അവർക്ക് ഒരു ദീൻ ഉണ്ട് എന്ന ആശയത്തെതന്നെ വെറുക്കുന്നവരാണ്. എന്നാൽ ഖുർആൻ പറയുന്നു. **'ലക്കും ദീനുക്കും വലിയദീൻ. നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം' (109:7) 'ലാ ഇക്റാഅ ഫിദ്ദീൻ.' മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല (2:257)**

ജനങ്ങൾ ജീവിതസംഹിതയായി തിരഞ്ഞെടുത്ത ഏതൊരു പദ്ധതിയും ദീൻ എന്ന പദത്തിൽ ഉള്ളടങ്ങിയിരിക്കുന്നു എന്ന് ഈ വചനത്തിൽനിന്ന് മനസ്സിലാക്കാം. അത് വെറും ദൈവത്തിലുള്ള വിശ്വാസം മാത്രമല്ല. ദൈവത്തിലുള്ള നിഷേധം പോലും ദീൻ എന്ന വിശേഷണത്തിൽപെടുന്നു.

എന്നാൽ 'ശരീഅത്ത്' എന്നത് ദൈവവിശ്വാസത്തിൽ കെട്ടിപ്പടുത്തതാണ്. അതായത് എവിടെയാണ് ഒരു 'ദീൻ' വിശ്വാസത്തിന്റെ ആധാരശിലയിൽ കെട്ടിപ്പടുത്തത്. ആ ദീനിൽ താഴെ പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കണം.

1. ഒരു ദൈവമുണ്ടായിരിക്കണം. 2. മനുഷ്യൻ അവന്റെ വിധിയെ ക്രമപ്പെടുത്തിയെടുക്കാൻ എന്തുചെയ്യണമെന്നത് ദൈവം തന്റെ ഇച്ഛ വെളിപാട് മുഖേന അറിയിക്കുന്നു. 3. അത്തരം ദൈവേച്ഛകൾ ചില നിയമങ്ങളും തത്ത്വങ്ങളുടെയും രൂപത്തിൽ നിർവഹിക്കുന്നതിനെയാണ് ശരീഅത്ത് എന്ന് പറയുന്നത്. അത് ഇസ്ലാം ആയിരിക്കണമെന്നില്ല. എല്ലാ മതങ്ങൾക്കും അവരുടേതായ ശരീഅത്ത് ഉണ്ട്.

ശരീഅത്ത് ഒരു രാജ്യത്തെ നിയമത്തിന്റെ ഭാഗമല്ലാതിരിക്കെ ശരീഅത്ത് നിയമം ആവിധം സ്വീകരിക്കാമോ? ഇതാണ് പ്രശ്നത്തിന്റെ കാതൽ. ഞാൻ ഞങ്ങളുടെ അഹ്മദിയ്യാ സമൂഹത്തിൽ നിന്നും ഒരു ഉദാഹരണം എടുത്തുദ്ധരിക്കാം. അതാകട്ടെ അസാധ്യമല്ലതാനും. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും അവരുടെ ജനങ്ങൾക്ക് തങ്ങളുടെ പരസ്പരമുള്ള തർക്കങ്ങൾ മദ്ധ്യസ്ഥ തീരുമാനത്തിലൂടെ(Arbitration)പരിഹരിക്കാൻ അനുവദിക്കുന്നു. എന്റെ അറിവിൽ പെട്ടിടത്തോളം മദ്ധ്യസ്ഥ തീരുമാനത്തെ ഏതൊരു രാജ്യത്തെയും നിയമം വളരെയേറെ ആദരിക്കുന്നു. തർക്കത്തിലുള്ള ഇരുകക്ഷികളും മദ്ധ്യസ്ഥരുടെ അനുരഞ്ജന ഫലമായി ഉഭയസമ്മതത്തോടെ ഒപ്പ് വെച്ച മദ്ധ്യസ്ഥ തീരുമാനം സുപ്രീം കോടതിവരെ റദ്ദാക്കുകയില്ല.

ഞങ്ങൾ അഹ്മദിയ്യാ സമൂഹത്തിൽ ഒരു 'ഖളാ ബോർഡും' ഖാളിയെയും നിയമിച്ചിട്ടുണ്ട്. സിവിൽ കോടതിയിൽ പോകാതെതന്നെ തങ്ങളുടെ തർക്കങ്ങൾ പരിഹരിക്കണമെന്ന് ആഗ്രഹിക്കുന്ന അഹ്മദികൾ ഈ ഖളാ ബോർഡിനെ സമീപിക്കുന്നു. വിശുദ്ധ ഖുർആന്റെ നിയമമനുസരിച്ച് തങ്ങളുടെ തർക്കം പരിഹരിച്ചു തരാനുള്ള ആദ്യഘട്ടമായിട്ടാണ് അവർ ഖളാബോർഡിനെ സമീപിക്കുന്നത്. ഇക്കാര്യത്തിൽ അവർ സ്വമേധയാ ആണ് മുന്നോട്ട് വരുന്നത്. യാതൊരു നിർബന്ധമോ സമ്മർദമോ ഇല്ല. അത്തരം കേസുകളിൽ ഗവൺമെന്റിന്റെ യാതൊരു ഇടപെടലും ഉണ്ടാവുന്നില്ല. അവരുടെ വഴിയിൽ ഗവൺമെന്റ് ഒരു തടസ്സവും നിൽക്കുന്നില്ല. വളരെ സൗഹൃദപരമായി അത് പ്രവർത്തിക്കുന്നു.

ആരാധനയും ഇതുപോലെയുള്ള ഒരു പ്രക്രിയയാണ്. യാതൊരു ഭംഗവുമില്ലാതെ ആരാധന എല്ലായിടത്തും നടത്തപ്പെടുന്നു. എല്ലാ പൗരന്മാരും അവരിച്ഛിക്കുംപോലെ ദൈവത്തെ ആരാധിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പാകിസ്താനിലൊഴികെ. അവിടെ അഹ്മദികൾക്ക് അതിനുള്ള സ്വാതന്ത്ര്യമില്ല. പക്ഷേ അത് മറ്റൊരു വിഷയമാണ്. ആരാധനയുടെ വിഷയത്തിൽ തടസ്സം നിൽക്കാൻ ഒരു നിയമം യാതൊരു വിധത്തിലും ശ്രമിക്കില്ല. സാധാരണ രീതിയിൽ പറഞ്ഞാൽ ഒരു രാഷ്ട്ര നിയമത്തിന്റെ രൂപം പ്രാപിക്കാതെതന്നെ ജീവിതത്തിന്റെ മിക്ക മേഖലകളിലും ശരീഅത്ത് അനുശാസിക്കുന്നവിധം നമുക്ക് ജീവിക്കാൻ സാധിക്കും.

**ചോദ്യം:** വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ നിയമങ്ങളും ചട്ടങ്ങളുമില്ലാതെ പാകിസ്താനിൽ ശരീഅത്ത് നിയമം നടപ്പാക്കുമെന്ന് പ്രധാനമന്ത്രി നവാസ് ശരീഫ് തീരുമാനിക്കുകയുണ്ടായി എന്ന് താങ്കൾ പ്രസംഗത്തിൽ പറയുകയുണ്ടായി. എന്തായാലും അതൊരു പ്രായോഗിക മാർഗമല്ലെന്ന് താങ്കൾ പ്രസ്താവിക്കുകയും ചെയ്യുന്നു. താങ്കൾ ഈ വിഷയം ആഴത്തിൽ പഠിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഒരു രാജ്യം ഏത് വിധത്തിലുള്ള നിയമമാണ് സ്വീകരിക്കേണ്ടതെന്നാണ് താങ്കൾ അവകാശപ്പെടുന്നത്. ശരീഅത്തിനെ നാം തള്ളിക്കളയണമോ? അല്ലെങ്കിൽ അവ പരിഷ്ക്കരിക്കണമോ? അതൊരു സെക്കുലർ രീതിയിലുള്ള നിയമമായിരിക്കുമോ? ഇത് പരിഹരിക്കാൻ എന്ത് വഴിയാണ് താങ്കൾ നിർദേശിക്കുന്നത്?

**ഉത്തരം:** ചോദ്യത്തിന് നന്ദി. എന്റെ പ്രഭാഷണത്തിൽ ഞാനിക്കാര്യം പ്രസ്താവിച്ചിരുന്നു. വസ്തുത എന്താണെന്ന് വെച്ചാൽ ഭരണകൂടം എന്ന സങ്കൽപം ഇസ്ലാമിൽ വളരെയേറെ ഗൗരവമുള്ള ഒന്നാണ്. നാം വീണ്ടും മുന്നോട്ട് പോവുന്നതിനുമുമ്പ് ആ വിഷയം വിശദീകരിക്കേണ്ടതുണ്ട്.

ഈ വിഷയം ഞാൻ ആഴത്തിൽ പഠിച്ചിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ മുസ്ലിം പണ്ഢിതന്മാർ ഈ നിയമത്തെ പറ്റി പറഞ്ഞതും എഴുതിയതുമായ കാര്യങ്ങളാണ് ഞാൻ പഠനത്തിന് വിധേയമാക്കിയത്. അവർക്കാർക്കും തന്നെ ഈ വിഷയം ശരിയായ രീതിയിൽ വിശദീകരിക്കാൻ സാധിച്ചിട്ടില്ല. ഇസ്ലാം ഒരു

ഭരണകൂടം മുന്നോട്ട് വെക്കുകയാണെങ്കിൽ അതിന് ദൈവത്തിന്റെ പ്രാതിനിധ്യമാണ് ഉണ്ടാവുക. അപ്പോൾ ഈ വിഷയം മറ്റൊരു വീക്ഷണകോണിലായിരിക്കും നോക്കിക്കാണുക.

ഇതിന്റെ മറ്റൊരു വശം എല്ലാ മതവിഭാഗക്കാർക്കും അതുപോലെ ജനവിഭാഗങ്ങൾക്കും പൊതുവായ ഒരു ഭരണകൂടമാണ് ഇസ്‌ലാം നിർദേശിക്കുന്നതെങ്കിൽ തികച്ചും വിഭിന്നമായ ഒരു വീക്ഷണകോണിലായിരിക്കും പ്രത്യക്ഷപ്പെടുക. എന്റെ അഭിപ്രായത്തിൽ ആദ്യത്തെ രീതിയിലുള്ള ഭരണകൂടം അഥവാ ഇസ്‌ലാമികാധിഷ്ഠിത ഭരണകൂടം ഇസ്‌ലാമിന്റെ പേരിൽ രൂപീകരിക്കുക സാധ്യമല്ല. കാരണം ഇസ്‌ലാം സെക്കുലർ രീതിയിലുള്ള ഭരണകൂടമാണ് ആവശ്യപ്പെടുന്നത്. അത് ഒരു മതത്തിന്റെയോ രാഷ്ട്രീയ തത്ത്വസംഹിതയുടേയോ ഭരണകൂടമായിരിക്കില്ല.

ഇത് ചിലപ്പോൾ പലരേയും അദ്ഭുതപ്പെടുത്തുന്നുണ്ടാവും. പക്ഷേ വിശുദ്ധ ഖുർആനിൽനിന്നും തെളിവുകൾ ഉദ്ധരിച്ച് എനിക്ക് ഈ വസ്തുത തെളിയിക്കാനാവും. സെക്കുലറിസത്തിന്റെ സാരാംശം കേവലനീതിയാണ് (Absolute Justice). അതാകട്ടെ മതപരവും വിശ്വാസപരവും വർണപരവും ആശയപരവുമായ എല്ലാ വ്യത്യാസങ്ങൾക്കുമതീതമായിട്ടുള്ളതാണ്.

സെക്കുലറിസത്തിന്റെ സത്യസന്ധമായ സാരസംഗ്രഹമാണിത്. വാസ്തവത്തിൽ ഒരു രാഷ്ട്രത്തിന്റെ വിഷയത്തിൽ ഖുർആൻ നമ്മോട് കൽപ്പിച്ചത് ഇതാണ്. എങ്ങനെയാണ് ഒരു രാഷ്ട്രവും മറ്റും ഭൗതികസമൂഹ്യവ്യവഹാരങ്ങളും നടത്തിക്കൊണ്ടുപോകേണ്ടത് എന്നത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു. **നീതി പുലർത്തുന്നതിനുവേണ്ടി നിങ്ങളോട് കൽപ്പിക്കപ്പെട്ടിരിക്കുന്നു. (16:91) വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമൂഹത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. (5:9)**

നിങ്ങളും മറ്റു ജനങ്ങളുമായി ശത്രുതയുടെ അളവ് എത്രയുണ്ടോ അതൊന്നും തന്നെ കേവല നീതിപാലിക്കുന്നതിൽ നിന്ന് നിങ്ങളെ വ്യതിചലിപ്പിക്കാൻ പാടില്ല. നിങ്ങൾ എപ്പോഴും നീതി പാലിക്കണം. അതാണ് ദൈവഭക്തിയുമായി ഏറ്റവും അടുത്ത് നിൽക്കുന്നത്.

ഒരു ഭരണകൂടം എന്ന നിലക്ക് നിങ്ങളുടെ ഉത്തരവാദിത്ത്വങ്ങൾ നിർവഹിക്കുമ്പോൾ മനസ്സിൽ കേവലനീതി മാത്രമായിരിക്കണം ഉണ്ടായിരിക്കേണ്ടത്. കേവലനീതി എന്നത് ഒരു ഗവൺമെന്റിന്റെ കേന്ദ്രതത്ത്വമായി സ്ഥാപിക്കപ്പെടുമ്പോൾ എങ്ങനെയാണ് ഇസ്‌ലാമിക നിയമം അമുസ്‌ലിംകളിൽ അടിച്ചേൽപ്പിക്കാൻ കഴിയുക. കാരണം അത് നീതിതത്ത്വങ്ങൾക്കെതിരാണ്. നിരവധി വൈരുദ്ധ്യങ്ങൾ അതുവഴി ഉയർന്നുവരും.

ഈ കേന്ദ്ര തത്ത്വം നിങ്ങൾ ആഴത്തിൽ പഠിക്കുമ്പോൾ ഞാൻ ഇതിന് നൽകിയ വ്യാഖ്യാനം ശരിയാണെന്ന് കണ്ട് നിങ്ങൾ അദ്ഭുതപ്പെടുന്നതാണ്. അഥവാ ഞാൻ മനസ്സിലാക്കിയ കാര്യം ശരിയാണെന്നും അത് തന്നെയാണ് ഇസ്‌ലാംമത സ്ഥാപകരായ ഹദ്‌റത്ത് റസൂൽ തിരുമേനി (സ) യുടെയും നടപടിക്രമമെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുന്നതാണ്.

ഹിജ്റക്ക് ശേഷം റസൂൽ തിരുമേനി (സ) മദീനയിലെത്തിയപ്പോൾ റസൂൽ തിരുമേനി (സ) യഹൂദികളും മറ്റു സമുദായങ്ങളുമായി ബന്ധപ്പെടുകയുണ്ടായി. അവരെല്ലാം അദ്ദേഹത്തെ നേതാവായി അംഗീകരിച്ചു. അത് മതനേതാവ് എന്ന നിലക്കല്ലായിരുന്നു. രാഷ്ട്രീയ നേതാവ് എന്ന നിലക്കായിരുന്നു അവരെല്ലാം റസൂൽ തിരുമേനി (സ) യെയാണ് നേതാവായി അംഗീകരിച്ചത്. ഇതാണ് മദീനാ പ്രഖ്യാപനം (Madina Charter) എന്ന പേരിൽ അറിയപ്പെടുന്നത്. അവർ തമ്മിലുള്ള എല്ലാ തർക്കങ്ങളും അവിടുത്തെ സവിധത്തിലായിരുന്നു അവർ ഏൽപിച്ചിരുന്നത്. അവിടുത്തെ വിധി പരമോന്നതമായി അവർ വിശ്വസിച്ചു. ഇസ്‌ലാമിക നിയമം അപ്പോൾ അവതരിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നു. യഹൂദർ അവിടുത്തെ സവിധത്തിൽ മാർഗനിർദേശത്തിനും അഭിപ്രായമാരായാനും വരുമായിരുന്നു. അപ്പോഴെല്ലാം റസൂൽ തിരുമേനി (സ) മുടക്കം കൂടാതെ അവരോട് ഒരു കാര്യം ആരാഞ്ഞിരുന്നു. അതായത് നിങ്ങളുടെ തർക്കം യഹൂദ നിയമപ്രകാരമോ, ഇസ്‌ലാമിക നിയമപ്രകാരമോ അതല്ല മധ്യസ്ഥ തീരുമാനപ്രകാരമോ ഏത് വിധേനയാണ് തീർപ്പാക്കേണ്ടത് എന്ന് ചോദിക്കുമായിരുന്നു. അതിനോട് വിയോജിക്കുന്ന ആരുടെമേലും ഇസ്‌ലാമിക നിയമം ഒരിക്കലും പ്രാവർത്തികമാക്കിയിരുന്നില്ല. ഇതിനെയാണ് ഞാൻ കേവലനീതിയെന്ന് വാദിക്കുന്നത്. ഒരു ഭരണകൂടത്തെ സംബന്ധിച്ച് അത് ഇസ്‌ലാമിക ഭരണകൂടമായി ആരെങ്കിലും സ്വപ്നം കാണുന്നുവെങ്കിൽ യഥാർഥ ഇസ്‌ലാമിക ഗവൺമെന്റ് കേവലനീതി നടപ്പാക്കേണ്ടതുണ്ട്. ഇതിനെതന്നെയാണ് മറ്റൊരർഥത്തിൽ സെക്കുലർ ഗവൺമെന്റ് എന്ന് വിളിക്കുന്നത്.

**ചോദ്യം:** താങ്കൾ ഓരോ വിഭാഗക്കാർക്കും വ്യത്യസ്തമായ നിയമനിർമാണമാണ് നിർദേശിക്കുന്നതെങ്കിൽ അതായത് ഹിന്ദുക്കൾക്ക് ഒരു നിയമം ക്രിസ്ത്യാനികൾക്ക് മറ്റൊരു നിയമം എന്നിങ്ങനെയാണങ്കിൽ അത് സമൂഹത്തിൽ വളരെയേറെ അസ്വസ്ഥതകൾ ഉണ്ടാക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

**ഉത്തരം:** തീർച്ചയായും താങ്കളുടെ അഭിപ്രായം തന്നെയാണ് ഞാൻ പറഞ്ഞത്. ഓരോ മതവിഭാഗക്കാർക്കും വ്യത്യസ്തമായ നിയനിർമാണ സംവിധാനങ്ങളുള്ള ഒരു രാഷ്ട്രീയ ഭരണകൂടമല്ല ഞാൻ നിർദേശിച്ചത്. അതൊരിക്കലും സാധ്യമല്ല. പ്രായോഗികവുമല്ല.

**അദ്ധ്യക്ഷന്റെ ഉപസംഹാരം.**

നാം വ്യത്യസ്ത മതവിഭാഗങ്ങളിൽ പെട്ടവരായിരുന്നിട്ടും ഇവിടെ ഒരുമയോടെയാണ് വർത്തിക്കുന്നത്. മുസ്‌ലിംകളാകട്ടെ, ഹിന്ദുക്കളാകട്ടെ, ക്രിസ്ത്യാനികളാകട്ടെ, നന്മയുടെ അടിസ്ഥാനത്തിൽ നാം ഇവിടെ പ്രവർത്തിക്കുന്നു. ആരുടേയും അഭ്യന്തരകാര്യങ്ങളിൽ ഇടപെടാതെ പരസ്പരം സഹവർത്തിത്വത്തോടെ കഴിയുന്നു. എല്ലാ സംഘടനയുടേയും പേരിൽ ഞാൻ ഹാർദവമായി എല്ലാവർക്കും നന്ദി പറയുന്നു. സദ്‌വിചാരങ്ങളും സദ്‌വികാരങ്ങളുമായി ഒരുപാട് സുഹൃത്തുക്കളെ വിട്ടുപിരിഞ്ഞുകൊണ്ടായിരിക്കും ഞങ്ങളുടെ രാജ്യമായ സൂരിനാമിനോട് നിങ്ങൾ വിടപറയുന്നതെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ശുഭയാത്ര ആശംസിക്കുന്നു.

AL ISLAM
The Official Website of Ahmadiyya Muslim Community

# ജൂത രഹസ്യ സംഘങ്ങളും ഹാറൂത്തും മാറൂത്തും

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**
(ഖലീഫത്തുൽ മസീഹ് സാനി)

**ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ടു നാമങ്ങളെ ചുറ്റിപറ്റി ഇതിഹാസ വർണനകളും മിത്തുകളും ഇസ്‌ലാമിക സാഹിത്യങ്ങളിൽ ധാരാളം കാണാം. വിശുദ്ധ ഖുർആനിലെ ഈ പരാമർശത്തെ കെട്ടുകഥകൾ കൊണ്ടാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും വിശദീകരിച്ചിട്ടുള്ളത്. ബാബിലോൺ അടിമത്തകാലത്ത് വിമോചനത്തിനായി രൂപം കൊണ്ട യഹൂദന്മാരുടെ രഹസ്യസംഘങ്ങൾക്ക് രൂപം നൽകിയ രണ്ട് വിശുദ്ധ വ്യക്തികളായിരുന്നു ഹാറൂത്ത്, മാറൂത്ത്. അഹ്മദിയ്യാ ഖലീഫ ഈ ഖുർആൻ വചനങ്ങൾക്ക് നൽകിയ യുക്തിസഹമായ വ്യാഖ്യാനമാണ് ഈ ലേഖനം.**

**'സുലൈമാന്റെ ഭരണകൂടത്തിനെതിരെ പിശാചുക്കൾ (രാജ്യദ്രോഹികൾ) അനുവർത്തിച്ചിരുന്ന നയം ഇവർ (യഹൂദർ) പിന്തുടർന്നിരിക്കുകയാണ്. സുലൈമാൻ അവിശ്വസിച്ചിട്ടില്ല. എന്നാൽ പിശാചുക്കളാണ് അവിശ്വസിച്ചിരുന്നത്. അവർ ജനങ്ങൾക്ക് വഞ്ചനാകൃത്യം പഠിപ്പിക്കാറുണ്ടായിരുന്നു. (ഈ യഹൂദരുടെ വാദപ്രകാരം) ബാബിലോണിയയിലെ രണ്ട് മലക്കുകളായ ഹാറൂത്ത്, മാറൂത്ത് എന്നിവർക്ക് ഇറക്കപ്പെട്ടതിനെയും (അവർ പിൻപറ്റുന്നു). പക്ഷേ, നിശ്ചയമായും ഞങ്ങളൊരു പരീക്ഷണം മാത്രമാണ്. അതിനാൽ ഞങ്ങളുടെ (നിർദേശങ്ങളെ) നിരാകരിക്കരുത്. എന്ന് പറഞ്ഞിട്ടല്ലാതെ അവർ രണ്ടുപേരും ആർക്കും (ഒന്നും തന്നെ) പഠിപ്പിച്ചിരുന്നില്ല. എന്നാൽ അവർ (ഈ യഹൂദന്മാർ) ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന വിദ്യ അവർ രണ്ടു പേരിൽ നിന്നും (അവരുടെ ചരിത്രസംഭവത്തിൽ നിന്നും) പഠിക്കുന്നു. യഥാർഥത്തിൽ അവർ (ഹാറൂത്ത്, മാറൂത്ത്) അല്ലാഹുവിന്റെ അനുമതികൂടാതെ അത് മൂലം ആർക്കും ഒരു ഉപദ്രവവുമേൽപ്പിക്കാറുണ്ടായിരുന്നില്ല. (ഇതിനെതിരായി) തങ്ങൾക്കുതന്നെ ഉപദ്രവകരമായതും ഉപകരിക്കാത്തതുമായ കാര്യങ്ങളാണ് ഇവർ (ഈ യഹൂദികൾ) പഠിക്കുന്നത്. ഇത് (ഈ മാർഗം) കൈക്കൊണ്ടിട്ടുള്ളവർക്ക് പരലോകത്ത് യാതൊരംശവുമില്ലെന്ന് അവർ നല്ല വണ്ണം അറിഞ്ഞിട്ടുണ്ട്. എന്തിനുപകരം അവർ സ്വന്തം ആത്മാക്കളെ വിറ്റിരിക്കുന്നുവോ അതെത്ര നികൃഷ്ടം! അവർ ഇത് ഗ്രഹിച്ചിരുന്നുവെങ്കിൽ (വി:ഖുർആൻ 2:103).**

ഈ ഖുർആനിക വചനത്തോടനുബന്ധിച്ച് ഖുർആനുമായും ഹദീസുമായും ബന്ധമില്ലാത്തതും ചിലപ്പോൾ അതിന് വിരുദ്ധവുമായ ഇതിഹാസ കഥകൾ പ്രചാരത്തിലുണ്ട്. ആ മിത്തുകളെ അടിസ്ഥാനമാക്കി ഈ ഖുർആനിക വചനങ്ങളെ വ്യാഖ്യാനിക്കുന്നത് അയുക്തികമാണ്. യഥാർഥത്തിലുള്ള വ്യാഖ്യാനത്തിന് ഖുർആന് പുറത്തുനിന്നുള്ള യാതൊരു തെളിവും ആവശ്യമില്ല. ഖുർആനിക വചനങ്ങൾ തന്നെ സ്വയം വിശദീകരിക്കുന്നതാണ്. ഈ ഖുർആനിക വചനങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. സുലൈമാൻ നബി(അ)യുടെ കാലത്തും ബാബിലോൺ പ്രവാസകാലത്തെയും പോലെ റസൂൽതിരുമേനി (സ)യുടെ കാലത്തെ യഹൂദികളും ചില രാജ്യദ്രോഹ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. സുലൈമാൻ നബി(അ)യുടെ കാലത്ത് ദ്രോഹപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർ 'ചില രാജ്യദ്രോഹിക' ('ശൈത്വാൻ' – വിപ്ലവകാരികൾ) ളാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. അവർ അവിശ്വാസികളായിരുന്നു. ആ രാജ്യദ്രോഹികൾക്കാണ് വിശ്വാസത്തിന്റെ കുറവുണ്ടായിരുന്നത് സുലൈമാൻ നബിക്കല്ല എന്ന് ഖുർആൻ പറയുന്നു. വീണ്ടും ഖുർആൻ പറയുന്നു. ഈ ആളുകൾ അവരുടെ പങ്കാളികൾക്ക് ചില രഹസ്യ ചിഹ്നങ്ങൾ പഠിപ്പിക്കാറുണ്ടായിരുന്നു. സാധാരണ വിവക്ഷിക്കപ്പെടുന്ന അർഥമായിരുന്നില്ല അവർ കാണിക്കുന്ന ചിഹ്നങ്ങൾക്കുണ്ടായിരുന്നത്. ഇത് അവരുടെ രഹസ്യപ്രവർത്തനം മറ്റുള്ളവരിൽ നിന്നും വഞ്ചനാത്മകമായി ഒളിപ്പിച്ചുവെക്കാനുള്ള ഒരു രീതിയായിരുന്നു. സുലൈമാൻ നബി(അ)ക്കെതിരെ അദ്ദേഹത്തിന്റെ ശത്രുക്കൾ നടത്തിയ നിഗൂഢ പദ്ധതികളെപ്പറ്റിയാണ് ഈ ഖുർആനിക വചനങ്ങൾ സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സാമ്രാജ്യം ചിന്നഭിന്നമാക്കാനായിരുന്നു അവരുടെ പദ്ധതി. സുലൈമാൻ നബി (അ) ക്കെതിരെ പ്രവർത്തിച്ച അതേ ഗൂഢാലോചന തന്നെയായിരുന്നു റസൂൽ തിരുമേനി (സ) യുടെ കാലത്തെ ഈ ജൂതന്മാരും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതെന്ന് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നു.

ഈ വചനത്തിന് നിരവധി ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലമുണ്ട്. അവ വിവരിക്കുന്നത് ഉചിതമായിരിക്കും. ഇസ്‌ലാമിന്റെ ശക്തി അപ്രതിരോധ്യമാം വിധം അറബ് നാടുകളിൽ ക്രമേണ വ്യാപിക്കുന്നത് ജൂതന്മാർ കാണുന്നുണ്ടായിരുന്നു. മുസ്‌ലിംകളുടെ ഈ അജയ്യമായ പുരോഗതി തടയാൻ ജൂതന്മാർ പുറത്തുള്ളവരെ പ്രേരിപ്പിക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ അറേബ്യക്ക് തൊട്ടുചേർന്ന് രണ്ട് സാമ്രാജ്യങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് ബൈസാന്റ്യം സാമ്രാജ്യം അഥവാ കിഴക്കൻ റോമാ സാമ്രാജ്യം. രണ്ടാമത്തേത് പേർഷ്യൻ സാമ്രാജ്യവും. റോമക്കാർ നിരന്തരം ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നതിനാൽ അവരുമായി യഹൂദികൾ ശത്രുതയിലായിരുന്നു. ഇസ്‌ലാമിനെതിരെ ഗൂഢാലോചനക്കായി യഹൂദികൾക്ക് പിന്നെ സമീപിക്കാനുണ്ടായിരുന്നത് പേർഷ്യൻ സാമ്രാജ്യത്തെയായിരുന്നു. റോമക്കാരുടെ പീഢനത്തെ തുടർന്ന് അവർ പേർഷ്യൻ സാമ്രാജ്യത്വത്തിൽ അഭയം തേടുകയും ചെയ്തിട്ടുണ്ടായിരുന്നു. അവിടെ അവർ മതസ്വാതന്ത്ര്യവും അനുഭവിച്ചുവന്നു. അതിനാൽ അവർ തങ്ങളുടെ മതകേന്ദ്രം ജൂദിയയിൽ നിന്നും ജറുസലേമിൽ നിന്നും ബാബിലോണിയയിലേക്ക് മാറ്റിയിട്ടുണ്ടായിരുന്നു. (Hatchinson's History of the Nations' P.550) റസൂൽ തിരുമേനി (സ) ജീവിച്ചിരുന്ന ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികളായ കിഴക്കൻ റോമക്കാരുടെ കൈകളാൽ അതിക്രൂരമായ പീഢനങ്ങളായിരുന്നു യഹൂദർ അനുഭവിച്ചുവന്നിരുന്നത്. പോക്കാസും ഹെറാക്ലിയസുമായിരുന്നു യഹൂദരുടെ

മഹാപീഢകർ. ജൂതമതം ഇല്ലാതാക്കാനും സാധ്യമെങ്കിൽ ആ ജനതയെ തന്നെ ഉന്മൂലനം ചെയ്യാനും ഹെറാക്ളിയസ് ക്രൂരമായ പീഢനമുറകൾ തന്റെ അധികാര പരിധിയിൽ അഴിച്ചുവിട്ടുവെന്ന് മാത്രമല്ല യഹൂദരെ നിർബന്ധിച്ച് മതം മാറ്റുകയും ജൂതമതാചാരങ്ങൾ നിരോധിക്കുകയും ചെയ്യുക എന്നത് അദ്ദേഹം ഒരു നയമായി സ്വീകരിക്കുകയും ചെയ്തു. റസൂൽ തിരുമേനി(സ)യുടെ കാലത്ത് യഹൂദർക്ക് സഹായം ലഭിച്ചിരുന്ന ഒരേയൊരു രാജ്യം പേർഷ്യയായിരുന്നു. അവരുടെ സഹമതസമൂഹങ്ങളും മതസ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. പ്രത്യേകിച്ചും ഖിസ്റ രണ്ടാമന്റെ ഭരണകാലത്ത് (Jew. Enc: IX P. 648).

ഇസ്‌ലാം മതത്തിന്റെ വളർച്ചയെ തടഞ്ഞുനിർത്താൻ ആവുന്നതെല്ലാം ശ്രമിച്ചിട്ടും അതെല്ലാം പരാജയമായി കലാശിച്ചപ്പോൾ റസൂൽ തിരുമേനി(സ)ക്കെതിരെ പേർഷ്യൻ ഭരണാധികാരിയെ സ്വാധീനിക്കാൻ യഹൂദർ പലവിധ ഉപജാപങ്ങളും നടത്തി. അതിന്റെ ഫലമായി പേർഷ്യൻ ചക്രവർത്തി കോറസ് രണ്ടാമൻ തന്റെ സാമന്തനായ യമനിലെ ഗവർണറോട് അറേബ്യയിലെ ഈ പ്രവാചകവാദിയെ ബന്ദിയാക്കി തന്റെ മുമ്പിൽ കൊണ്ടുവരാൻ ആജ്ഞാപിക്കുകയുണ്ടായി. യമനിലെ ഗവർണറുടെ കല്പനയുമായി റസൂൽ തിരുമേനി(സ)യെ സമീപിച്ച പ്രതിനിധിയോട് തന്നെ അടുത്ത ദിവസം വന്നുകാണുവാൻ അവിടുന്ന് പറഞ്ഞു. പ്രതിനിധി വന്നപ്പോൾ നിങ്ങളുടെ രാജാവ് കൊല്ലപ്പെട്ടതായി ദൈവം എന്നെ അറിയിച്ചിരിക്കുന്നതായി റസൂൽ തിരുമേനി(സ) അയാളോട് പറഞ്ഞു. പ്രതിനിധി മടങ്ങുകയും ഈ വിവരം യമൻ ഗവർണറെ അറിയിക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഗവർണർക്ക് ഖിസ്റ രണ്ടാമന്റെ പുത്രനായ സിറോസിൽ നിന്ന് ഒരു കത്ത് ലഭിക്കുകയുണ്ടായി. തന്റെ പിതാവിന്റെ സ്വേച്ഛാഭരണം മൂലം അദ്ദേഹം കൊല്ലപ്പെട്ടുവെന്നും അതിനാൽ യമനിലെ ഗവർണറായ താങ്കൾ എനിക്ക് വേണ്ടി യമനിലെ എല്ലാ അധികാരികളിൽ നിന്നും അനുസരണ പ്രതിജ്ഞ പുതുക്കി വാങ്ങണമെന്നും അറേബ്യയിലെ ദൈവനിയുക്തവാദിയെ പറ്റിയുള്ള തന്റെ പിതാവിന്റെ കല്പന റദ്ദാക്കിയതായി കണക്കാക്കണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം (തബരി III P. 1573-p1574).

പേർഷ്യൻ രാജാവിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് റസൂൽ തിരുമേനി(സ) ഒരു കത്തയച്ചിരുന്നു. അത്കൊണ്ടാണ് പേർഷ്യൻ രാജാവ് റസൂൽ തിരുമേനി(സ)യെ അറസ്റ്റ് ചെയ്യാൻ കല്പിച്ചതെന്നാണ് തബരിയടക്കം ചില ചരിത്രകാരന്മാരുടെ അഭിപ്രായം. പക്ഷേ മേൽ പ്രസ്താവിച്ച രണ്ട് സംഭവങ്ങളുടെ തീയതികൾ പരിശോധിക്കുമ്പോൾ ഈ വീക്ഷണത്തിൽ പിഴവുണ്ടെന്ന് കാണാം. സുർഖാനി (11:211 –212)യുടെ കൃതിയിൽ നാം വായിക്കുന്നത് റസൂൽ തിരുമേനി(സ) പേർഷ്യൻ രാജാവിനയച്ച കത്ത് ഹിജ്റവർഷം മുഹർറത്തിലാണെന്നാണ്. ഈ തീയതി ക്രി. വ. 628 ഏപ്രിൽ 12ന് തുല്യമാണ്. (Lane – 'ഹിജ്റ' എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയത്) എന്നാൽ റസൂൽ തിരുമേനി(സ)യെ അറസ്റ്റ് ചെയ്യാൻ ആജ്ഞ പുറപ്പെടുവിച്ച ഖിസ്റ രണ്ടാമൻ വധിക്കപ്പെടുന്നത്. ക്രി. വ. 628 ഫിബ്രവരി 29നാണ് (Historian History of the world VIII 95). അതുകൊണ്ട് റസൂൽ തിരുമേനി(സ)യുടെ കത്താണ് അവിടുത്തെ അറസ്റ്റ് ചെയ്യാൻ ഖിസ്റ ചക്രവർത്തിയെ പ്രകോപിപ്പിച്ചത് എന്ന വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. ഖിസ്റയുടെ ഈ പ്രസ്താവനക്ക് കാരണം യഹൂദരുടെ വിദ്വേഷം നിറഞ്ഞ ഉപജാപങ്ങളാണ്. വില്യം മൂയിറും ഇത് അംഗീകരിക്കുന്നു. (Life of Muhammed P. 310). യഹൂദികളുടെ ഈ പ്രവർത്തനമാണ് വിശുദ്ധ ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്.


അവരുടെ ഈ പ്രവർത്തനം വിജയിക്കുമെന്ന മൗഢ്യവിശ്വാസത്തിലാണ് യഹൂദികളെന്ന കാര്യവും വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുന്നു. ചരിത്രത്തിൽ ഇത്തരത്തിൽ രണ്ട് തവണ അവർ രഹസ്യഗൂഢാലോചന നടത്തിയതിന്റെ ഉത്തരവാദിത്വം യഹൂദികൾക്കാണ് എന്ന വസ്തുതയിലേക്ക് അവരുടെ ശ്രദ്ധ ഖുർആൻ ക്ഷണിക്കുന്നു. ഒന്നാമത്തേത് സുലൈമാൻ നബി(അ)ക്കെതിരായിരുന്നു. അദ്ദേഹത്തിന്റെ സമുദായമായ യഹൂദരിൽ നിന്ന് ചിലയാളുകൾ സുലൈമാൻ നബി(അ)യെ അവിശ്വാസി എന്ന് പ്രചരിപ്പിച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ വിദ്വേഷം ജനിപ്പിക്കാൻ ഒരു ഗൂഢാലോചന നടത്തുകയുണ്ടായി. വാസ്തവത്തിൽ അദ്ദേഹത്തെ എതിർത്തവരായിരുന്നു അവിശ്വാസികൾ. അദ്ദേഹത്തിനെതിരെ ദുരാരോപണങ്ങളുയർത്തിക്കൊണ്ട് അവർ രഹസ്യ സംഘടനകൾ ഉണ്ടാക്കി. അവരെ ഗൂഢചിഹ്നങ്ങളും പ്രതീകങ്ങളും അഭ്യസിപ്പിക്കുകയും ചെയ്തു. യഹൂദന്മാരുടെ ഈ പ്രവർത്തനത്തിന്റെ ഫലം അവർ അനുഭവിക്കുകയുണ്ടായി. അവരുടെ അധികാരശക്തി ശിഥിലീകരിക്കപ്പെടുകയും നിസ്സഹായാവസ്ഥയിൽ ബാബിലോണിയയിലേക്ക് പ്രവാസികളായി പോവേണ്ടിവരികയും ചെയ്തു. യഹൂദ രഹസ്യസംഘങ്ങളുടെ ചതി പ്രയോഗങ്ങളെക്കുറിച്ചും ഗൂഢാലോചനങ്ങളെക്കുറിച്ചുമാണ് ഈ വചനം സൂചിപ്പിക്കുന്നത്. ബൈബിളിലെ 1 രാജാക്കന്മാർ 11:1–6 വചനം കാണുക. അതിൽ സോളമനെതിരെ ബിംബാരാധന ആരോപിക്കുകയും അത് പ്രചരിപ്പിക്കുന്നതുമായിക്കാണാം. അദ്ദേഹത്തിന്റെ ഒരു ശത്രുവിന്റെ കഥ ബൈബിൾ രാജാക്കന്മാർ 11:14, 23–26 എന്നീ വചനങ്ങളിലും ii ദിനവൃത്താന്തം 10:2–4ലും പ്രതിപാദിക്കുന്നു. സോളമന്റെ മരണത്തിന് ശേഷം അദ്ദേഹത്തിന്റെ കഠിനശത്രുവായിരുന്ന യെറെബയൗമിന്റെ അടുക്കലേക്ക് യഹൂദർ ആളെ അയച്ചതായി ഈ വചനത്തിൽ കാണാം. അപ്രകാരം സോളമന്റെ മകൻ റെഹബയാം ഈ കുഴപ്പക്കാരുടെ ചില ആവശ്യങ്ങൾ സിംഹാസനത്തിലേറുന്നതിന് മുമ്പായി അംഗീകരിച്ചതായും ബൈബിൾ രേഖപ്പെടുത്തുന്നു.

ബൈബിളിൽ, 1 രാജാക്കന്മാർ 11:29 –30 വരെയുള്ള വചനങ്ങളിൽ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ വസ്ത്രത്തിലെ പന്ത്രണ്ട് കഷണങ്ങളോട് പ്രതീകാത്മകമായി സാദൃശ്യപ്പെടുത്തിയതായി കാണാം. ആ വസ്ത്രകഷണങ്ങളിൽ സോളമനെതിരെയുള്ള ആളുടെ ഭാഗത്ത് 10 ഗോത്രങ്ങൾ നില്ക്കുന്നതായി സൂചനയുണ്ട്. സോളമന്റെ മരണത്തിന് ശേഷം പുത്രൻ റെഹബായെ ഈ പത്ത് ഗോത്രങ്ങൾ പിന്തുണച്ച് അവരുടെ രാജാവാക്കി. ഇത് രഹസ്യസംഘത്തിന്റെ പ്രവർത്തനം തെളിയിക്കുന്നു. സോളമന്റെ ശത്രുക്കളാണ് അവിശ്വാസികളെന്ന ഖുർആന്റെ പ്രസ്താവത്തെ 11 ദിനവൃത്താന്തം 11:15 വചനം പിന്തുണക്കുന്നു. ബിംബാരാധകനെന്ന് സുലൈ മാൻ നബി(അ)യെ ആക്ഷേപിച്ചിരുന്നവർ അധികാരത്തിലേറിയപ്പോൾ ബിംബാരാധനയിൽ മുഴുകുകയുണ്ടായെന്ന് ബൈബിൾ വചനം തെളിയിക്കുന്നു.

ബൈബിളിന്റെ ഈ സാക്ഷ്യം കൂടാതെ തന്നെ സോളമന്റെ കാലത്ത് അദ്ദേഹത്തിനെതിരെ രഹസ്യസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടായിരുന്നുവെന്നതിന് മറ്റ് തെളിവുകളുണ്ട്. ഫ്രീമേ

യ്സൻ എന്ന രഹസ്യസംഘടനയുടെ മദ്ധ്യകാല ഘട്ടത്തിലെ ഒരു പാരമ്പര്യ കഥയിൽ ഹൂറാം എന്ന വാസ്തുശില്പി യുടെ അതിബുദ്ധിയിൽ സോളമന് അസൂയയുണ്ടായിരുന്നു എന്ന് സൂചന യുണ്ട്. ഹൂറാം എന്നയാളാണ് ജെറുസ ലേമിലെ സോളമന്റെ ആരാധനാലയം പണികഴിപ്പിച്ച മുഖ്യശില്പി. ഉരുകിയ പിച്ചളലോഹമുള്ള പാത്രത്തിലേക്ക് ഈ മുഖ്യശില്പിയെ തള്ളിയിട്ട് വകവരു ത്താൻ സോളമൻ ശ്രമിച്ചതായി ഈ പാരമ്പര്യ പുരാവൃത്ത കഥയിൽ പറയ പ്പെടുന്നു. പക്ഷേ ഹൂറാമിന്റെ പൂർവി കനായ കായിന്റെ ആത്മചൈതന്യ ത്താൽ അദ്ദേഹം രക്ഷപ്പെടുകയാണു ണ്ടായതെന്നും ഈ പാരമ്പര്യകഥയിൽ പറയുന്നു. ഹൂറാമിന്റെ പ്രവചനപ്രകാരം അദ്ദേഹത്തിന്റെ ആളുകൾ ശത്രുവായ സോളമനെ അതിജയിക്കുമെന്ന് പ്രവ ചനമുണ്ടായിരുന്നു. സോളമൻ അവ സാനം ശില്പിയെ കൊന്നു. മരണത്തിന് മുമ്പ് ചില നിഗൂഢമുദ്രകൾ തന്റെ കൂട്ടാ ളികൾക്ക് അദ്ദേഹം പഠിപ്പിച്ചതായി പറ യപ്പെടുന്നു. (Secret Societies of the world, Volume II P. 1-8) ഇതിന്റെ മൂല കൃതി കിട്ടാനില്ല. ഈ പരാമർശം മൂല കൃതിയുടെ ഉറുദു തർജമയിൽ നിന്നെ ടുത്തതാണ്. നമുക്ക് ഈ പുസ്തക ത്തിൽ നിന്ന് അറിയാൻ കഴിഞ്ഞത് സോളമന്റെ കാലത്ത് ഉപയോഗിച്ചിരുന്ന അതേ ഗൂഢചിഹ്നങ്ങൾ തന്നെയാണ് ഫ്രീ മെയ്സനറിയുടെ (Free masornay) ഇക്കാലത്തും എല്ലാ ലോഡ്ജു (Lodges)കളിലും ഉപയോഗി ക്കുന്നതെന്നാണ്. (Ibd. P. II). ഫ്രീമേയ്സ നറിയിൽ അംഗമായി ചേരുന്ന ഒരാൾക്ക് ഈ ഹിറാം സംഭവം വിശദീകരിച്ചുകൊ ടുക്കാറുണ്ട്. (Ibd. P. 29, 30) ഈ കഥ കൾ എത്രതന്നെ അവിശ്വസനീയമായി രുന്നാലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇവയെല്ലാം വിരൽ ചൂണ്ടുന്നത് നിഗൂഢപ്രസ്ഥാനങ്ങൾ സോളമന്റെ കാലത്ത് വളരെ വ്യാപക മായിരുന്നുവെന്നാണ്.

ഖുർആൻ വചനം നൽകുന്ന സൂച നയനുസരിച്ച് യഹൂദികളുടെ രണ്ടാ മത്തെ രഹസ്യസംഘങ്ങളുടെ പ്രവർത്തനം ബാബിലോണിയൻ അടി മത്വകാലത്താണുണ്ടാവുന്നത്. പക്ഷേ ഈ സമയത്ത് അവർ ഒരു പ്രവാചക നെതിരെയാണ് പ്രവർത്തിച്ചത്. ദൈവാ ജ്ഞകൾക്ക് വിധേയമായി പ്രവർത്തി ക്കുന്ന ആത്മപ്രചോദിതരായ രണ്ട് വ്യക്തികളുടെ നേതൃത്വത്തിലായിരുന്നു അവർ പ്രവർത്തിച്ചത്. ഇസ്രയേലികളെ



സോളമന്റെ ആരാധനാലയം കലാകാരന്റെ ദൃഷ്ടിയിൽ

അടിമത്വത്തിൽ നിന്നും മോചിപ്പിക്കാ നായിരുന്നു അവരുടെ ദൗത്യം. അവരെ അടിമകളാക്കിവെച്ച ബാബിലോ ണിയയെ നെടുകെ പിളർക്കലും (ഹാ റൂത്ത്) തകർക്കലും (മാറൂത്ത്)മായി രുന്നു അവരുടെ ദൗത്യം. അവരുടെ രഹ സ്യസംഘത്തിലേക്ക് പുതിയ ആളുകൾ അംഗങ്ങളാവുമ്പോൾ നേതൃത്വത്തിലിരി ക്കുന്ന ഈ വിശുദ്ധ വ്യക്തികൾ തങ്ങ ളൊരുതരത്തിലുള്ള ദൈവിക പരീക്ഷ ണത്തിലാണെന്ന് പറയുമായിരുന്നു. നന്മയും തിന്മയും വേർതിരിച്ചറിയാ നുള്ള വിവേചന ബുദ്ധിയെപറ്റി അവർ ഉപദേശിക്കാറുണ്ടായിരുന്നു. അവർ പറ യുന്ന കാര്യം അവിശ്വസിക്കാൻ പാടി ല്ലായിരുന്നു എന്ന് അവർ ഉപദേശിച്ചു. അതിന്റെ നിരാസം അവരെ അവിശ്വാ സത്തിലേക്ക് നയിക്കുമായിരുന്നു. ഈ രണ്ട് വിശുദ്ധന്മാരുടെ അദ്ധ്യാപനങ്ങ ളിൽ പുരുഷന്മാരെയും സ്ത്രീകളെയും കർശനമായും വേർതിരിച്ചിരുന്നു. പുരു ഷന്മാർക്ക് മാത്രമായിരുന്നു ഈ സംഘ ത്തിൽ അംഗത്വം കൊടുത്തിരുന്നത് (സ്ത്രീകളെ ഒഴിവാക്കുക എന്നത് എല്ലാ രഹസ്യസംഘടനകളുടെയും പാരമ്പര്യ സ്വഭാവമാണ്). ഈ വിശുദ്ധ വ്യക്തിക ളുടെ പ്രവർത്തനങ്ങൾ ദൈവിക ആജ്ഞപ്രകാരമായിരുന്നുവെന്നും ഖുർ ആനിക വചനം പറയുന്നു.

ഈ വിവരണത്തിൽ നെബുക്കദ്നസർ രാജാവ് യഹൂദരെ ബാബിലോണി യയിലേക്ക് തന്റെ അടിമത്തത്തിനു കീഴിൽ കൊണ്ടുവന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നു. അവിടെ ദീർഘകാലം അവരെ അടിമ കളാക്കി നിർത്തി. ഈ ഖുർആൻ വച നങ്ങളിൽ പ്രതിപാദിക്കുന്ന രണ്ട് വിശു ദ്ധന്മാർ പ്രവാചകനായ ഹഗ്ഗായിയും ഇദ്ദോയുടെ പുത്രനായ സെഖര്യായു (എബ്രാ 5:1)മാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. സൈറസ് ചക്രവർത്തി പേർഷ്യ-മീഡിയാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി വന്നപ്പോൾ ഇസ്രാ യേലികൾ അദ്ദേഹവുമായി ഒരു രഹസ്യ ധാരണിയിലെത്തുകയുണ്ടായി. സൈറസ് ചക്രവർത്തിക്ക് ഈ രഹസ്യ ധാരണ വഴി ബാബിലോണിയയെ എളു പ്പത്തിൽ കീഴടക്കാൻ സാധ്യമായി. യഹൂദികൾ ചെയ്ത ഈ സഹായത്തിന് സൈറസ് ചക്രവർത്തി അവരെ ബാബി ലോൺ അടിമത്തത്തിൽ നിന്ന് മോചി പ്പിച്ച് ജെറുസലേമിലേക്ക് പോകാൻ അനുവദിച്ചു എന്ന് മാത്രമല്ല നശിപ്പിക്ക പ്പെട്ട ജെറുസലേം ദേവാലയം പുതുക്കി പണിയാൻ എല്ലാ സഹായവും ചെയ്തു കൊടുത്തു. (Historian's, History of the world ii p.126)

സുലൈമാൻ നബി (അ)യുടെ കാലത്തെ രാജ്യദ്രോഹികളായ ആളു കൾ ചെയ്ത അതേ പാതയിൽ തന്നെ യാണ് റസൂൽ തിരുമേനി(സ) കാലത്തെ യഹൂദന്മാരും സഞ്ചരിക്കുന്നതെന്ന് പ്രതിപാദിച്ചതിന്ശേഷം പിന്നീട് യഹൂ ദന്മാർ നല്ലവരായ രണ്ട് വിശുദ്ധന്മാരുടെ നേതൃത്വത്തിൽ ബാബിലോണിയയിൽ പ്രവർത്തിച്ചതിനെ സംബന്ധിച്ചും വിശുദ്ധ ഖുർആൻ പറയുന്നു. റസൂൽ തിരുമേനി(സ)ക്കെതിരെയുള്ള യഹൂദർ പ്രവർത്തിക്കുന്നതിന്റെ ഫലം ഖുർആൻ ഇവിടെ പറയേണ്ടത് ആവശ്യമായിരു

ന്നു. കാരണം മുൻകാലങ്ങളിൽ രണ്ട് ഘട്ടങ്ങളിൽ അവരുടെ വ്യത്യസ്തമായ പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത രീതിയിലുള്ള ഫലങ്ങളാണ് ഉണ്ടായത്. ഒന്നാമത്തെ തവണ അവരുടെ ഗൂഢാലോചന ഒരു പ്രവാചകനെതിരെ ആയിരുന്നു. അത് അവരുടെ അന്തസ്സിനെ പൂർണമായും നശിപ്പിച്ചു. അവസാനം ബാബിലോണിയയിൽ അടിമത്തത്തിലുമായി. രണ്ടാം തവണ അവർ തങ്ങളുടെ രഹസ്യപ്രവർത്തനം രണ്ട് പരിശുദ്ധ വ്യക്തികളുടെ ആജ്ഞയ്ക്ക് കീഴിലാണ് നടത്തിയത്. അത് വിജയത്തിൽ കലാശിക്കുകയും ചെയ്തു. അതായത് ജൂതന്മാർ റസൂൽ തിരുമേനി(സ)ക്കെതിരെ എന്ത് വിധത്തിലുള്ള ശ്രമങ്ങൾ നടത്തിയാലും സുലൈമാൻ നബി(അ) യുടെ കാലത്തുണ്ടായത്പോലെ അത് ഒടുവിൽ പരാജയത്തിൽ കലാശിക്കുന്നതായിരിക്കും. അവർ ബാബിലോണിൽ ചെയ്തത് പോലെ ദൈവിക മാർഗത്തിൻ പ്രവർത്തിച്ചാൽ അത് വിജയം കണ്ടെത്തുകയും ചെയ്യും. 'തങ്ങൾക്ക് തന്നെ ഉപദ്രവകരമായതും ഉപകരിക്കാത്തതുമായ കാര്യങ്ങളാണ് ഇവർ (ഈ യഹൂദികൾ) പഠിക്കുന്നത്' എന്ന ഖുർആന്റെ പ്രസ്താവന സൂചിപ്പിക്കുന്നത് ബാബിലോണിയയിലേത് പോലെ ഇവർ അറേബ്യയിൽ വിജയിക്കില്ലാ എന്നാണ്. റസൂൽ തിരുമേനി(സ)ക്കെതിരെയുള്ള അവരുടെ ശത്രുതാപരമായ പ്രവർത്തനത്താൽ അവരുടെ സഹായിയായിരുന്ന പേർഷ്യയിലെ ഖിസ്റ രണ്ടാമൻ തന്റെ പുത്രനാൽ കൊല്ലപ്പെടുകയുണ്ടായി. ഉമറിന്റെ കാലത്ത് യഹൂദികൾ സ്വയം തന്നെ അറേബ്യയിൽ നിന്ന് പുറത്ത് പോകേണ്ടിയും വന്നു. അവസാനമായി ഖുർആൻ ഈ വചനം ഉപസംഹരിക്കുന്നത് **'എന്തിനുപകരം അവർ സ്വന്തം ആത്മാക്കളെ വിറ്റിരിക്കുന്നുവോ അതെത്ര നികൃഷ്ടം.''** ഇതിന്റെയർഥം ഒരു നീചനായ ഗൂഢാലോചനക്കാരൻ ഒരിക്കലും തന്നെ അന്തിമവിജയം കണ്ടെത്തുകയില്ല. അവസാനമായി **'അവർ അത് ഗ്രഹിച്ചിരുന്നുവെങ്കിൽ'** എന്ന വചനം ദൈവം തന്റെ ദാസന്മാർ എപ്പോഴും സന്മാർഗത്തിന്റെ പാത അവലംബിക്കണമെന്നും ദ്രോഹബുദ്ധികളാൽ അവർ നയിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നുവെന്നതിലേക്ക് ഉജ്ജ്വലമായ തോതിൽ വെളിച്ചം വീശുന്നു. (The Holy Quran with English Translation and Commentry. By Hadrath Mirza Bashiruddin Mahmood Ahmad).

# ഫ്രീമേയ്സൻ പ്രസ്ഥാനം

**തു**ടക്കത്തിൽതന്നെ അങ്ങേയറ്റം ദുരൂഹതകളും അവ്യക്തതകളും നിറഞ്ഞു നിൽക്കുന്ന ഒരു ആഗോള രഹസ്യപ്രസ്ഥാനമാണ് ഫ്രീമേയ്സൻ. ഇസ്രയേൽ പ്രവാചകനും രാജാവുമായ സോളമന്റെ ജെറുസലേം ആരാധനാലയം പണികഴിപ്പിച്ച മുഖ്യശില്പിയായ (ചീഫ് മേയ്സൻ) ഹുറാം ആബി കൊല്ലപ്പെട്ട സംഭവത്തിൽ നിന്നുമാണ് ഈ പ്രസ്ഥാനത്തിന്റെ ആരംഭം. വാസ്തുശില്പകലയുടെ നിഗൂഢരഹസ്യങ്ങൾ സൂക്ഷിക്കുന്ന ഒരു സംഘത്തിലെ അംഗമായിരുന്ന ഹുറാം ആബി സോളമനാണ് ഹുറാമിനെ വധിച്ചതെന്ന വിചാരത്തിൽ പ്രതികാരം ചെയ്യാൻ നിഗൂഢരഹസ്യങ്ങൾ സൂക്ഷിക്കുന്ന ഈ കെട്ടിടനിർമാണ വിദഗ്ധർ ഒരു രഹസ്യസംഘടനയുണ്ടാക്കി. അതാണ് ഫ്രീമേയ്സൻ പ്രസ്ഥാനത്തിന്റെ ആദിമരൂപം എന്ന് ഊഹിക്കപ്പെടുന്നു.

പല കാലഘട്ടങ്ങളിലും നിഗൂഢമായി നിലനിന്നിരുന്ന ഈ പ്രസ്ഥാനം ജൂതതാല്പര്യങ്ങൾക്ക് വേണ്ടിയുള്ള ഒരു രഹസ്യപ്രസ്ഥാനമാണെന്ന് പറയപ്പെടുന്നു. മദ്ധ്യകാലഘട്ടങ്ങളിൽ ക്രിസ്ത്യാനികളുടെ കൊടിയ മർദനങ്ങളിൽ നിന്നും രക്ഷപ്പെടാൻ ഫ്രീമേയ്സൻ പ്രസ്ഥാനം പല നീക്കങ്ങളും നടത്തിയിട്ടുണ്ട്. ക്രിസ്തുസഭക്ക് രാഷ്ട്രത്തിന് മേലുള്ള അധികാരകുത്തക തകർത്ത ഫ്രഞ്ച് വിപ്ലവവും അമേരിക്കൻ വിപ്ലവവും ഫ്രീമേയ്സന്റെ സൃഷ്ടിയാണെന്ന് ചില ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.




ആധുനികകാലത്ത് ഫ്രീമേയ്സൻ പ്രസ്ഥാനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1717 ജൂൺ 24ന് ഇംഗ്ലണ്ടിലെ നാല് 'ലോഡ്ജു'കൾ യോജിച്ചുകൊണ്ട് ഒരു ഗ്രാന്റ് ലോഡ്ജ് രൂപീകരിച്ചതോടെയാണ്. ഫ്രീമേയ്സണറിയുടെ അടിസ്ഥാന പ്രവർത്തക യൂണിറ്റാണ് ലോഡ്ജ് (Lodge) എന്ന് പറയുക. പിന്നീട് ബ്രിട്ടീഷ് കോളനികളിലാകെ ഇതിന്റെ ശാഖകൾ വരികയുണ്ടായി. ഇന്ന് അറുപത് ലക്ഷം അംഗങ്ങളുള്ള ഒരു ആഗോള പ്രസ്ഥാനമാണ് ഫ്രീമേയ്സൻ.

ഫ്രീമേയ്സൻ പ്രസ്ഥാനം പൂർണമായും ഒരു മതപ്രസ്ഥാനമല്ല. എങ്കിലും മതത്തിന്റെ രീതിയിൽ ചില ആചാരാനുഷ്ഠാനങ്ങളുണ്ട്. വാസ്തുശില്പകലയിലെ ചില ചിഹ്നങ്ങളും പ്രതീകങ്ങളും മറ്റു നിഗൂഢമായ ചില കോഡുകളുമാണ് അവർ ആശയവിനിമയത്തിനുപയോഗിക്കുന്നത്. പ്രത്യേക രീതിയിലുള്ള ഹസ്തദാനവും ഫ്രീമേയ്സനുകളുടെ രീതിയാണ്. നിർമാണപരതയെ സൂചിപ്പിക്കുന്ന കോമ്പസും സ്ക്വയറുമാണ് ഫ്രീമേയ്സന്റെ പ്രതീകം. ഒരു ഉന്നതമായ പരാശക്തിയിൽ ഫ്രീമേയ്സൻ അംഗങ്ങൾ വിശ്വസിക്കണം. പക്ഷേ അതിന് വിശദീകരണങ്ങളോ, വിവക്ഷകളോ വ്യാഖ്യാനങ്ങളോ ഇല്ല. ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും അവരവരുടെ ദൈവമായി കരുതി അതിനെ ആരാധിക്കാം. ലോഡ്ജിൽ രാഷ്ട്രീയം, മതം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യാൻ പാടില്ല. മതത്തെ അവഗണിച്ചുകൊണ്ട് ദൈവത്തെ മാത്രം ആരാധിക്കുന്ന ദേയിസം (Deism) ആണ് ഫ്രീമേയ്സന്റെ സമ്പ്രദായം. ദീർഘകാലത്തെ നിരീക്ഷണത്തിന് വിധേയമാക്കി മറ്റംഗങ്ങളുടെ സമ്മതത്തോടെയാണ് ഫ്രീമേയ്സൻ ലോഡ്ജിലേക്ക് അംഗങ്ങളെ ചേർക്കുക.

റോമൻ കത്തോലിക്കാസഭയും പ്രൊട്ടസ്റ്റന്റ് സഭയുമാണ് ഫ്രീമേയ്സൻ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ. ഹിറ്റ്ലർ യഹൂദരേയും ഫ്രീമേയ്സൻ പ്രസ്ഥാനക്കാരെയുമാണ് വേട്ടയാടിയത്. ഫ്രീമേയ്സനെതിരെ വത്തിക്കാന്റെ നിരവധി മതശാസനകൾ നിലവിലുണ്ട്. ജൂതനിയന്ത്രണത്തിൽ ലോകത്തെ കൊണ്ടുവരാനുള്ള ശ്രമമാണ് ഫ്രീമേയ്സൻ പ്രസ്ഥാനം നടത്തുന്നതെന്നാണ് ആക്ഷേപം. ജുഡീഷ്യറി, ഐക്യരാഷ്ട്രസഭ, ലോകഭരണകൂടങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനം എന്നിവയെയെല്ലാം സ്വാധീനിച്ച് വരുതിയിലാക്കാൻ ഫ്രീമേയ്സൻ പ്രസ്ഥാനം ഗൂഢമായി ശ്രമിക്കുന്നതായി ചില നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു.

**എ.എം**

ലേഖനം



# വംശീയതയും ഇസ്‌ലാമും

എ. എം. മുഹമ്മദ് സലീം

**ജനവർഗം (Ethnic) അഥവാ വംശം (Race) ഒരു ശാസ്ത്രീയ പരികല്പനയാണെങ്കിൽ വംശീയത (Racism) അയുക്തികവും വികാരപരവുമായ ഒരു സാമൂഹിക തിന്മയും ആ തിന്മയുടെ പ്രത്യയശാസ്ത്രവത്ക്കരണവുമാണ്. വംശം എന്ന പ്രകൃതി യാഥാർഥ്യത്തെ അംഗീകരിക്കുന്ന വിശുദ്ധ ഖുർആൻ വംശീയതയെ ശക്തമായി അപലപിക്കുന്നു.**

**ജ**നവർഗങ്ങളുടെ സങ്കലനത്തിനും സമന്വയത്തിനും ദ്രുതഗതി കൈവന്നിട്ടും വംശീയതയുടെ ഭീഷണി ഒരു വൻ വിപത്തായി ആധുനിക ലോകത്ത് നിലനിൽക്കുന്നു. ഹിറ്റ്ലറുടെ ആര്യൻ വർഗ സിദ്ധാന്തവും ജൂതന്മാരുടെ സയണിസവും ബോസ്നിയൻ മുസ്‌ലിംകളെ കൊന്നൊടുക്കി സെർബുകൾ നടത്തിയ എത്നിക് ക്ലൻസിങ്ങും ഇന്ത്യയിലെ ജാതീയതയും അമേരിക്കയിലും യൂറോപ്പിലും ദക്ഷിണാഫ്രിക്കയിലും ഇപ്പോഴും നീറിപ്പുകയുന്ന നിലവിലുള്ള വർണവിവേചനവും അഫ്ഗാനിസ്താനിലെയും പാകിസ്താനിലെയും ഗോത്രവർഗപ്പോരുകളും അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന സംഘർഷങ്ങളിലെല്ലാം വംശീയത എന്ന പൈശാചിക വികാരത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ തേരോട്ടങ്ങൾ കാണാം. ഇതിൽ ആര്യൻ വംശീയത രാഷ്ട്രത്തിന്റെ ദേശീയതയായി പ്രഖ്യാപിച്ച് ലോകത്തെ കിടിലം കൊള്ളിച്ച അഡോൾഫ് ഹിറ്റ്ലർ രണ്ടാം ലോകമഹായുദ്ധത്തോടെ അരങ്ങൊഴിഞ്ഞു. എന്നാൽ യഹൂദ വംശദേശീയതയിൽ രാഷ്ട്രം കെട്ടിപ്പടുത്ത ഇസ്രയേൽ അതിന്റെ ഭീകരമായ പടയോട്ടം തുടരുകയാണ്. അതുപോലെ അവസരം കിട്ടിയാൽ നരമേധങ്ങളും കൂട്ടക്കൊലകളുമായി ആളിക്കത്തുന്ന അണയാത്ത കനൽക്കട്ടകളായി ലോകത്തെമ്പാടുമുള്ള ജനവർഗങ്ങളിൽ വംശീയത കുടികൊള്ളുന്നു എന്നതാണ് യാഥാർഥ്യം.

## വംശവും വംശീയതയും

വംശവും (Race) വംശീയതയും (Racism) നാം വേർതിരിച്ച് മനസ്സിലാക്കേണ്ടതാണ്. വംശം എന്നത് ശാസ്ത്രീയമായ ഒരു പരികല്പനയാണ്. വർണം (നിറം), മുഖാകൃതി (Facial features) ശാരീരികമായ പ്രത്യേകതകൾ, ഭാഷ, ജനിതക ഘടന മുതലായ പാരമ്പര്യ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ജന വിഭാഗങ്ങളെയാണ് വംശം (Race) എന്ന് പറയുന്നത്. ലോകത്തിലെ എല്ലാ ജനതകളും എന്തെങ്കിലും ഒരു വംശത്തിൽപ്പെടുന്നു. ആധുനിക നരവംശ ശാസ്ത്രം ഒരു ജനവർഗത്തെ മറ്റൊരു ജനവർഗത്തിൽ നിന്ന് തിരിച്ചറിയാനാണ് വംശം എന്ന സംജ്ഞ ഉപയോഗിക്കുന്നത്. എന്നാൽ വംശീയത (Racism) എന്നത് അശാസ്ത്രീയവും വികാരപരവുമായ ഒരു സാമൂഹിക തിന്മയാണ്. വംശമഹിമയുടെ പ്രത്യയശാസ്ത്രവത്ക്കരണമാണ് വംശീയത. താന്താങ്ങളുടെ വംശമഹിമ സ്വയം പെരുപ്പിച്ചും മറ്റുള്ള വംശങ്ങളെ ഇകഴ്ത്തിയുമുള്ള പ്രതിലോമകരമായ ഒരു സാമൂഹിക വീക്ഷണം പുലർത്തി അത് ആശയപരമായും കായികപരമായും അധികാരശക്തികൊണ്ടും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതാണ് വംശീയത. വംശം എന്ന യാഥാർഥ്യത്തെ വംശീയ വാദികൾ വികാരപരമായ ഒരടിസ്ഥാനമാക്കിക്കൊണ്ട് അതിന്മേലാണ് അയുക്തികവും വൈകാരികവുമായ വംശീയവാദം കെട്ടിപ്പടുക്കുന്നത്. വംശീയതയെക്കുറിച്ചുള്ള മിഥ്യാധാരണകളും സംഘർഷങ്ങളും ഇല്ലാതാക്കാൻ 1949 ൽ നരവംശശാസ്ത്രജ്ഞന്മാരെയും, സാമൂഹ്യ ശാസ്ത്രജ്ഞന്മാരേയും ഉൾപ്പെടുത്തി ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള UNESCO ഒരു ചർച്ച സംഘടിപ്പിക്കുകയും 1950 ജൂലൈ 15 ന് ഒരു പ്രഖ്യാപനം നടത്തുകയുമുണ്ടായി. അതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

*“എല്ലാ മനുഷ്യരും ഒന്നാണ്. മനുഷ്യർ തമ്മിലുള്ള വൈജാത്യങ്ങളേക്കാൾ ഏറെയാണ് അവർ തമ്മിലുള്ള യോജിപ്പുകൾ. മനുഷ്യന്റെ ശാരീരിക പ്രത്യേകതകൾക്ക് നിദാനം ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഒറ്റതിരിഞ്ഞുള്ള ജീവിതമാണ്. ദേശീയവും, മതപരവും ഭാഷാപരവും സാംസ്കാരികവുമായ വിഭജനങ്ങൾക്ക് വംശവുമായി യാതൊരു ബന്ധവുമില്ല. വംശം (Race) എന്നതിനേക്കാൾ ജനവർഗം (Ethnic)*

*എന്ന സംജ്ഞ ഉപയോഗിക്കുന്നതാണ് ഏറെ ശാസ്ത്രീയം. മനുഷ്യ വർഗ ത്തിന്റെ മുഖ്യ വിഭജനങ്ങൾ മംഗളോയി ഡുകൾ (Mangoloid Division) നീഗ്രോ യിസുകൾ, (The Negroid Division) കാക്കസോയിഡ് (Caucasoid Division) എന്നിവയാണ്. ബുദ്ധിപരമായ കഴിവു കളുടെ അടിസ്ഥാനം വംശീയമല്ല. സാംസ്കാരിക പ്രത്യേകതകൾ ജനിതക പരമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിനും സ്വഭാവത്തിനും വംശവുമായി ബന്ധമി ല്ല. ജനവർഗങ്ങളുടെ സങ്കലനത്തിലൂടെ തന്നെയാണ് വംശം രൂപപ്പെട്ടത്. വംശവും വംശത്തെ സംബന്ധിച്ച മിത്തും വ്യത്യസ്തമാണ് ഇതാണ് ആ പ്രഖ്യാപനത്തിന്റെ സാരസംഗ്രഹം.*

ഐക്യരാഷ്ട്രസഭയുടെ സുചിന്ത്യ ങ്ങളായ പ്രഖ്യാപനങ്ങൾ വരുന്നതിന് ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പേ മനുഷ്യവർഗത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ മുന്നോട്ടുവച്ച യാഥാർഥ്യങ്ങൾ എത്രമാത്രം ആർജവ മുള്ളതും ഹൃദയവർജകവും നരവംശ ശാസ്ത്രത്തിനു പോലും വഴി കാണിക്കു ന്നതുമാണ് എന്ന വസ്തുത നമ്മെ അദ്ഭുതപ്പെടുത്തും.

**'മനുഷ്യരേ, നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നു മായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.' (4:2). നിശ്ചയ മായും ഇത് നിങ്ങളുടെ സമുദായമാ കുന്നു. ഒരേയൊരു സമുദായം (21:94). 'മനുഷരേ നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടി ച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദാ യങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കു ന്നു. നിങ്ങൾ പരസ്പരം അറിയുന്നതി നുവേണ്ടി' (49:14) 'നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ നാം ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായിത്തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്, നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടി ച്ചത്. നിങ്ങളവരോട് കൂടിചേർന്ന് മന സ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കു കയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്). ചിന്തി ക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. അവന്റെ ദൃഷ്ടാ ന്തങ്ങളിൽപ്പെട്ടതാണ് ആകാശങ്ങളു ടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങ ളുടെയും വൈവിധ്യവും. തീർച്ചയായും അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാ ന്തങ്ങളുമുണ്ട്** (30:21–23).

മനുഷ്യവർഗത്തിന്റെ ഏകാത്മക തയെ പറ്റിയും പൊതു ഉല്പത്തിയെ സംബന്ധിച്ചും ഊന്നിപ്പറയുന്ന വിശുദ്ധ ഖുർആൻ ഗോത്രം, സമൂഹം, വർണം, ഭാഷ മുതലായ ഉപദാനങ്ങൾ പ്രകൃതി നിർമിച്ചതും നരവംശശാസ്ത്രപരമായി മനുഷ്യനെ കൂടുതൽ അറിയാനുള്ളതു മാണ് എന്നാണ് പറയുന്നത്. ഇതിൽ ഭാഷ എന്ന ഘടകം വംശീയമായ വർണ വിഭജനങ്ങളെ അതിവർത്തിക്കുകയും ഉദ്ഗ്രഥിക്കുകയും ചെയ്യുന്ന ഒരു ഘട കമായിത്തീരാറുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന യൂറോ പ്പിലെയും അമേരിക്കയിലെയും ജന വർഗങ്ങളെ ഭാഷാപരമായി ഉദ്ഗ്രഥി ക്കാൻ ഇംഗ്ലീഷ് ഭാഷക്കു കഴിഞ്ഞു. അതുപോലെ സഊദി അറേബ്യ ഏഡൻ, ഗൾഫ് രാജ്യങ്ങൾ, ജോർദാൻ, ഈജിപ്ത്, സുഡാൻ, ലിബിയ, ടൂണി ഷ്യ, മോറോക്കോ, അൾജീരിയഎന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെയും സിറിയ, ഇറാക്ക്, ലബനോൻ എന്നീ പശ്ചിമേ ഷ്യൻ രാജ്യങ്ങളിലെയും വിവിധ വംശ ങ്ങളിൽപ്പെട്ട ജനവർഗങ്ങളെ ഉദ്ഗ്രഥി ക്കാൻ അറബി ഭാഷക്ക് സാധിച്ചു. ഇതിൽ പല ജനവർഗങ്ങളും ഇസ്ലാം മതം സ്വീകരിച്ചതിനുശേഷമാണ് അറബി ഭാഷ സ്വായത്തമാക്കിയത്. ഭാഷ ഒരു ആർജിത ഗുണവും വംശാതീതവുമായി ഏതൊരു ജനവർഗത്തിനു സ്വായത്തമാ ക്കാൻ കഴിയുന്നതുമാണ്. ഭാഷയെയും നിറത്തെയും ഒരുമിച്ച് ദൃഷ്ടാന്തങ്ങളാ യെണ്ണുന്ന വിശുദ്ധ ഖുർആൻ വംശീയ നിർണയ വാദത്തിന്റെ മിഥ്യയെ തകർക്കുകയാണ് ചെയ്യുന്നത്. ജനവർഗ ങ്ങളുടെ വംശലക്ഷണങ്ങൾ പ്രകൃതി യിൽ കാണുന്ന വൈവിധ്യങ്ങളുടെ ഭാഗ മാണെന്നും അവർ തമ്മിൽ വിവാഹബ ന്ധത്തിലൂടെ സങ്കലിതമാക്കാമെന്നും ഈ വചനം സൂചിപ്പിക്കുന്നു. മനു ഷ്യനെ പുരോഗതിയിലേക്ക് നയി ക്കാനും പരസ്പരം ഗ്രഹിക്കാനും ദൈവം നൽകിയ അനുഗ്രഹങ്ങളിലൊ ന്നാണ് ഗോത്രീയവും വംശപരവുമായ വ്യതിരേകങ്ങളെന്നും മനുഷ്യവർഗ ത്തിന്റെ ഏകാത്മകതയിലൂന്നിക്കൊണ്ട് നിരവധി തവണ വിശുദ്ധ ഖുർആൻ ഈ തത്ത്വം ആവർത്തിക്കുന്നുണ്ട്. അത്തരം വംശ വ്യതിരേകങ്ങൾ വിനാശകരമായ വംശീയത സൃഷ്ടിക്കാനുള്ളതല്ല എന്ന താണ് വിശുദ്ധ ഖുർആന്റെ സന്ദേശം.

### വംശീയതയും കോളോണിയലിസവും

വംശീയവാദം ലോകസമാധാനത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവിപത്താണ്. പാശ്ചാത്യ രാജ്യങ്ങളുടെ കോളോണിയലിസ ത്തിന്റെ പ്രത്യയശാസ്ത്രം വംശീയതയാ യിരുന്നു. തൊലിവെളുപ്പിന്റെ വർണമഹി മയിൽ, ശ്രേഷ്ഠതയും കുലീനതയും തങ്ങൾക്കാണെന്ന വർണ ഡംഭിൽ അഹങ്കരിച്ച പാശ്ചാത്യർ കറുത്ത വർഗക്കാർ മാനവ സംസ്കൃതിയിലെ പുറമ്പോക്കിലെ നിലയും വിലയു മില്ലാത്ത അടിമപണ്ടാരങ്ങളാണെന്നാണ് ഗണിച്ചത്. തങ്ങൾ കീഴടക്കിയ കോളനി കളിലെ ജനങ്ങൾ അപരിഷ്കൃതരും പ്രാകൃതരുമാണെന്നാണ് അവർ പറഞ്ഞ ത്. അക്കൂട്ടരെല്ലാം അടിമകളാകാൻ വിധിക്കപ്പെട്ടവരാണെന്ന് കരുതിയ പാശ്ചാത്യർ ബൈബിൾ സൂക്തങ്ങ ളുദ്ധരിച്ചാണ് ഈ വർണ വെറിയുടെ തത്ത്വശാസ്ത്രം പ്രചരിപ്പിച്ചത്. അടിമ ത്തത്തെ വിധിദത്തമാണെന്ന് സ്ഥാപി ക്കുന്ന ബൈബിളിലെ ഉല്പത്തികഥ ഇങ്ങനെയാണ്.

'നോഹിന്റെ മൂന്നു പുത്രന്മാരായിരു ന്നു ശേം, യാഫെത്ത്, ഹാം. മനുഷ്യകു ലത്തിന്റെ വംശപിതാക്കളാണ് നോഹി ന്റെ ഈ മൂന്നു പുത്രന്മാർ. ശേം സെമി റ്റിക് ജനതയുടെ വംശപിതാവാണ്. യാഫെത്ത് കറുത്തവരും സെമിറ്റിക്കല്ലാ ത്തതുമായ ജനതയുടെ പിതാവ്. ഹാം അടിമകളാക്കപ്പെട്ട കറുത്തവരുടെ വംശ പിതാവും. ഹാമിന്റെ മകനായ കനാ നാണ് താൻ ചെയ്യാത്ത കുറ്റത്തിന് നോഹയുടെ ശാപമേറ്റ് അധഃസ്ഥിതനും അടിമയുമായിപ്പോയത്.കഥ ഇങ്ങനെയാ ണ്. നോഹ മുന്തിരി കർഷകനായിരുന്നു. ഒരിക്കൽ മുന്തിരിയിൽ നിന്നെടുത്ത വീഞ്ഞ് സേവിച്ച് നോഹ ലഹരിയിൽ മുങ്ങി. മദ്യലഹരിയിൽ ഉടുതുണിയി ല്ലാതെ കൂടാരത്തിൽ കിടക്കുന്ന പിതാവിനെക്കണ്ട ഹാം വിവരം സഹോ ദരന്മാരായ ശേമിനോടും യാഫെതി നോടും പറഞ്ഞു. അപ്പോൾ ഈ രണ്ട് സഹോദരന്മാരും പിതാവിന്റെ നഗ്നത യിലേക്ക് നോക്കാതെ വസ്ത്രവുമായി പിറകോട്ട് നടന്ന് ഒരുവിധം നഗ്നത മറ ച്ചു. മദ്യലഹരിവിട്ടകന്ന നോഹ ശേമി ന്റെയും യാഫെത്തിന്റെയും പ്രവർത്തി യിൽ സംപ്രീതനായി അവരെ അനുഗ്ര ഹിച്ചു. പിതാവായ നോഹയുടെ നഗ്നത യെപ്പറ്റി സഹോദരന്മാരോടു പറഞ്ഞത് ഹാം ആണെന്നറിഞ്ഞ നോഹ കോപാ കുലനായിക്കൊണ്ടു ഹാമിന്റെ ചെറുമ കൻ കനാനെ ശപിച്ചു. 'ഹാമിന്റെ മകൻ

കനാൻ ശേമിന്റെ അടിമയാകട്ടെ' എന്നായിരുന്നു ശാപം. പിതാവ് ചെയ്ത കുറ്റത്തിന് മകനെ ശിക്ഷിക്കുകയായിരുന്നു നോഹ. കനാന്റെ വംശപരമ്പരയാണ് കനാൻ ദേശത്ത് വസിച്ചിരുന്നത്. ഇസ്രയേൽ ജനത കനാൻ ദേശത്ത് വരുമ്പോൾ കനാന്റെ വംശ പരമ്പരയിൽ പെട്ടവരായിരുന്നു അവിടെ വസിച്ചിരുന്നത്. കന്യാന്യരോടുള്ള വെറുപ്പും പുച്ഛവും ബൈബിൾ വിവരണങ്ങളിൽ കാണാം. അങ്ങനെ ശേമിന്റെയും യാഫെത്തിന്റെയും വംശങ്ങൾക്ക് അടിമവേല ചെയ്യാൻ ദൈവം തന്നെ വിധിച്ച ഒരു വംശം പിറക്കുകയാണുണ്ടായത്.

വെള്ളക്കാരനല്ലാത്ത കറുത്തവരെ കൊന്നൊടുക്കുവാനും കറുമ്പമാരുടെ ഭൂമി കയ്യേറി കോളനി സ്ഥാപിക്കാനും വർണമഹിമയുടെ ബൈബിൾ കഥയാണ് അവർക്ക് പ്രചോദനമായി വർത്തിച്ചത്. മതപരമായ സാധൂകരണമുള്ളത്കൊണ്ട് അടിമത്തത്തിനും വർണ വെറിക്കും വർണ വിവേചനത്തിനുമെതിരെ ആത്മീയവും പ്രതിരോധവും രോഷവും മനസ്സാക്ഷിക്കുത്തും മതപരമായി അവരിൽ ഉളവായിയില്ല. കാറൽമാർക്സ് പറഞ്ഞ മയക്കുന്ന മതത്തെ ഇവിടെ കാണാം.

മധ്യകാല നൂറ്റാണ്ടുകളിൽ മുസ്‌ലിം പ്രതാപം ലോകത്തിന്റെ ഉച്ചിയിൽ എത്തിയിട്ടും മുസ്‌ലിംകൾ എവിടെയും കോളനി സ്ഥാപിക്കുകയുണ്ടായില്ല. സ്പെയിൻ മുതൽ ചൈന വരെയുള്ള വിവിധങ്ങളായ ജനവർഗങ്ങളെ ഒരു മത സമൂഹം എന്ന നിലയിൽ നൂറ്റാണ്ടുകളോളം ഉദ്ഗ്രഥിച്ചു നിർത്തുവാൻ ഇസ്‌ലാം മതത്തിനു സാധിച്ചു. തുർക്കി ഖിലാഫത്തിന്റെ പതനത്തിനുശേഷമാണ് സാമ്രാജ്യത്വശക്തികൾ 'പാൻ അറബിസം' എന്ന വംശീയ ഇസ്‌ലാമിനെ അറബികൾക്കിടയിൽ പ്രചരിപ്പിച്ചത്. ഇസ്‌ലാം തുടക്കം കുറിച്ച ജനവർഗങ്ങളുടെ ഉദ്ഗ്രഥന ദൗത്യം ഇന്ന് ആഗോളതലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെയാണ് നടക്കുന്നത് എന്നത് ഒരു യാഥാർഥ്യമാണ്.

### വിശുദ്ധ ഖുർആന്റെ ചരിത്രരചന

ദേശീയതയെയോ വംശീയതയെയോ ആവേശം കൊള്ളിക്കുകയോ അരക്കിട്ടുറപ്പിക്കുകയോ ചെയ്യുന്ന രീതിയിലുള്ള ഒരു ചരിത്രരചനയല്ല വിശുദ്ധ ഖുർആൻ വരച്ചു കാട്ടുന്നത്. ദേശീയ രാഷ്ട്രങ്ങൾക്ക് പാദസേവ ചെയ്യാൻ രചിക്കുന്ന അക്കാഡമിക്ക് ചരിത്രത്തിന്റെ പ്രാമാണികമായ ഒരു സവിശേഷതയും വിശുദ്ധ ഖുർആൻ പാലിച്ചിട്ടില്ല. ചരിത്രങ്ങളിലുള്ളതു പോലുള്ള അനുസ്യൂതത (Continuity), കാലാനുക്രമം (Cronological order), ചരിത്രഭൂമി ശാസ്ത്രം (Historical Geography) മുതലായ അക്കാഡമിക് ചരിത്രത്തിന്റെ ജാമിതീയ പരികല്പനകൾ മിക്കവാറും വിശുദ്ധ ഖുർആന്റെ ചരിത്ര വിവരണത്തിൽ കാണുകയില്ല. ഖുർആനിക ചരിത്രത്തിന്റെ ഈ അരേഖിയത (Nonlinearity) വംശീയതയുടെയും ദേശീയതയുടെയും വേരറുക്കുന്നു. മനുഷ്യന്റെ ധാർമികവും അധ്യാത്മികവുമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള അധ്യാപനങ്ങളെ പ്രമേയമാക്കിയാണ് വിശുദ്ധ ഖുർആൻ ചരിത്ര വൃത്താന്തങ്ങൾ വിവരിക്കുന്നത്. വംശീയത വളർത്തുന്നതോ രാഷ്ട്ര നിർമാണത്തിനു വേണ്ടിയോയുള്ള ചരിത്രമല്ല വിശുദ്ധ ഖുർആൻ വിവരിക്കുന്നത്. ഐഹിക ലോകത്ത് ഗുണങ്ങൾ പ്രതിഫലിക്കുന്നതും പാരത്രിക ലോകം ലക്ഷ്യം വെച്ചുകൊണ്ടുള്ളതുമായ ചരിത്ര വിവരണങ്ങളാണ് അത് നൽകുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു.

*"എന്നാൽ ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് അവർക്ക് നോക്കിക്കാണാമായിരുന്നു. സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രിക ഭവനം ഏറ്റവും ഗുണകരമാണ്. എന്നിട്ടും നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? .... അവരുടെ ചരിത്ര വിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠമാണ്. ഇത് കെട്ടിചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിനു മുമ്പുള്ള പ്രവചനങ്ങളുടെ സാക്ഷാത്കാരവും എല്ലാ കാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗദർശനവും ഒരു കാരുണ്യവുമാണ്.* (12:111–112).

### വിശുദ്ധ ഖുർആൻ: വംശീയഡംഭിനെതിരെ

വംശീയ ഗർവും, ദൈവത്തിന്റെ ഇഷ്ടജനമാണ് തങ്ങളെന്ന മതവിശ്വാസികളുടെ അവകാശവാദങ്ങളെയും വിശുദ്ധ ഖുർആൻ ഭൽസിക്കുന്നു. യഹൂദികളും ക്രിസ്ത്യാനികളും ഈ വാദമുയർത്തിയപ്പോൾ, അല്ല; നിങ്ങൾ വൈവിധ്യപൂർണമായ മനുഷ്യസമുദായത്തിലെ അംഗങ്ങൾ മാത്രമാണ് എന്ന് പറഞ്ഞുകൊണ്ട് ആ അവകാശവാദത്തിനെതിരെ ഖുർആൻ ശക്തമായി പ്രതികരിക്കുന്നുണ്ട്. കാണുക.

**'ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ്' എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു. പറയുക അങ്ങനെയാണെങ്കിൽ നിങ്ങളുടെ തെറ്റുകൾ നിമിത്തം അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്ത്കൊണ്ട് മറിച്ച് അവൻ സൃഷ്ടിച്ചരിൽപ്പെട്ട മനുഷ്യർ മാത്രമാണ് നിങ്ങൾ'** (5:19).

### ബൈബിൾ ചരിത്രരചനയുടെ ദൂഷ്യങ്ങൾ

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് യഹൂദികൾ എന്നാണ് ബൈബിൾ സങ്കല്പം. യഹൂദികളെ ബൈബിളിൽ 'അം' (Laos Theon – ദൈവജനം) എന്നും മറ്റുള്ളവരെ ലോജ് (പുറംജാതി) എന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

രാഷ്ട്രനിർമാണത്തിന് വേണ്ടിയുള്ള ചരിത്രരചനയുടെ രീതിയിലാണ് ബൈബിൾ ചരിത്രം വിവരിക്കുന്നത്. കാലാനുക്രമം പുരോഗമിക്കുന്ന ഭൂദേശീയതയിലധിഷ്ഠിതമായ ബൈബിളിന്റെ ചരിത്ര വിവരണത്തിന്റെ ഭയാനകമായ ഫലങ്ങൾ നാലായിരം വർഷം കഴിഞ്ഞിട്ടും ലോകം ഇന്നും അനുഭവിക്കുകയാണ് എന്ന പരമാർഥം നാമറിയുമ്പോൾ വിശുദ്ധ ഖുർആൻ ഇത്തരം വിഷയങ്ങളിൽ കാണിച്ച ദൈവികമായ സൂക്ഷ്മതയും അവധാനതയും നമ്മെ വിസ്മയം കൊള്ളിക്കുന്നു. ഇന്നത്തെ പശ്ചിമേഷ്യയിലെ ഇസ്രയേൽ ഫലസ്തീൻ സംഘർഷങ്ങളുടെ അടിവേരുകൾ ബൈബിളിന്റെ ചരിത്രവിവരണം കൊണ്ടുണ്ടായ ദൂഷ്യഫലങ്ങളാണ്.

ദൈവത്തിന്റെ സ്വന്തം ജനത്തിന് ബൈബിളിലെ ദൈവം തീറെഴുതിക്കൊടുത്ത ഭൂമിയാണ് പോലും ഫലസ്തീൻ. ബൈബിൾ വിവരണം കാണുക: **'അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു. നിന്റെ സന്തതിക്ക് ഞാൻ മിസ്രയിം നദി (നൈൽ നദി) മുതൽ ഫ്രാത്ത് നദി (യൂഫ്രട്ടീസ്) യായ മഹാനദി വരെയുള്ള ഈ ദേശത്തെ കേന്യർ കെനിസ്സ്വൽ, കദോന്യർ, ഹിത്യർ, പെരിസ്യർ, രെഫായീമ്യർ, അമോയ്യർ, കനാന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ തന്നെ തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു** (ഉല്പത്തി, 15:18–21). അതായത് മറ്റ് പുറം ജാതിക്കാർ താമസിച്ചുകൊണ്ടിരിക്കെ അവരറിയാതെ തന്നെ ദൈവം തന്റെ ഇഷ്ടജനത്തിന് ഫലസ്തീൻ ഭൂമി ദാനം ചെയ്തു കളഞ്ഞു. ദൈവത്തിന്റെ തന്നെ രണ്ടാം തരം സൃഷ്ടികളായ മനുഷ്യ മക്കളുടെ കൂടികിടപ്പുപോലും ദൈവം വകവെച്ചു കൊടുത്തില്ല. ദൈവം സ്വന്തം ജനതയോട് കാട്ടിയ പക്ഷപാതിത്വം മൂലം ഇഷ്ടജനമായ ഇസ്രയേലികൾക്ക് ബൈബിളിൽ എഴുതിക്കൊടുത്ത ഈ ദാനപത്രത്തിന്റെ അവകാശവാദം ഉന്നയിച്ചാണ് നാലായിരം വർഷങ്ങൾക്ക് ശേഷം അവിടത്തെ കുടിപാർപ്പുകാരായ



അമ്പത് ലക്ഷം ഫലസ്തീനികളെ കുടിയിറക്കി വിട്ടും പതിനായിരങ്ങളെ കൊന്നൊടുക്കിയും ഇസ്രയേൽ ഭീകര ഭരണം നടത്തുന്നത്. ദേശത്തിന്റെ അതിരുപോലും നിർണയിച്ച് ദൈവം യഹൂദർക്ക് നൽകിയ ഭൂമിയാണ് സിയോണിസ്റ്റുകൾ ദാവീദിന്റെ സാമ്രാജ്യത്തിന്റെ അതിരുകളായി കണക്കാക്കുന്നത്. ഇപ്പോഴത്തെ ഇസ്രയേൽ ആ പ്രവിശാലമായ ഭൂപ്രദേശത്തെ ഒരു ചെറുദേശം മാത്രമാണ്. കിഴക്കൻ ഈജിപ്റ്റ്, ജോർദാൻ, സഊദി അറേബ്യ സിറിയ, ഇറാക്ക് എന്നീ രാജ്യങ്ങളിലേക്കുവരെ യഹോവയുടെ വാഗ്ദാനഭൂമി വ്യാപിപ്പിക്കാം. അവിടെയുള്ള കോടിക്കണക്കിന് മനുഷ്യമക്കളെ ആട്ടിപായിച്ച് ലോക ജനസംഖ്യയിൽ അല്പം വരുന്ന ഇസ്രയേലികൾക്ക് കൈയടക്കാം. വാസ്തവത്തിൽ ബൈബിളിൽ യഹോവ പതിച്ചു നൽകിയ ഭൂമിയെ പറ്റിയുള്ള അവകാശബോധത്തിന്റെ ബലത്തിലാണ് പശ്ചിമേഷ്യയിൽ മുഴുവൻ അധിനിവേശ ഭീഷണി മുഴക്കി ഇസ്രയേൽ വിരാചിക്കുന്നത്.

**ജാതീയത**

അതുപോലെ മനുഷ്യമക്കളോടുള്ള കടുത്ത വിവേചനമാണ് ഹിന്ദുമത സമൂഹത്തിലെ ജാതീയത. ജന്മജാതമായി ലഭ്യമായതും മാറാൻ കഴിയാത്തതുമാണ് ജാതിവ്യവസ്ഥ. ഇതിന് വംശീയ വർഗീകരണവുമായി (Racial Stratification) സാമ്യതയുണ്ട്. സൈന്ധവ സംസ്കാരത്തിന്റെ തകർച്ചക്കുശേഷം വൈദിക കാലത്ത് ഉടലെടുത്തതാണ് ജാതി വ്യവസ്ഥ. വൈദിക ആര്യന്മാരുടെ അധിനിവേശാനന്തരം ഇന്ത്യയിൽ നിലവിൽ വന്ന വർണ വ്യവസ്ഥ യൂറോപ്യന്മാരുടെ വർണ വ്യവസ്ഥയേക്കാൾ യാഥാസ്ഥികവും ആചാരബദ്ധവും അഗാധമായി സമൂഹത്തിൽ വേരുള്ളതുമാണ്. അദ്ഭുതകരമെന്ന് പറയട്ടെ മറ്റെങ്ങും കാണാത്തവിധം അത് ആയിരക്കണക്കിന് വർഷങ്ങളായി ഇന്നും തുടരുന്നു. തൊഴിൽ തിരഞ്ഞെടുക്കുക എന്ന അർഥമുള്ള 'വൃ' എന്ന് ധാതുവിൽ നിന്നാണ് വർണം നിഷ്പന്നമായത് എന്ന് പറയപ്പെടുന്നു. എന്ത് തന്നെയായാലും മനുസ്മൃതികാലഘട്ടത്തിൽ അത് നാലായി (ചാതുർവർണ്യം) തിരിച്ചു ജന്മ ജാതവും മതപരവുമായ ജാതി വ്യവസ്ഥയായി.

ബൗദ്ധ പ്രഭാവത്തിൽ കഴിഞ്ഞിരുന്ന പ്രാചീന കേരളത്തിലേക്ക് ആര്യൻ പ്രാതിനിധികളായ നമ്പൂതിരിമാരുടെ അധിനിവേശ ശേഷമാണ് അയിത്താചരണത്തിലൂടെ ഈ ഹീന വ്യവസ്ഥ ഇവിടെ അരക്കിട്ടുറപ്പിച്ചത്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച നമ്മുടെ കേരളമായിരുന്നു ഇന്ത്യയിലെ ജാതി വ്യവസ്ഥയുടെ ഏറ്റവും ഭീകരമായ രംഗവേദി. മനുസ്മൃതിയിലെ ജാതിവ്യവസ്ഥയിലെ ജാതി നാലാണെങ്കിൽ കേരളത്തിൽ അത് അറുപത്തിനാലാണ്. ആകെയുള്ള 64 ജാതികളിൽ 54 ഉം നമ്പൂതിരിമാർക്ക് തീണ്ടുകുളി ആവശ്യമായ അയിത്ത വിഭാഗക്കാരാണ്. ഉന്നത ജാതിക്കാരിൽ നിന്നും തീണ്ടാപാടകലം സൂക്ഷിക്കേണ്ട കീഴ്ജാതികൾ തമ്മിലും അയിത്തം കർശനമായി പാലിച്ചു. വിഭജനമിങ്ങനെയായിരുന്നു. നമ്പൂതിരി ഇല്ലങ്ങളിലും കോവിലകങ്ങളിലും ക്ഷേത്രങ്ങളിലും ഭൃത്യജോലിയും സായുധ സേവനവുമായിരുന്നു നായന്മാർക്കു വിധിച്ചത്. ഈഴവരിൽ വലിയൊരു വിഭാഗവും നായർ തറവാടുകളിലെ ഊഴിയം അടിമകളായിരുന്നു. തെങ്ങിന്റെ കൃഷി പരിചരണവും കയറ്റവും അത് സംബന്ധമായ ജോലികളുമായിരുന്നു അവർക്ക് വിധിച്ചത്. അധഃകൃതവർഗക്കാർക്ക് കൃഷിപ്പണിയായിരുന്നു കുലത്തൊഴിൽ. ഇവർ ചണ്ഡാളരും അടിമകളുമായിരുന്നു. അബദ്ധത്തിൽ ഒരു അടിമ ഉന്നത കുലജാതയായ സ്ത്രീയെ സ്പർശിച്ചാൽ കൊലശിക്ഷ വരെ നൽകാൻ നിയമമുണ്ടായിരുന്നു. ധാർമികതയുടെയും മനുഷ്യത്വത്തിന്റെയും ഉന്നതമായ അധ്യാപനങ്ങൾ നൽകിയ മഹത്തായ ഹിന്ദുമതത്തിലെ ധീരന്മാരായ മനുഷ്യസ്നേഹികൾ തന്നെ ഹിന്ദുമതത്തെ ഗ്രസിച്ച ഈ ജാതി പിശാചിനെതിരെ പോരാടി. കേരളത്തിലെ ഹിന്ദു പൊതുസമൂഹത്തിൽ ജാതി വ്യവസ്ഥയുടെ ഭാഗമായി നിലനിന്നിരുന്ന അയിത്തവും അസ്പൃശ്യതയും ഏറെക്കുറേ ഇല്ലാതായി. പക്ഷേ വൈവാഹിക ബന്ധങ്ങളിലും മതരംഗത്തും ജാതീയത അഭംഗുരം തുടരുന്നു.

**ഉപസംഹാരം**

കാരുണ്യവാനായ ദൈവം സൃഷ്ടിച്ച മനുഷ്യരിൽ വംശീയതയും വിഭാഗീയതയുമില്ല. വിശുദ്ധ ഖുർആൻ പറഞ്ഞതുപോലെ വൈവിധ്യങ്ങൾ പരസ്പരം അറിയാനും വർണശബളിമ കൂട്ടാനും ജ്ഞാനം ഉല്പാദിപ്പിക്കാനും വേണ്ടിമാത്രമാണ്. ഒരു വിശ്വമാനവ സംസ്കൃതി രൂപപ്പെടുത്താനാവശ്യമായ ദൈവിക അധ്യാപനങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, ജൂത, ബുദ്ധ, ഇസ്‌ലാം തുടങ്ങി എല്ലാ മതങ്ങളും ഉൾക്കൊള്ളുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ വിശുദ്ധ പാഠങ്ങൾ മറച്ചുവെച്ചും മറികടന്നും അന്യഥാ വ്യാഖ്യാനിച്ചും കൂട്ടിച്ചേർത്തും മനുഷ്യനാണ് വംശീയതയും വിഭാഗീയതയും വർഗീയതയും സൃഷ്ടിച്ചത്. ഏതായാലും അനന്തമായ മനുഷ്യവൈവിധ്യങ്ങളെ രമ്യമനോഹരമായി കോർത്തിണക്കാനുള്ള സ്വർണ നൂൽ സമ്മാനിച്ച മതമാണ് ഇസ്‌ലാം. വിശുദ്ധ ഖുർആൻ ഈ സന്ദേശത്തെ ശക്തമായ വചനങ്ങളിലൂടെ അരക്കിട്ടുറപ്പിക്കുന്നു.

വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിക്കട്ടെ. 'അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ, ശാശ്വതമായ ദൈവിക ദാസ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർധനവ് കാരണം മനുഷ്യസമുദായത്തിൽ രൂപപ്പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണമായ മനുഷ്യ ഐക്യത്തിനുവേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏകതയുടെ വിഭിന്നശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം'. (ചശ്മെ മഅ്രിഫ പേ. 137).

ലേഖനം



# ഈ അപ്പത്തിൽ നിന്ന്
## നിങ്ങൾക്കും പങ്ക് പറ്റാം

ഫലാഹുദ്ദീൻ ശംസ്

> ദൈവംനൽകുന്ന അപ്പം ഗോതമ്പും ചോളവും കൊണ്ടുണ്ടാക്കിയ അപ്പമല്ല. അത് ദൈവത്തിൽ നിന്നുള്ള ആത്മീയാഹാരമാണ്. ദൈവം, ദൂതൻമാർ മുഖേന മനുഷ്യർക്കായി അത് കാലാകാലങ്ങളിൽ നൽകിപോരുന്നു. സത്യാത്മാക്കൾ ഈ അപ്പം കണ്ടെത്തി ആഹരിക്കാൻ ഭാഗ്യമുണ്ടാകേണമേ എന്നാണ് ബൈബിൾ പ്രാർത്ഥന

**'അവൻ അവരോടു പറഞ്ഞു. നിങ്ങൾ പ്രാർഥിക്കുമ്പോൾ ഇങ്ങനെ പറയുക: 'ദൈവമേ, നിന്റെ നാമം പൂജിതമാകേണമേ. നിന്റെ രാജ്യം വരേണമേ. ദിവസേന വേണ്ട അപ്പം അന്നന്നു ഞങ്ങൾക്ക് തരേണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ (ലൂക്കോസ് 2–3); സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (ദൈവമേ) നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണമേ. ദിവസേന വേണ്ട അപ്പം അന്നന്ന് ഞങ്ങൾക്ക് തരേണമേ (ലൂക്കോസ്: 6:9–11)**

ഇത് യേശു പഠിപ്പിച്ച പ്രധാനപ്പെട്ട ഒരു പ്രാർഥനയാണ്. കോടിക്കണക്കിന് ക്രിസ്ത്യാനികൾ കഴിഞ്ഞ രണ്ടായിരം വർഷമായി ഈ പ്രാർഥന ആവർത്തിക്കുന്നു. ഈ പ്രാർഥനയ്ക്ക് രണ്ട് വശങ്ങളുണ്ട്. ആദ്യത്തേത് ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കണമെന്ന അർഥനയാണ്. രണ്ടാമത്തേത് ദിവസേനയുള്ള ആഹാരത്തിനുവേണ്ടിയുള്ള അർഥനയും. ഈ പ്രാർഥനയാണ് ക്രിസ്ത്യാനികൾ ദിവസവും ആവർത്തിക്കുന്നത്. ഇവിടെ ദിവസേനയുള്ള ആഹാരം എന്നത് മിക്ക ആളുകൾക്കും ഗോതമ്പ് കൊണ്ടോ ചോളം കൊണ്ടോ ഉണ്ടാക്കിയ റൊട്ടിയാണ്. പക്ഷേ, ഇത് മാത്രമാണ് ഈ പ്രാർഥനയുടെ താല്പര്യമെങ്കിൽ ഈ പ്രാർഥനാവചനത്തിലെ സൗന്ദര്യം നഷ്ടമായിപ്പോവുന്നു. 'ദിവസേന വേണ്ട അപ്പം അന്നന്നു ഞങ്ങൾക്ക് തരണമേ' എന്ന പ്രാർഥനാശൈലിക്ക്, തികച്ചും വ്യത്യസ്തമായ മറ്റൊർഥമാണുള്ളത്.

ഇവിടെ യേശു പറഞ്ഞത് നാം ദിനേന വയർ നിറക്കുന്ന ആഹാരത്തെക്കുറിച്ചല്ല. മറ്റൊരു രീതിയിലുള്ള ആഹാരത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്.

**ബൈബിളിൽ യേശു പിശാചിന്റെ പ്രലോഭനം നേരിട്ടതായി നാം വായിക്കുന്നു. "പ്രലോഭകൻ വന്ന് അവനോട് പറഞ്ഞു: 'നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ കല്പിക്കുക.' യേശു പറഞ്ഞു: മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്; ദൈവത്തിന്റെ തിരുവായിൽ നിന്ന് പുറപ്പെടുന്ന എല്ലാ വചനങ്ങളാലും അത്രേ. (മത്താ. 4:3–4).**

യേശു പിന്നീട് ഈ വചനത്തിന്റെ അർഥം വിവരിക്കുന്നു. **'സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നു ലോകത്തിന് ജീവൻ നൽകുന്നതാണ് ദൈവത്തിന്റെ അപ്പം.' അവർ അവനോട് പറഞ്ഞു: 'കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും തന്നാലും (യോഹ: 6.33–34)**

ഈ അപ്പത്തെപ്പറ്റിയുള്ള പ്രതിപാദനം ബൈബിൾ പഴയനിയമത്തിലും കാണാം. **'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. മറിച്ച് കർത്താവിന്റെ വായിൽ നിന്ന് പുറപ്പെടുന്നവയെല്ലാം കൊണ്ട് അത്രേ' (ആവ: 8:3)**

മറ്റൊരർഥത്തിൽ പറയുകയാണെങ്കിൽ മനുഷ്യന്റെ ആത്മീയാഹാരം സമയാസമയങ്ങളിൽ ദൈവത്തിന്റെ വചനങ്ങളിൽ നിന്നാണ് വരേണ്ടത്. മുമ്പ് ഇസ്രാഈൽ ജനത പ്രവാചകൻ മോസസിലൂടെ ആത്മീയമായി അനുഗ്രഹിക്കപ്പെടുകയുണ്ടായി. അപ്രകാരം തന്നെ യേശുവിന്റെ അനുയായികളും ദൈവത്തിൽ നിന്നുള്ള ഈ ആത്മീയാഹാരം മുഖേന ആഹരിക്കപ്പെടുകയുണ്ടായി. യേശു ഈ ലളിതമായ വചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത് ദിനേന ഈ ആത്മീയ ഭക്ഷണത്തിന്റെ ആവശ്യകത മുൻനിർത്തി അതിന്റെ നിവർത്തിപ്പിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കണമെന്നാണ്. ഇന്നലത്തെ അപ്പം ഇന്നലെയുടെ ജനതക്കുള്ള അനുഗ്രഹമാണ്. അത്കൊണ്ട് ഇന്നത്തെ ജനതയുടെ വിശപ്പ് ശമിക്കണമെന്നില്ല. കഴിഞ്ഞ വർഷത്തെ വർഷജലത്തിന് ഈ വർഷത്തെ വരൾച്ചയിൽ നിന്ന് കൃഷിയെ രക്ഷിപ്പാൻ സാധ്യമല്ലല്ലോ. കാരുണ്യവാനായ ദൈവം അവന്റെ മക്കളുടെ വിശപ്പടക്കാൻ വേണ്ടി നടത്തുന്ന പ്രാർഥന അവഗണിക്കില്ല. വളരെ മനോഹരമായി യേശു ഇത് വിവരിക്കുന്നു.

**'അപ്പം ചോദിക്കുന്ന മകനു കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളുടെ**

**കൂട്ടത്തിലുണ്ടോ? അതുപോലെ മകൻ മീൻ ചോദിച്ചാൽ ആരാനും സർപ്പത്തെ കൊടുക്കുമോ? മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾക്ക് പോലും അറിയാമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോട് ചോദിക്കുന്നവർക്ക് എത്രയോ അധികം നല്ലവ നൽകും. (മത്താ. 7:9–12)**

യേശു, മുന്തിരിത്തോട്ടത്തിന്റെ ഉടമയുടെ കഥ എന്ന പേരിൽ മഹത്തായ ഒരു ഉപമാകഥ ബൈബിളിൽ വിവരിക്കുന്നു (മത്താ 21, മാർക്കോസ് 12, ലൂക്കോസ് 20).

ഈ കഥയിൽ ഒരു മുന്തിരിത്തോട്ടത്തിന്റെ ഉടമ തോട്ടം സ്ഥാപിച്ച് അത് കുടിയാന്മാരെ ഏല്പിച്ച് മറ്റൊരു നാട്ടിലേക്ക് പോയി. കൊയ്ത്ത് അടുത്തപ്പോൾ തോട്ടത്തിന്റെ ഉടമ തന്റെ ഭൃത്യന്മാരെ മുന്തിരിപ്പഴങ്ങൾ ശേഖരിക്കാൻ അയച്ചു. പക്ഷേ കുടിയാന്മാർ ഉടമ അയച്ച ഭൃത്യന്മാരെ അടിച്ചുകൊല്ലുകയും മറ്റയാളെ ഓടിക്കുകയും ചെയ്തു. അവസാനം ഉടമ തന്റെ മകനെ അയച്ചു. അയാളെയും കുടിയാന്മാർ കൊന്നുകളഞ്ഞു. ഇത്തരമൊരവസ്ഥയിൽ തോട്ടത്തിന്റെ ഉടമ ആ കുടിയാന്മാരോടു എങ്ങനെയായിരിക്കും പെരുമാറുക എന്ന് യേശു ചോദിക്കുന്നു. അപ്പോൾ ശിഷ്യന്മാർ പറഞ്ഞ ഉത്തരം 'അയാൾ (തോട്ടമുടമ) ആ നികൃഷ്ടരെ നികൃഷ്ടമാംവിധം വധിക്കും. യഥാകാലം വിള നൽകുന്ന കുടിയാന്മാർ ക്ക് ഏല്പിച്ചു കൊടുക്കും.'

## തള്ളിക്കളഞ്ഞ മൂലക്കല്ല്

**പിന്നീട് യേശു മറ്റൊരു ഉപമ പറയുന്നു. 'നിങ്ങൾ ഇത് വിശുദ്ധ ലിഖിതത്തിൽ വായിച്ചിട്ടില്ലേ. പണിക്കാർ തള്ളിക്കളഞ്ഞ കല്ലു തന്നെ മൂലക്കല്ലായി ത്തീർന്നത്. ഇത് ദൈവത്തിന്റെ പ്രവർത്തിയാണ്, നമ്മുടെ ദൃഷ്ടിയിൽ വിസ്മയകരവും. അതിനാൽ ഞാൻ നിങ്ങളോട് പറയുന്നു. ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകും' (മത്തായി 21: 42–44)**

ഈ കൊച്ചുകഥ യേശുവിനെ ക്രൂശിക്കാൻ ശ്രമിച്ച യഹൂദികളുടെ വിധിയെ പറ്റി സൂചിപ്പിക്കുന്നു. അവർ ഒന്നിനു പിറകെ ഒന്നായി പ്രവാചകന്മാരെ നിഷേധിച്ചു. അവസാനം അവരുടെ അക്രമം 'ദൈവ പുത്രൻ' എന്ന് വിശേഷിപ്പിക്കപ്പെട്ട യേശുവിന്റെ നേരെ തിരിഞ്ഞു. അതായത് യേശു വിവരിച്ചത് ദൈവത്തിന്റെ ക്രോധം ആ യഹൂദജനതയിലേക്ക് തിളച്ചുപൊങ്ങി എന്നാണ്. അവന്റെ ദൈവരാജ്യവും പ്രവാചകത്വത്തിന്റെ അനുഗ്രഹവും അവരിൽ നിന്ന് എടുത്തുമാറ്റി മറ്റൊരു ജനതക്ക് നൽകുകയും ചെയ്തു. ഏതാണ് ഈ ജനത? തിന്മ പ്രവർത്തിച്ച യഹൂദരിൽ നിന്ന് ആ അനുഗ്രഹം എടുത്ത് മാറ്റി നൽകിയ മറ്റൊരു ജനതയേതാണ്?

ഇവിടെ പറഞ്ഞ ജനത എബ്രഹാമിന്റെ മകനായ ഇസ്മാഈലിന്റെ പിന്തുടർച്ചക്കാരായ ജനതയല്ലാതെ മറ്റാരുമല്ല. അദ്ദേഹം വീട്ടിൽ നിന്ന് പുറത്ത് പോയ ആളായിരുന്നു. അതായത് പണിക്കാർ തള്ളിക്കളഞ്ഞ മൂലക്കല്ല് ആയിരുന്നു. ദൈവം ഇസ്മാഈലിനെക്കുറിച്ച് പറയുന്നു: **'ഞാൻ അവനെ വലിയ ഒരു ജനതയാക്കും.' അനന്തരം ദൈവം അവളുടെ കണ്ണ് തുറന്നു. അവൾ ഒരു നീരുറവ കണ്ടു. അവൾ ചെന്നു തുരത്തിയിൽ വെള്ളം നിറച്ച് പുത്രനു കുടിക്കാൻ കൊടുത്തു.** (21:18, 19). വീണ്ടും അവന്റെ പിതാവ് അബ്രാഹാമിനോട് : 'നീ എന്റെ വാക്ക് അനുസരിച്ചതിനാൽ നിന്റെ സന്തതികളിലൂടെ ഭൂമിയിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും (മത്താ 22:18, അപ്പോ. പ്രവ. 3:25, ഗലാതിയർ 3:8–9).

ദൈവത്തിന്റെ രാജ്യം ഒരു ജനതയിൽ നിന്ന് മറ്റൊരു ജനതയിലേക്ക് മാറ്റിയതിനെപറ്റി ബൈബിൾ ഉല്പത്തിയിൽ വ്യക്തമായ മറ്റൊരു തെളിവ് പറയുന്നു: 'അവർ പറഞ്ഞതെല്ലാം ശരി തന്നെ. നിന്നെപോലെ (മോസസ്) ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്നു. എന്റെ വാക്കുകൾ ചെവി കൊള്ളാത്തവനോട് ഞാൻ തന്നെ കണക്ക് ചോദിക്കും. എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സംസാരിക്കാൻ മുതിരുകയോ മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും (ആവ 18:18–20)

ഈ ബൈബിൾ പ്രവചനമെല്ലാം മുഹമ്മദ് നബി(സ)യുടെ വരവിനാൽ പൂർത്തിയായി. യേശുവിന് ആറ് നൂറ്റാണ്ടുകൾക്ക് ശേഷമാണ് അദ്ദേഹം അറേബ്യയിൽ പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം മോസസിന് സദൃശനായിരുന്നു. അദ്ദേഹം പുതിയ ന്യായപ്രമാണം കൊണ്ടുവന്നു. ഇസ്മാഈലി പാരമ്പര്യത്തിൽ വന്നയാളായിരുന്നു. അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവനായിരുന്നു. ഇസ്രഈൽ മക്കളുടെ സഹോദരനുമായിരുന്നു. അദ്ദേഹം ഒരിക്കലും സ്വയം സംസാരിച്ചില്ല. ദൈവത്തിന്റെ വെളിപാടനുസരിച്ചായിരുന്നു സംസാരിച്ചത്. ആ ശുദ്ധവെളിപാടുകൾ രേഖപ്പെടുത്തിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

ദൈവം ഈ വചനത്തിൽ 'എന്റെ നാമത്തിൽ സംസാരിക്കുന്നവൻ' എന്നാണ് പറഞ്ഞിട്ടുള്ളത്. മുഹമ്മദ് നബി(സ)ക്ക് അവതരിച്ച വിശുദ്ധ ഖുർആനിലെ ഓരോ അദ്ധ്യായവും **'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു'** എന്ന വചനത്തോടെയാണ് ആരംഭിക്കുന്നത്. ഈ പ്രവചനം മുഹമ്മദ് നബി (സ)യിൽ അക്ഷരംപ്രതി പൂർത്തിയാവുന്നു.

അബ്രഹാമിനോട് 'നിന്റെ സന്തതികളാൽ എല്ലാ ജനതയും അനുഗ്രഹിക്കപ്പെടും' എന്ന പ്രവചനവും മുഹമ്മദ് നബി(സ)യിലാണ് പൂർത്തിയായത്. യേശു പോലും ഇസ്രായേലിലെ കാണാതെപോയ ആട്ടിൻ ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടാനാണ് വന്നത് എന്ന് പറയുന്നു. അപ്രകാരം 'അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവൻ' എന്ന വിശേഷണം യേശുവിന് യോജിക്കില്ല. കാരണം യേശു പിതാവില്ലാതെയാണ് ജനിച്ചത്.

## യേശുവിന്റെ പ്രവചനം

അത് കൂടാതെ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ താനല്ല എന്ന് യേശു തന്റെ അനുയായികളോട് പറയുന്നു. **'ഇനിയും പല കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും.'**

ഇവിടെ മഹാനായ ഒരു പ്രവാചകൻ 'സത്യാത്മാവ്' തീർച്ചയായും വരാനുണ്ടെന്ന് യേശു പ്രവചിക്കുന്നു. അപ്പോസ്തല പ്രവർത്തികൾ ഈ പ്രവചനം വീണ്ടും സത്യപ്പെടുത്തുന്നു. 'നിങ്ങൾക്കായി നിയോഗിക്കപ്പെട്ട ക്രിസ്തുവിനെ, യേശുവിനെ, അവൻ അയക്കുകയും ചെയ്യും. ആദികാലം മുതൽ തന്റെ വിശുദ്ധ പ്രവാചകരുടെ അധരങ്ങളിലൂടെ ദൈവം അരുൾ

ചെയ്തവയെല്ലാം സംസ്ഥാപിതമാകുന്ന സമയം വരെ സ്വർഗം അവനെ സ്വീകരിക്കേണ്ടതുണ്ട്. മോശെ പറഞ്ഞു: **'കർത്താവായ ദൈവം എന്നെ ഉയർത്തിയത് പോലെ നിങ്ങൾക്ക് വേണ്ടി ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരനിൽ നിന്ന് ഉയർത്തും. അവൻ നിങ്ങളോട് പറയുന്നതെല്ലാം നിങ്ങൾ ചെവിക്കൊള്ളണം. ആ പ്രവാചകനെ ശ്രവിക്കാത്ത ഏതൊരാളും ജനത്തിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടും.** (അപ്പോ. പ്രവ. 3:20–23).

ഈ വചനങ്ങളിൽ പറയുന്നത് അവസാനകാലത്ത് യേശുവിനെ വീണ്ടും ദൈവം അയക്കുമെന്നാണ്. പക്ഷേ ഇത് സംഭവിക്കുന്നതിന് മുമ്പായി മോസസിനാൽ പ്രവചനം ചെയ്യപ്പെട്ട പ്രവാചകൻ വരേണ്ടതുണ്ട്. അങ്ങനെയാണ് ദൈവസാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുക. അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു.

യേശു തനിക്ക് ശേഷം വരുന്ന പ്രവാചകനെ പറ്റി വ്യക്തമായി പ്രവചിക്കുകയും ആകാശത്ത് നിന്നുള്ള അപ്പം ലഭിക്കാൻ ഉള്ള പ്രാർഥന പഠിപ്പിക്കുകയും ചെയ്തു. 'അവർക്ക് കണ്ണുണ്ട് പക്ഷേ കാണില്ല.' പ്രവാചകരുടെ സത്യം കാണാൻ കൂട്ടാക്കാത്ത ദുഷ്ടാത്മാക്കളെ സംബന്ധിച്ചാണ് ഈ വചനം പറയുന്നത്.

## കള്ളപ്രവാചകന്മാരെക്കുറിച്ചുള്ള താക്കീത്

യേശു കള്ളപ്രവാചകരെ പറ്റി താക്കീത് നൽകിയിട്ടുണ്ട്. അതിനർഥം ഭാവിയിൽ വരുന്നവരെല്ലാം കള്ള പ്രവാചകരാണ് എന്നല്ല. വരാനിരിക്കുന്ന പ്രവാചകൻമാർക്കിടയിൽ കള്ള പ്രവാചകരുണ്ടാകും അത്കൊണ്ട് നിങ്ങൾ സത്യ പ്രവാചകരെ തിരിച്ചറിയാനുള്ള മുന്നറിയിപ്പാണ് യേശു നൽകിയത്. 'വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളു. അവർ ആടിന്റെ വേഷത്തിൽ നിങ്ങളെ സമീപിക്കും. അപ്രകാരം അവനെയും നിങ്ങൾക്ക് ഫലം കൊണ്ടു തിരിച്ചറിയാം (മത്താ 7 : 15,20).

ഇനി ഒരു പ്രവാചകനും വരാനില്ലെങ്കിൽ വ്യാജ പ്രവാചകനെക്കുറിച്ച് മുന്നറിപ്പ് നൽകേണ്ട യാതൊരാവശ്യവുമില്ല. ഇനി ഒരു പ്രവാചകനും വരാനില്ല എന്ന് പറഞ്ഞാൽ മാത്രം മതിയായിരുന്നു. അതിന് പകരം അദ്ദേഹം പറഞ്ഞത് **'വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളൂ അവർ ആടിന്റെ വേഷത്തിൽ വരും, എന്നാൽ അവർ അകത്ത് ദുര നിറഞ്ഞ ചെന്നായ്ക്കളാണ്. ഫലങ്ങൾക്കൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം.**



**മുൾചെടിയിൽ നിന്നു മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ ശേഖരിക്കാറുണ്ടോ? അതേ, നല്ല വൃക്ഷത്തിൽ നല്ല ഫലമുണ്ടാകും. ചീത്ത വൃക്ഷങ്ങളിൽ ചീത്ത ഫലവുമുണ്ടാകും. നല്ല വൃക്ഷം ചീത്തഫലവും ചീത്ത വൃക്ഷം നല്ല ഫലവും കായ്ക്കാറില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടിതീയിലിടും. അപ്രകാരം അവരെയും നിങ്ങൾ ക്ക് ഫലം കൊണ്ട് തിരിച്ചറിയാം** (മത്താ : 15 – 20) ഈയൊരു മാനദണ്ഡം വെച്ച് കൊണ്ട് മുഹമ്മദ് നബി(സ)യുടെ സത്യത പരിശോധിക്കാം. അദ്ദേഹത്തെ മക്കയിൽ നിന്ന് പുറത്താക്കിയതിൽ പിന്നെ ഏതാനും വർഷങ്ങൾക്ക് ശേഷം പതിനായിരം അനുയായികളുമായി മക്കയിൽ തിരിച്ചെത്തി. പാറാൻതാഴ് വരയിലൂടെയാണ് അദ്ദേഹം വന്നത്. ഇത് മോസസിന്റെ മറ്റൊരു പ്രവചനത്തിന്റെ പൂർത്തീകരണമാണ്. (കർത്താവ് സീനായിൽ വന്നു. സേയിറിൽ വെച്ച് നമ്മുടെ മേൽ ഉദിച്ചു. പാറാൻ പർവതത്തിൽ അവൻ പ്രകാശിച്ചു. (ആവർത്തനം: 33 :2)

വിശുദ്ധപ്രവാചകൻ മുഹമ്മദ്നബി(സ) പ്രകൃതി സാധാരണമാംവിധം ദിവംഗതനായി. അതിന് ശേഷം അദ്ദേഹത്തിന്റെ സന്ദേശം ലോകം മുഴുവൻ അനുയായികൾ പ്രചരിപ്പിച്ചു. അതായിരുന്നു പടിഞ്ഞാറ് ദേശത്ത് തിളങ്ങിയ മുഹമ്മദി(സ)ന്റെ വെളിച്ചം. ആ വെളിച്ചമാണ് യൂറോപ്പിനെ ഇരുണ്ട കാലഘട്ടത്തിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവന്നത്. ഈ കാലത്തും മുഹമ്മദ്നബി (സ)യുടെ അനുയായികൾ അനുദിനം വർധിച്ചുകൊണ്ടേയിരിക്കുന്നു. ലോകത്തിലെ എല്ലാ കോണുകളിലും വ്യാപിക്കുന്നു. വ്യാജ പ്രവാചകന്മാരെ ദൈവം നശിപ്പിക്കുമെന്ന് പ്രവചനമുണ്ടെങ്കിൽ മുഹമ്മദ്നബി(സ)ക്ക് എന്ത്കൊണ്ട് ഇത്ര വലിയ വിജയമുണ്ടായി?

## ക്രിസ്തീയ സഹോദരങ്ങൾ മുഹമ്മദ് നബി(സ)യെ തിരിച്ചറിയുക

മോസസിനു സദൃശനായി വന്ന മുഹമ്മദ് നബി(സ) യെഅംഗീകരിക്കാൻ ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട ക്രിസ്തീയ സഹോദരന്മാരെ ക്ഷണിക്കുകയാണ്. അദ്ദേഹമാണ് മനുഷ്യവംശത്തിന് ആകമാനം വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ. അദ്ദേഹം സമാധാനത്തിന്റെ രാജകുമാരൻ, നിത്യനായ പിതാവ്, ആശ്വാസ പ്രദൻ, സത്യത്തിന്റെ ആത്മാവ്, പ്രവാചകന്മാരുടെ മുദ്ര എന്നീ അഭിധാനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധഖുർആനിൽ വിശ്വസിക്കൽ ക്രിസ്ത്യാനികളുടെ മതപരമായ ധർമമാണ്. മുഹമ്മദിന് (സ) ദൈവത്തിൽ നിന്ന് വെളിപ്പെട്ട ഈ വിശുദ്ധഗ്രന്ഥം എല്ലാ തിരുവെഴുത്തുകളിലും പ്രവചിക്കപ്പെട്ട സത്യങ്ങളുടെ സംക്ഷേപമാണ്. എല്ലാ ലൗകികവും ആത്മീയവുമായ പ്രശ്നങ്ങൾക്കും ഇതിൽ പൂർണമായ പരിഹാരമുണ്ട് അതിൽ ശാശ്വതശാന്തിക്കുള്ള വഴികളുണ്ട്. ഉത്തരമില്ലാത്ത പ്രശ്നങ്ങൾക്ക് അതിൽ പരിഹാരമുണ്ട്. ഇതിനെല്ലാറ്റിനുമുപരിയായി ലളിതവും എളുപ്പവുമായ ജീവിതസംഹിതയായതു കൊണ്ട് ഈ മതം അനായാസം ആചരിക്കാം. നിങ്ങളുടെ ജീവിതത്തിലെ എല്ലാ പ്രതിബന്ധങ്ങളും ദൈവസഹായത്താൽ പരിഹരിക്കപ്പെടും. യാതൊരു വിധ മനഃശാസ്ത്ര ചികിത്സകൊണ്ടും സാന്ത്വനം കൊണ്ടും പുനരുജീവിപ്പിക്കാൻ കഴിയാതെ മരിച്ചുപോയ ആത്മാവിനെ പുനരുജീവിപ്പിക്കാൻ ഈ സ്വർഗീയ സത്യത്തിന് സാധ്യമാണ്.

ഇതിന് വേണ്ടിയാണ് നിങ്ങൾ പ്രാർഥിക്കേണ്ടത്. തീർച്ചയായും നിങ്ങളുടെ പ്രാർഥനകൾക്ക് ഉത്തരം നൽകപ്പെടും.

ഖിലാഫത്തിന്റെ സാദൃശ്യാത്മകത (തുടർച്ച)



# ഹദ്റത്ത് അഹ്മദ്(അ)
## സഹസ്രാബ്ദത്തിന്റെ മുജദ്ദിദ്

ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്)

വിശുദ്ധഖുർആനിലെ ആയത്ത് ഇസ്തിഖ്ലാഫിൽ (24-ാം അധ്യായം, 56-ാം വചനം) മൂസാനബി(അ)യുടെയും നബി(സ) തിരുമേനിയുടെയും സമുദായങ്ങൾ തമ്മിലുള്ള സാദൃശ്യം വിവരിച്ചിരിക്കുന്നു. അവിടെ ഖിലാഫത്തുണ്ടായതുപോലെ ഇവിടെയും ഖിലാഫത്ത് ഉണ്ടായിവരും. ആ സദൃശ്യാത്മകതയുടെ വിശദീകരണം.

ഇസ്തിഖ്ലാഫിന്റെ വചനത്തിൽ പ്രതിപാദിച്ചിട്ടുള്ള 'കമാ'(പോലെ) എന്ന പദത്തിൽ കാണുന്ന സമ്പൂർണ സാദൃശ്യാത്മകതയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഈ സാദൃശ്യംകൊണ്ട് സമ്പൂർണ സാദൃശ്യമല്ല ഉദ്ദേശ്യമെങ്കിൽ, പ്രസ്തുത വാക്യം നിരർഥകമായിപ്പോകുന്നതാണ്. എന്തുകൊണ്ടെന്നാൽ, മൂസവീ ശരീഅത്തിൽ ആയിരത്തിനാന്നൂറ് വർഷം വരെ ഖിലാഫത്തിന്റെ പരമ്പര നിലനിന്നു; 30 വർഷംവരെയല്ല. നൂറുകണക്കിന് ഖലീഫമാർ ആത്മീയവും ഭൗതികവുമായ നിലയിൽ ഉണ്ടായി; നാലല്ല. പിന്നീട് വരിക, ദൈവത്തിന് വേണ്ടി നിങ്ങൾ സ്വയം സമർപ്പിതരാവുക. വാഗ്ദാനം ചെയ്യപ്പെട്ട ആ പുണ്യാത്മാവ് ആഗതനായിരിക്കുന്നു. അദ്ദേഹത്തിൽ വിശ്വസിച്ചുകൊണ്ട് ദൈവരാജ്യത്തിൽ അണിചേരുക

മറ്റൊരു ദിവ്യപുരുഷന്റെ ആഗമനംകൂടി യേശു പ്രവചിച്ചിട്ടുണ്ട്. മുഹമ്മദ് നബി(സ)യുടെ തന്നെ രണ്ടാം വരവ്. എല്ലാ അടയാളങ്ങളുടെ പൂർത്തീകരണത്തിന്റെ നിറവിൽ മുഹമ്മദ്നബി (സ)യുടെ അവതരണത്തിന് ശേഷമാണ് അത് സംഭവിക്കുക. മുഹമ്മദ് നബി (സ)യെ വിശ്വസിക്കാതെ അദ്ദേഹത്തിന്റെ രണ്ടാം വരവിൽ അവതരിക്കുന്ന മഹാത്മാവിനെ നിങ്ങൾക്ക് തിരിച്ചറിയാൻ സാധ്യമല്ല. പ്രവചനങ്ങളുടെ ഭാഷയും പ്രതീകങ്ങളുടെ അർഥവും നാം മനസിലാക്കേണ്ടതുണ്ട്. യേശു രണ്ടാമതും നിങ്ങളുടെ കൺ മുന്നിൽ വന്നണയുകയും തിരോഭവിക്കുകയും ചെയ്തിരിക്കുന്നു. രാത്രി വന്ന കള്ളനെപ്പോലെ അദ്ദേഹം ഇരുപതാം ആണ്ടിൽ ആഗതനായി . കഷ്ടം നിങ്ങൾക്ക് അദ്ദേഹത്തെ തിരിച്ചറിയാനായില്ല.

ഇന്ത്യയിൽ ഹദ്റത്ത് മിർസാഗുലാം അഹമദ് ഖാദിയാനി (അ) യേശുവിന്റെ സാമ്യതയിലും സാദൃശ്യത്തിലും ആഗതനായി. യേശു വിന്റെ രണ്ടാം വരവിനെ സംബന്ധിച്ച സകല പ്രവചനങ്ങളും അദ്ദേഹത്തിൽ പൂർത്തിയായി. അദ്ദേഹം സകല മനുഷ്യർക്കും തന്റെ യജമാനനായ മുഹമ്മദ് നബി (സ)യുടെ സന്ദേശം നല്കി. ഒരിക്കൽ കൂടി ദൈവത്തിന്റെ മുഖം കാണുമാറാകുകയും ദൈവത്തിന്റെ ശബ്ദം കേൾക്കുമാറാകുകയും ചെയ്തു. നിങ്ങൾ അത്യധികം പ്രത്യാശയോടെ വൈകാരികാവേശത്തോടും പ്രാർഥിച്ചു കൊണ്ടിരിക്കുന്ന അപ്പം ഒരിക്കൽ കൂടി നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങൾ സന്തോഷിക്കുക. നിങ്ങളുടെ പ്രാർഥനകൾ നിങ്ങൾ അറിഞ്ഞോ അറിയാതെയോ സഫലമായ ഈ മുഹൂർത്തം തിരിച്ചറിയുക - ഇതാ ദൈവരാജ്യം സമാഗതമായി. നിങ്ങൾക്കും നിങ്ങളുടെ അപ്പത്തിന്റെ പങ്കറ്റാം.

എന്നന്നേക്കുമായി അതവസാനിച്ചു." (ശഹാദത്തുൽ ഖുർആൻ, പേജ് 19)

വീണ്ടും പറയുന്നു: ''ഹദ്റത്ത് മൂസാ(അ)യെക്കുറിച്ച് അദ്ദേഹത്തിന്റെ ശരീഅത്തിന്റെ അനുഗ്രഹവും ഖിലാഫത്തെ റാശിദായുടെ കാലഘട്ടവും ആയിരത്തിനാന്നൂറ് വർഷംവരെ തുടർച്ചയായി നിലനിന്നുവെന്നും എന്നാൽ, റസൂൽമാരിൽ ശ്രേഷ്ഠനും നബിമാരിൽ ഉത്തമനും ആയ നബിയുടെ ശരീഅത്തിന്റെ കോന്തല ഖിയാമത്തുനാൾവരെ വ്യാപിച്ചുനില്ക്കുന്നതാണെങ്കിലും അതിന്റെ അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ കാലത്തുമാത്രം പരിമിതമായിരുന്നുവെന്നും വിശ്വസിക്കുന്ന ഒരുവന്റെ അഭിപ്രായം സദ്ഹൃദയനായ ഏതെങ്കിലും മനുഷ്യന്റേതാകുമോ?.. 'മിൻകും' എന്ന പദത്തിലൂടെ സത്യവിശ്വാസികളും സൽകർമ്മികളുമായിട്ടുള്ളവർ മുമ്പേയും ഖലീഫമാരായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്, നിങ്ങളിൽനിന്ന് സത്യവിശ്വാസികളും സൽകർമികളും മാത്രമെ നിശ്ചയിക്കപ്പെടുകയുള്ളൂ എന്നറിയിക്കുന്നതും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്." (ശഹാദത്തുൽ ഖുർആൻ, പേജ് 22–24).

വീണ്ടും പറയുന്നു: ''എന്നല്ല, ഇവിടെ ബാഹ്യമായ സംരക്ഷണത്തോടൊപ്പം ഖുർആനികമായ സ്വാധീനഫലങ്ങളുടെയും നേട്ടങ്ങളുടെയും സംരക്ഷണവും ഉദ്ദേശ്യമാണ്. അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് അത് സാധിക്കുന്നത് കാലത്തിനൊത്ത് ഉപദൂതന്മാർ വരുമ്പോഴാണ്. അവരിൽ പ്രതിബിംബാത്മകമായ നിലയിൽ നുബുവ്വത്തിന്റെ എല്ലാ ഉപകാരങ്ങളും ഉണ്ടാവുകയും അവർക്ക് നബിമാർക്ക് കൊടുക്കുന്ന സകല അനുഗ്രഹങ്ങളും നല്കപ്പെടുകയും വേണം. ഈ മഹത്തായ കാര്യമാണ് ***വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി ലയസ്തഖ്‌ലിഫന്നഹും ഫിൽഅർദി കമസ്തഖ്‌ലഫല്ലദീന മിൻ ഖബ്‌ലിഹിം വലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർതദാ ലഹും വ ലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ– യഅ്ബുദൂനനീ ലാ യുശ്‌രിക്കൂനബീ ശയ്ആ– വമൻകഫറ ബഅ്ദ ദാലിക്ക ഫഉലായിക്ക ഹുമുൽഫാസിഖൂൻ*** (24:56) എന്ന വചനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്." (ശഹാദത്തുൽ ഖുർആൻ പേജ്– 28)

വീണ്ടും പറയുന്നു: "മുജദ്ദിദും മുഹദ്ദഥും ലോകത്ത് വന്ന് ദീനിൽ എന്തെങ്കിലും ഏറ്റക്കുറച്ചിലുകൾ വരുത്തുന്നുവെന്ന് ഞാൻ എപ്പോഴാണ് പറഞ്ഞിട്ടുള്ളത്? നാം പറയുന്നത് ഒരു കാലം കഴിഞ്ഞതിനുശേഷം പരിശുദ്ധമായ അധ്യാപനങ്ങൾക്കുമീതെ ദുഷ്ടചിന്താഗതിയുടെ ഒരു ധൂളി പതിക്കുകയും പവിത്രമായ സത്യത്തിന്റെ മുഖം മറഞ്ഞുപോവുകയും ചെയ്യുമ്പോൾ ആ മനോഹരമായ മുഖത്തെ കാണിക്കുന്നതിനുവേണ്ടി മുജദ്ദിദും മുഹദ്ദഥും ആത്മീയഖലീഫമാരും വരുന്നുവെന്നാണ്... പുരാതനകാലം മുതൽ നബിമാരുടെ ആവശ്യം ഉണ്ടായിരുന്ന അതേരീതിയിൽതന്നെ ഈ സമുദായത്തിലും മുജദ്ദിദുമാരുടെയും ആത്മീയമായ ഖലീഫമാരുടെയും ആവശ്യമുണ്ട്. ഹദ്റത്ത് മൂസാ(അ) നബി മുർസിൽ ആയിരുന്നുവെന്നും അദ്ദേഹത്തിന്റെ തൗറാത്ത് ബനൂഇസ്‌റാഈലിനുള്ള അധ്യാപനത്തിന് പൂർണമായിരുന്നുവെന്നുമുള്ള സംഗതി ആരും നിഷേധിക്കാനിടയില്ല... പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും തൗറാത്തിനുശേഷം പുതിയ ഗ്രന്ഥമൊന്നും കൂടെ കൊണ്ടുവരാത്ത നൂറുകണക്കിന് നബിമാർ ബനൂ ഇസ്‌റായീലിൽനിന്ന് വന്നു."

വീണ്ടും പറയുന്നു: ''അങ്ങനെ തൗറാത്തിനെ സഹായിക്കാൻ ഓരോരോ നേരത്ത് നൂറുകണക്കിന് നബിമാരും വന്നു. അവരുടെ വരവിനെ സംബന്ധിച്ച് ബൈബിൾ ഇപ്പോഴും സാക്ഷി പറയുന്നു." (ശഹാദത്തുൽ ഖുർആൻ)

ഇതേ സമ്പൂർണ സാദൃശ്യാത്മകതയെക്കുറിച്ച് വീണ്ടും ആ ധന്യാത്മാവ് പറയുന്നു: "മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ നിങ്ങളിൽനിന്ന് ചില സൽകർമികളായ വിശ്വാസികളെ ഭൂമിയിൽ അവരുടെ റസൂലിന്റെ(സ) ഖലീഫമാരാക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു... ഇത് ബാഹ്യമായ നിലയിലുള്ള സുവാർത്തയാണ്. എന്നാൽ, ഖുർആനിക വചനങ്ങളിൽ, തുടർന്നുകൊണ്ടിരിക്കുന്ന ദൈവികനടപടിക്ക് വിധേയമായ ഒരു ആന്തരിക അർഥവുമുണ്ട്. അതെന്താണെന്നുവെച്ചാൽ, ആന്തരികമായ നിലയിൽ ഈ വചനങ്ങളിൽ ആത്മീയ ഖിലാഫത്തിലേക്കും സൂചനയുണ്ട്. ഇതുകൊണ്ടുദ്ദേശിക്കുന്നത് ഓരോ ഭയത്തിന്റെ അവസ്ഥയിലും അതായത് ദൈവസ്നേഹം ഹൃദയത്തിൽനിന്നുയർന്നുപോവുകയും ചീത്തയായ മതങ്ങൾ എല്ലായിടത്തും വ്യാപിക്കുകയും ജനങ്ങൾ ഭൗതികതയ്ക്ക് കുമ്പിടുകയും യഥാർഥ ദീൻ പാടെ ഇല്ലാതാകുമെന്ന ആശങ്ക ഉടലെടുക്കുകയും ചെയ്യുമ്പോൾ, ആത്മീയ ഖലീഫമാരെ സൃഷ്ടിച്ചുകൊണ്ടിരിക്കും. എന്തിനെന്നാൽ, അവരുടെ കൈയാൽ ആത്മീയമായ നിലയിൽ ദീനിന്റെ വിജയവും സഹായവും പ്രകടമാവുകയും സത്യത്തിന് വന്ദ്യതയും അസത്യത്തിന് നിന്ദ്യതയും ഉണ്ടാവുകയും എപ്പോഴും ദീൻ അതിന്റെ തനിമയാർന്ന നിലയിൽ മടങ്ങിക്കൊണ്ടിരിക്കുകയും വഴികേട് പരക്കുകയും ദീൻ നഷ്ടപ്പെട്ടുപോവുകയും ചെയ്യുമോ എന്ന ആശങ്കയിൽനിന്ന് വിശ്വാസികൾ സമാധാനാവസ്ഥയിൽ വരികയും വേണം." (ബറാഹീനെ അഹ്മദിയ്യാ, ഒന്നാം പതിപ്പ്, പേജ്: 235, 236 അടിക്കുറിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുർആൻ 24–ാം അധ്യായം 56–ാം വചനത്തിൽ– ആയത്ത് ഇസ്തിഖ്‌ലാഫിൽ വന്ന 'കമാ' എന്ന പദത്തെ വ്യാഖ്യാനിച്ചുകൊണ്ട് പറഞ്ഞു, "ഹദ്റത്ത് മൂസാ(അ)യുടെ സമുദായത്തിൽ എത്ര തരത്തിലുള്ള, എത്ര വർണത്തിലുള്ള, എത്ര കാലംവരെയുള്ള, ഏതൊരു കാലഘട്ടത്തിന്റെ പരിഷ്കരണത്തിനായി ഖലീഫമാർ ജന്മംകൊണ്ടിരുന്നുവോ അതുപോലെതന്നെ മുഹമ്മദിയ്യാ സമുദായത്തിലും ജനിച്ചുകൊണ്ടിരിക്കും. മൂസവി സമുദായത്തിലെ ഖലീഫമാരുടെ ചരിത്രത്തിൽ നാം കണ്ണോടിക്കുമ്പോൾ അവിടെ നമുക്ക് പലതരത്തിലുള്ള ഖലീഫമാരെ കാണാൻ കഴിയുന്നു. ഒന്ന്, പതിനാല് ഖലീഫമാരടങ്ങുന്ന ഖിലാഫത്തിന്റെ പരമ്പര. അവരുടെ ആദ്യത്തേതും, തന്റെ സമുദായത്തിൽ വലുതുമായ ഖലീഫയും മുജദ്ദിദും ഹദ്റത്ത് മൂസാ(അ) ആയിരുന്നു. അവരുടെ 14–ാമത്തേതും ഏറ്റവും അവസാനം വന്നതുമായ ഖലീഫയും മുജദ്ദിദും ഹദ്റത്ത് ഈസാ(അ) ആയിരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ''മുഹമ്മദിയ്യാ സമുദായത്തിലും ഇത്തരത്തിലുള്ള ഖിലാഫത്തും ദീനിന്റെ പരിഷ്കരണവും തുടർന്നുവന്നു. അതായത് ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ മുഹമ്മദിയ്യ സമുദായത്തിൽ ദീനിന്റെ പരിഷ്കരണ പരമ്പര നിലവിൽവന്നു. ഈ പരിഷ്കരണ പരമ്പരയിലെ മുജദ്ദിദെ അഅ്ലം– ആ മഹാത്മാവിനാണ് ഏറ്റവും വലിയ ഖിലാഫത്ത് ലഭിച്ചത്– നബി(സ) തിരുമേനിയായിരുന്നു. ആ മഹാത്മാവിനു ശേഷം ആദ്യം വന്ന ഖലീഫ ഹദ്റത്ത് അബൂബക്കർ(റ) ആയിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന് സമ്പൂർണമായൊരു സാദൃശ്യം ഹദ്റത്ത് യൂശഅ് ബിൻ നൂനുമായിട്ടുണ്ട്. അദ്ദേഹം മൂസാ(അ)നുശേഷം വന്ന ആ പതിമൂന്ന് ഖലീഫമാരുടെ പരമ്പരയിൽ ആദ്യത്തെ ഖലീ

ഫയായിരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് അബൂബക്കറിന് ഹദ്റത്ത് യൂശഅ് ബിൻ നൂനുമായിട്ടുള്ള സാദൃശ്യത്തെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ആ മഹാത്മാവ് പറഞ്ഞു, 'അവസാനത്തിൽ ഞാനാണുള്ളത്. എന്റെ സമ്പൂർണമായ സാദൃശ്യം ഹദ്റത്ത് മസീഹ് നാസിരിയുമായിട്ടാണ്'. ആ മഹാത്മാവ് ഇങ്ങനെയും പറഞ്ഞു, "ഒരു പരമ്പര ദീർഘകാലം നിലനില്ക്കുമ്പോൾ (1400 വർഷം) ഓരോ കണ്ണിയുമെടുത്ത് വിശദമായി ചർച്ച ചെയ്യുക എന്നത് നമുക്ക് സാധ്യമല്ല. കാരണം ചരിത്രം ഈ സംഭവങ്ങളുടെ വിശദീകരണത്തെ സുരക്ഷിതമാക്കിവെച്ചിട്ടില്ല. പക്ഷേ, അല്ലാഹുവിന്റെ യുക്തിപ്രഭാവം ആദ്യകണ്ണിയുടെ ചരിത്രപരമായ വിശദീകരണങ്ങളെ സുരക്ഷിതമാക്കിയിരിക്കുന്നു. അവസാനകണ്ണിയുടെ ചരിത്രപരമായ വിശദീകരണവും സുരക്ഷിതമാക്കിവെച്ചിരിക്കുന്നു. അതായത്, യൂശഅ് ബിൻ നൂനിനെ സംബന്ധിച്ച് നമുക്ക് വിശദമായ അവസ്ഥകൾ അറിയാം. ഹദ്റത്ത് മസീഹ് നാസിരിയെ സംബന്ധിച്ചും വിശദമായ അവസ്ഥകൾ നമുക്കറിയാം. ഹദ്റത്ത് അബൂബക്കർ (റ)നെ സംബന്ധിച്ചും വിശദമായ അവസ്ഥകൾ നമുക്കറിയാം. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെക്കുറിച്ചും വിശദമായ അവസ്ഥകൾ നമുക്കറിയാം. ഇപ്പോഴും ആ മഹാത്മാവിന്റെ സ്വഹാബത്ത് ജീവിച്ചിരിപ്പുണ്ട്. അവർ തങ്ങളുടെ സ്വന്തം കണ്ണുകൊണ്ട് ആ മഹാത്മാവിനെ കണ്ടവരാണ്. ശേഷംവന്ന തലമുറകളുടെ മുമ്പിലും ആ വിവരണങ്ങൾ വന്നിട്ടുണ്ട്. ആ വിവരണം അറിയുന്നവർക്ക് ഹദ്റത്ത് മസീഹ് നാസിരി (അ)യുമായി ഏത് നിറങ്ങളിലും ഏത് രീതികളിലുമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സമ്പൂർണമായൊരു സാദൃശ്യമുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് മസീഹ് നാസിരി (അ) യുടെ ജീവിതത്തിൽ കഴിഞ്ഞുകടന്ന അതേ അവസ്ഥകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലുമുണ്ടായി. വിശദീകരണത്തിലേക്ക് പോകാനാഗ്രഹിക്കുന്നില്ല. ആ മഹാത്മാവ് പറഞ്ഞു, '***ഈ ഖിലാഫത്ത് പരമ്പരയുടെയും മുജദ്ദിദ് പരമ്പരയുടെയും ഞാൻ അവസാനത്തെ ഖലീഫയാകുന്നു. ഏറ്റവും അവസാനം വന്നവൻ. എനിക്ക് ശേഷം ഈ പരമ്പരയിൽ ഒരു മുജദ്ദിദും ജനിക്കുകയില്ല.*** നമ്മുടെ മുജദ്ദിദെ അഅ്ളം ഉൾപ്പെടെ ഈ പരമ്പരയിലെ ഖലീഫമാർ പതിനാല് ആയിരുന്നു. പതിനാല് എന്ന എണ്ണം ഞാൻ പൂർത്തിയാക്കി." ആ മഹാത്മാവ് ഒരിടത്ത് പറഞ്ഞു, "എപ്രകാരം ഹദ്റത്ത് മൂസാ(അ)യ്ക്കു ശേഷം അദ്ദേഹത്തിന്റെ അവസാനത്തെ ഖലീഫയായ ഹദ്റത്ത് മസീഹ് നാസിരിവരെ പതിമൂന്ന് ഖലീഫമാർ ജനിച്ചുവോ അവരിൽ ആദ്യത്തെ 12 പേർ ഹദ്റത്ത് മൂസാ(അ)യുടെ ജനതയുമായി ബന്ധപ്പെട്ടവരായിരുന്നു. പതിമൂന്നാമത്തേത് പിതാവില്ലാതെ ജനിച്ച കാരണത്താൽ മൂസാനബിയുടെ ജനതയുമായി ബന്ധപ്പെടുത്തി പറയുവാൻ പറ്റുകയില്ല. കാരണം അദ്ദേഹത്തിന്റെ പിതാവ് ബനൂ ഇസ്രായീലിൽ പെട്ടയാളായിരുന്നില്ല. ഇപ്രകാരം മുഹമ്മദിയ്യ ഉമ്മത്തിലെ പതിമൂന്ന് ഖലീഫമാരിൽ ആദ്യത്തെ 12 പേർ 'കമാ' (പോലെ) എന്ന സാദൃശ്യം കാരണത്താൽ ഖുറയ്ശികളിൽനിന്നുണ്ടായി. പതിമൂന്നാമത്തേത് ഖുറയ്ശികളിൽ പെടാതിരിക്കേണ്ടത് അനിവാര്യമായിരുന്നു. അവരിൽ പെടുകയാണെങ്കിൽ സാദൃശ്യം നിലനില്ക്കുകയില്ല. അത് ഞാനാണ്; വാഗ്ദത്ത മസീഹിന്റെ വാദം പുറപ്പെടുവിച്ചിട്ടുള്ളവൻ."

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പരമ്പരയുടെ അവസാനത്തിൽ താൻ തന്നെയെന്ന് പറഞ്ഞിരിക്കുന്നു.

## മുഹമ്മദിയ്യ ഖിലാഫത്ത് പരമ്പരയുടെ ഏറ്റവും അവസാനത്തെ ഖലീഫ

ഇതുസംബന്ധമായി ധാരാളം ഉദാഹരണങ്ങളുണ്ട്. അവയിൽ ചിലത് ഞാൻ തിരഞ്ഞെടുത്തിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അപ്രകാരംതന്നെ മസീഹ് മൗഊദ് എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന മുഹമ്മദിയ്യ ഖിലാഫത്ത് പരമ്പരയുടെ അവസാനത്തെ ഖലീഫക്ക് മൂസവീ പരമ്പരയുടെ അവസാന ഖലീഫയുമായി- അത് ഈസബ്നു മർയമാണ്- സാദൃശ്യം വേണ്ടതാണ്." (തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ്-62, റൂഹാനി ഖസായിൻ, വാള്യം 17, പേജ് 191)

വീണ്ടും പറയുന്നു: "ഈ സമാനമായ പരമ്പരകൊണ്ട് അനിവാര്യമാകുന്നത്, ഹദ്റത്ത് ഈസാ(അ) ഇസ്‌ലാമിന്റെ മസീഹ് മൗഊദുമായിട്ട്- അദ്ദേഹം ഇസ്‌ലാമിക ശരീഅത്തിന്റെ അവസാനത്തെ ഖലീഫയാണ്- സാദൃശ്യം വെക്കുന്നുവെന്നതാണ്''. (തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ്-62, റൂഹാനി ഖസായിൻ, വാള്യം 17, പേജ് 192)

വീണ്ടും പറയുന്നു, "**കമസ്തഖ്‌ലഫല്ലദീന മിൻഖബ്‌ലിഹിം** എന്ന വാഗ്ദാനമനുസരിച്ച് ഈ ഉമ്മത്തിലെ അവസാന ഖലീഫ ഹദ്റത്ത് ഈസാ(അ)ന്റെ വർണത്തിൽ വരുമെന്ന് അല്ലാഹുവിന് അറിയാമായിരുന്നു."(തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ്-68, റൂഹാനി ഖസായിൻ, വാള്യം 17, പേജ് 202)

വീണ്ടും പറയുന്നു, ''സാദൃശ്യത്തിന്റെ പ്രഥമ അടിത്തറയിട്ടയാൾ ഹദ്റത്ത് അബൂബക്കർ(റ) ആകുന്നു. സാദൃശ്യത്തിന്റെ അവസാനമാതൃക പ്രകടിപ്പിക്കുന്നയാൾ മുഹമ്മദിയ്യ ഖലീഫമാരിൽ ശ്രേഷ്ഠനായ ആ മസീഹാണ്. അദ്ദേഹം മുഹമ്മദിയ്യ ഖിലാഫത്ത് പരമ്പരയിലെ ഏറ്റവും അവസാനത്തെ ഖലീഫയാകുന്നു. (തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ്-57, റൂഹാനി ഖസായിൻ, വാള്യം 17, പേജ് 183)

പിന്നീട് ആ മഹാത്മാവ് മൂസാ(അ)യുടെ ശരീഅത്തും നബി(സ)തിരുമേനിക്ക് വിശുദ്ധഖുർആന്റെ രൂപത്തിൽ വെളിപ്പെട്ട പരിപൂർണവും തികവുറ്റതുമായ ശരീഅത്തും തമ്മിൽ ചർച്ച ചെയ്തുകൊണ്ട് പറയുന്നു, "ഒന്ന് മൂസവിയ്യ ശരീഅത്ത്, മറ്റേത് മുഹമ്മദിയ്യ ശരീഅത്ത്. ഈ രണ്ട് പരമ്പരയിലും 13 വീതം ഖലീഫമാർ നിയമിതരായി. (തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ്-63, റൂഹാനി ഖസായിൻ, വാള്യം 17, പേജ് 192)

ഇത് ബാഹ്യമായ അർഥത്തിലല്ലാതെ അവസാന ഖലീഫ എന്നതിന് മറ്റൊരു അർഥം വയ്ക്കാൻ നമുക്ക് പറ്റുകയില്ല. കാരണം ആ മഹാത്മാവ് പറഞ്ഞു: "ഹദ്റത്ത് മൂസാ (അ)ക്ക് ശേഷം ആ പരമ്പരയിൽ വെറും 13 ഖലീഫമാരാണുള്ളത്. നബി(സ)യ്ക്ക് ശേഷവും ആ പരമ്പരയിൽ വെറും 13 ഖലീഫമാരാണുള്ളത്. **ഞാൻ അവസാനത്തെയാളാണ്**." അതുകൊണ്ട് ഈ അവസാനത്തേതിന് മറ്റൊരർഥം ഉണ്ടാവുകയില്ല. ഈ ഖിലാഫത്ത് പരമ്പരയിൽ മറ്റാരെങ്കിലും വരുന്ന പ്രശ്നമേയുദിക്കുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഏതൊരു ആയത്തിൽനിന്നാണോ രണ്ട് പരമ്പരകളുടെയും അതായത് മൂസവിയ്യ ഖിലാഫത്ത് പരമ്പരയുടെയും മുഹമ്മദിയ്യ ഖിലാഫത്ത് പരമ്പരയുടെയും സാദൃശ്യം സ്ഥാപിതമാകുന്നത് അതായത് ഏതൊരു വചനത്തിൽനിന്നാണോ ഖണ്ഡിതവും ദൃഢതരവുമായ നിലയിൽ മുഹമ്മദിയ്യ നുബുവ്വത്ത് പരമ്പരയിലെ ഖലീഫമാർ, മൂസവിയ്യ നുബുവ്വത്ത് പരമ്പരയിലെ

ഖലീഫമാർക്ക് സാദൃശ്യമാണെന്ന് മനസ്സിലാക്കപ്പെടുന്നത് ആ വചനമിതാണ്: ***വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി ലയസ്തഖ്ലിഫന്നഹും ഫിൽഅർസി കമസ്തഖ്ലഫല്ലദീന മിൻ ഖബ്ലിഹിം...*** അപ്പോൾ നമുക്ക്, ഈ രണ്ട് പരമ്പരയിലെയും ഖലീഫമാർ തമ്മിൽ സാദൃശ്യമുണ്ടാകേണ്ടത് നിർബന്ധമാണെന്ന് അംഗീകരിക്കേണ്ടിവരും. സാദൃശ്യത്തിന്റെ പ്രഥമ അടിത്തറയിട്ടയാൾ ഹദ്റത്ത് അബൂബക്കർ(റ)ആണ്. സാദൃശ്യത്തിന്റെ അവസാന മാതൃക പ്രകടിപ്പിക്കുന്നയാൾ മുഹമ്മദിയ്യ ഖലീഫമാരിൽ ശ്രേഷ്ഠനായ ആ മസീഹാണ്. അദ്ദേഹം മുഹമ്മദിയ്യ ഖിലാഫത്ത് പരമ്പരയിലെ ഏറ്റവും അവസാനത്തെ ഖലീഫയാകുന്നു. (തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ് –56–57)

വീണ്ടും ആ മഹാത്മാവ് പറയുന്നു, (ഇതും അതിന്റെ വിശദീകരണമാണ്) "പിന്നീട് അല്ലാഹു മുഹമ്മദീ പരമ്പരയിലെ ഖലീഫമാരെ മൂസവീ പരമ്പരയിലെ ഖലീഫമാരുമായി സാദൃശ്യപ്പെടുത്തിക്കൊണ്ട് വ്യക്തമായും മനസ്സിലാക്കിത്തന്നത് ഈ പരമ്പരയിലെ അവസാനത്തിലും ഒരു മസീഹ് ഉണ്ട് എന്നാണ്. ഇടയ്ക്ക് 12 ഖലീഫമാരുമുണ്ട്. ഇത് മൂസവി പരമ്പരയ്ക്ക് സമാനമായി ഇവിടേയും 14 എന്ന സംഖ്യ പൂർണമാകാൻ വേണ്ടിയാണ്." (അതായത് ഹദ്റത്ത് മൂസായും മുജദ്ദിദെ അഅ്ളമായ നബി(സ)തിരുമേനിയും ഉൾപ്പെടെ) (തുഹ്ഫ ഗോൾഡവിയ്യ, ഒന്നാം പതിപ്പ്, പേജ്–23)

അതുകൊണ്ട് ഈ ഖിലാഫത്ത് പരമ്പരയിൽ നബി(സ) തിരുമേനിക്ക് ശേഷം 14–ാമത്തെ ഖലീഫക്ക് വരാൻ ഒരു പഴുതുമില്ല. നബി (സ) തിരുമേനിയെ ഉൾപ്പെടുത്തി പറയുകയാണെങ്കിൽ 15–ാമത്തെ ഖലീഫയ്ക്ക് വരാൻ ഈ ഖിലാഫത്ത് പരമ്പരയിൽ ഒരു വകയുമില്ല.

***ഹദ്റത്ത് മസീഹ് മൗഊദ്(അ) മുജദ്ദിദെ അൽഫെ ആഖിറുമാണ്.***

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെയും പറഞ്ഞു: "ഇത് നല്ലവണ്ണം ചെവി തുറന്ന് കേട്ടുകൊള്ളുവിൻ. 14–ാം നൂറ്റാണ്ടിന്റെയും ഞാൻ തന്നെയാണ് മുജദ്ദിദ്. 15–ാം നൂറ്റാണ്ടിന്റേയും ഞാൻ തന്നെയാണ് മുജദ്ദിദ്. 16–ാം നൂറ്റാണ്ടിന്റെയും ഞാൻ തന്നെയാണ് മുജദ്ദിദ്. 17ഉം 18ഉം 19ഉം 20ഉം നൂറ്റാണ്ടിന്റെയും ഞാൻ തന്നെയാണ് മുജദ്ദിദ്. **എന്തുകൊണ്ടെന്നാൽ ഞാൻ കേവലം നൂറ്റാണ്ടിന്റെ മുജദ്ദിദ് മാത്രമല്ല. പ്രസ്തുത ഈ അവസാന ആയിരം വർഷത്തിന്റെയും ഞാൻ തന്നെയാണ് മുജദ്ദിദ്."** (ഖിലാഫത്ത് വ മുജദ്ദിദ്, പേജ്–30)

അതിനാൽ പുതിയ നൂറ്റാണ്ടിന്റെ തലയ്ക്കൽ പുതിയ മുജദ്ദിദിന്റെ പ്രശ്നം തന്നെ അവശേഷിക്കുന്നില്ല. ആ മഹാത്മാവ് (അ) കേവലം നൂറ്റാണ്ടിന്റെ തലയ്ക്കലെ മുജദ്ദിദായിരുന്നെങ്കിൽ, 'പുതിയ നൂറ്റാണ്ട് വരികയാണ്. അതിന്റെ തലയ്ക്കൽ ആരായിരിക്കും മുജദ്ദിദ്?' എന്ന് ചിലർക്ക് ചോദിക്കാമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതെന്താണെന്നു വെച്ചാൽ, പുതിയ നൂറ്റാണ്ട് വരികയാണ്. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് നൂറ്റാണ്ടിന്റെ തലയ്ക്കൽ ഒരു മുജദ്ദിദുണ്ടായിരിക്കും. പക്ഷേ, അത് മറ്റാരുമായിരിക്കുകയില്ല. അത് താൻ തന്നെയായിരിക്കും എന്നാണ്.

ആ മഹാത്മാവ് പറയുന്നു, "പിന്നീട് 5–ാമത്തെ ആയിരത്തിന്റെ കാലഘട്ടം വന്നു. അത് ഹിദായത്തിന്റെ കാലഘട്ടമായിരുന്നു. ഈ ആയിരം വർഷത്തിലാണ് നമ്മുടെ നബി(സ) തിരുമേനി നിയോഗിതനായത്. അല്ലാഹു നബി(സ) തിരുമേനിയുടെ കൈയാൽ തൗഹീദിനെ ലോകത്ത് വീണ്ടും സ്ഥാപിച്ചു..... 7–ാമത്തെ ആയിരവും ഹിദായത്തിന്റെ–സന്മാർഗ്ഗത്തിന്റേതാണ്. അതിലാണ് നാമുള്ളത്. ഇത് അവസാനത്തെ ആയിരമായതുകൊണ്ട് കാലത്തിന്റെ ഇമാം (ഇമാമുസ്സമാൻ) അതിന്റെ തലയ്ക്കൽ വരേണ്ടത് അനിവാര്യമായിരുന്നു. **അദ്ദേഹത്തിനുശേഷം ഒരു ഇമാമുമില്ല. ഒരു മസീഹുമില്ല**. എന്നാൽ, അദ്ദേഹത്തിനു പ്രതിബിംബാത്മകമായ നിലയിൽ വരുന്നവർ ഉണ്ടാകും. കാരണം ഈ ആയിരം വർഷത്തിൽ, ഇനി ലോകത്തിന്റെ ആയുസ്സിന്റെ അന്ത്യമാണ്. എല്ലാ നബിമാരും ഇക്കാര്യത്തിൽ സാക്ഷ്യം നല്കിയിട്ടുണ്ട്. **അല്ലാഹുവിൽനിന്ന് മസീഹ് മൗഊദ് എന്ന് പറയപ്പെടുന്ന ഈ ഇമാം നൂറ്റാണ്ടിന്റെ മുജദ്ദിദുമാണ്. അവസാന സഹസ്രാബ്ദത്തിന്റെ മുജദ്ദിദുമാണ്"** (ലക്ച്ചർ സിയാൽകോട്ട്, പേജ്–6).

അതിനാൽ ഈ അവസാന സഹസ്രാബ്ദത്തിന്റെ തലയ്ക്കൽ ഇമാമുസ്സമാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനിച്ചു. ആ മഹാത്മാവ് പറഞ്ഞു, ഇത് എന്റെ മാത്രം വാദമല്ല. എല്ലാ നബിമാരും ഇക്കാര്യത്തിൽ സാക്ഷ്യം പറയുന്നുണ്ട്. അല്ലാഹുവിൽ നിന്ന് മസീഹ് മൗഊദ് എന്ന് പറയപ്പെടുന്ന ഈ ഇമാം നൂറ്റാണ്ടിന്റെ മുജദ്ദിദുമാണ്, അവസാന സഹസ്രാബ്ദത്തിന്റെ മുജദ്ദിദുമാണ്. മുഴുവൻ ആയിരം വർഷത്തേക്കുമുള്ള മുജദ്ദിദാണ്. അതിനാൽ 15–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ മുജദ്ദിദുണ്ടാവുകയില്ലെന്നോ 16–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ മുജദ്ദിദുണ്ടാവുകയില്ലെന്നോ ആർക്കും പറയാൻ സാധ്യമല്ല. എന്നാൽ, 15, 16, 17 അല്ലെങ്കിൽ 18 നൂറ്റാണ്ടുകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു പുറമെ മറ്റൊരു മുജദ്ദിദുണ്ടാകുമെന്ന് പറയുന്നവൻ കളവാണ് പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവൻ കളവാക്കുന്നു. അവൻ ആ മഹാത്മാവിന്റെ ജമാഅത്തിൽ പെട്ടവനാണെന്ന് പറയാൻ പറ്റില്ല. മുജദ്ദിദീങ്ങളുടെ ഈയൊരു പരമ്പര, അതിനെ സംബന്ധിച്ചാണ് ഇസ്തിഖ്ലാഫ് എന്ന വചനത്തിലെ (24:56) 'കമാ' അതായത് പോലെ എന്ന പദം സൂചന നല്കുന്നത്. മൂസവിയ്യ സമുദായത്തിൽ അവർ 14 ഖലീഫമാരായി ക്ലിപ്തപ്പെടുത്തുകയും നിജപ്പെടുത്തുകയും ചെയ്തിരുന്നു. അവരുടെ തലയ്ക്കൽ ഹദ്റത്ത് മൂസാ(അ) ആയിരുന്നു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ 13 ഖലീഫമാർ. ഈ സാദൃശ്യത്തിന്റെ ഫലമായി 14 ഖലീഫമാരുടെ ഒരു പരമ്പര ഉണ്ടാവേണ്ടത് നിർബന്ധമായിരുന്നു. അവരുടെ തലയ്ക്കൽ റസൂൽമാരിൽ ശ്രേഷ്ഠനും നബിമാരുടെ മുദ്രയുമായ അല്ലാഹുവിന്റെ റസൂൽ മുഹമ്മദ്(സ) ആയിരുന്നു. അവരുടെ അവസാനത്തിൽ മസീഹ് മൗഊദ്(അ) ആകുന്നു. ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ (ഉപര്യുക്ത ഹദീഥിൽ പറഞ്ഞിട്ടുള്ള) മുജദ്ദിദീങ്ങളുടെ പരമ്പര– അവരുടെ എണ്ണം 14 ആയിരുന്നു, ഈ പരമ്പരയുടെ മുജദ്ദിദെ അഅ്ളം(സ)ന്റെയും അവസാന ഖലീഫയുടെയും ഇടയിൽ 12 ഖലീഫമാരുണ്ടായിരുന്നു– ആ ഖിലാഫത്തിന്റെ പരമ്പര അവസാനിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) കേവലം ഒരു നൂറ്റാണ്ടിന്റെ മുജദ്ദിദ് എന്ന നിലയിലുള്ള ആളല്ല. മറിച്ച്, ലോകത്തിന്റെ ആയുസ്സിന്റെ അവസാനത്തെ ആയിരം വർഷത്തിന്റെ മുജദ്ദിദ് എന്ന നിലയിലാണ് നിയോഗിതനായിട്ടുള്ളത്. ഈ പരമ്പരയിൽ, വരാൻ പോകുന്ന ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാതെ ഒരു മുജദ്ദിദും ജനിക്കുകയില്ല. ആ മഹാത്മാവ് തന്നെയായിരിക്കും മുജദ്ദിദ്.

**വിവ: മുഹമ്മദ് ഇസ്മാഈൽ**



ലേഖനം

# ഭയഭക്തിയുള്ളവരുമായുള്ള സഹവാസത്തിന്റെ അനുഗ്രഹങ്ങൾ

**കലിം അൻവർ**

സജ്ജനത്തോടൊപ്പമുള്ള സഹവാസം നല്ല മനുഷ്യനാകാനും ചീത്ത കൂട്ടുകെട്ടുകൾ മനുഷ്യനെ ദുഷിപ്പിക്കാനും കാരണമാകുന്നു. വിശുദ്ധ ഖുർആന്റെ ഈ തത്ത്വം ആധുനിക മനഃശാസ്ത്രം അംഗീകരിക്കുന്നു

'ഒരുമിച്ചാവുമ്പോൾ നിങ്ങളൊരു മനുഷ്യനും തനിച്ചാവുമ്പോൾ മൃഗവും'
(ആഫ്രിക്കൻ പഴമൊഴി)

ഒരു സന്യാസിയെപോലെ, എല്ലാത്തിൽ നിന്നും ഒഴിഞ്ഞു മാറി ഏകനായ് കഴിയുന്നതിനുപകരം സമൂഹത്തിനോടൊപ്പം ചേർന്ന് കഴിയണമെന്നാണ് ഈ പഴമൊഴി സൂചിപ്പിക്കുന്നത്. എങ്കിലും ഏതു തരത്തിലുള്ള സുഹൃദ് വലയത്തിനോടൊപ്പമാണ് ഒരാളുടെ ദിനങ്ങൾ ചെലവഴിക്കേണ്ടതെന്ന് വിവേകപൂർവം തീരുമാനിക്കേണ്ട ഒന്നാണ്. അതിലാഘവത്തോടെ കൈകാര്യം ചെയ്താൽ അത് നമ്മുടെയും നമ്മുടെ കുട്ടികളുടെയും ജീവിതത്തിൽ വിനാശകരമായ പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാം.

ദൈനംദിനജീവിതത്തിലെ നമ്മുടെ പെരുമാറ്റങ്ങളെ രൂപപ്പെടുത്തുന്നതിൽ സാമൂഹിക സാഹചര്യങ്ങൾക്ക് സ്വാധീനമുണ്ട്. നമുക്കിത് ഒരു തമാശ ആസ്വദിക്കപ്പെടുന്ന സന്ദർഭത്തിലൂടെ ചിത്രീകരിക്കാം. അതായത് ഒരാൾ ഒരു തമാശ പറയുന്നുവെന്നിരിക്കട്ടെ, ആ സന്ദർഭത്തിൽ അവിടെ സന്നിഹിതരായിട്ടുള്ള എല്ലാവരും അതിൽ പങ്കുചേരുന്നു. എന്നാൽ അവിടെകൂടിയിരിക്കുന്നവരിൽ ഒരാൾക്ക് ആ തമാശയിലൊളിഞ്ഞിരിക്കുന്ന നർമം മനസ്സിലാവുകയോ, മനസ്സിലാകാതിരിക്കുകയോ ചെയ്യാം. എങ്കിലും അയാളും മറ്റുള്ളവർക്കൊപ്പം ചിരിയിൽ പങ്കുചേരുന്നു. മനഃശാസ്ത്രത്തിൽ, ഈ പ്രതിഭാസം പെരുമാറ്റ സംക്രമണം (behavioural contagion) എന്നറിയപ്പെടുന്നു. മനുഷ്യർ ഇത്തരത്തിൽ പൊതുനടപ്പിനിണങ്ങും വിധത്തിൽ യോജിച്ച് പെരുമാറുന്നതെന്തുകൊണ്ടാണ്? പ്രമുഖ സാമൂഹിക മനഃശാസ്ത്രജ്ഞനായ ആഷ് (Ash) 1952ൽ ഒരു അനുവർത്തന (Conformity) പഠനം നടത്തുകയുണ്ടായി. ഒരു സമൂഹത്തിന്റെയോ, വ്യക്തിയുടെയോ, വിശ്വാസമോ സമീപനമോ പെരുമാറ്റമോ സ്വാംശീകരിക്കുന്നതിനെയാണ് അനുവർത്തനം എന്നു പറയുന്നത്. ഒരു വ്യക്തിയുടെ തീരുമാനങ്ങളെ ആ വ്യക്തിയുൾപ്പെടുന്ന സംഘത്തിലെ മറ്റംഗങ്ങൾ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് തെളിയിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. തന്റെ നിഗമനങ്ങളെ സാധൂകരിക്കുന്നതിനായ് നടത്തിയ പരീക്ഷണത്തിൽ, പരീക്ഷണാർഥിയറിയാതെ നിരവധി വ്യക്തികളെ അദ്ദേഹം സഹപങ്കാളികളാക്കുകയുണ്ടായി. കൂടാതെ അനുവർത്തനത്തെക്കുറിച്ചുള്ള പഠനമാണെന്നറിയിക്കാതെ തികച്ചും വ്യത്യസ്തമായ മറ്റൊരു വിഷയത്തെ കുറിച്ചുള്ള പഠനമാണെന്നാണ് പരീക്ഷണാർഥിയോട് പറഞ്ഞിരുന്നത്. തുടർന്ന് ഓരോരുത്തരെയും രണ്ട് കാർഡുകൾ കാണിച്ചു. ആദ്യത്തെ കാർഡിൽ ഒരു നേർരേഖയും മറ്റേതിൽ മൂന്ന് നേർരേഖകളും വരച്ചിട്ടുണ്ടായിരുന്നു. രണ്ടാമത് കാണിച്ച കാർഡിലെ മൂന്ന് നേർരേഖകളിലൊന്നിന്റെ നീളം ആദ്യകാർഡിലെ രേഖയ്ക്കു തുല്യമായിരുന്നു. തുടർന്ന് അദ്ദേഹം ഊഴമനുസരിച്ച് ഓരോ വ്യക്തിയോടും രണ്ടാമത്തെ കാർഡിലെ മൂന്നു രേഖകളിൽ ഏതിനാണ് ആദ്യകാർഡിലെ രേഖയ്ക്കു തുല്യമായ നീളമുള്ളതെന്നു ആരാഞ്ഞു. പരീക്ഷണാർഥിയോട് ഏറ്റവും ഒടുവിൽ മാത്രം ചോദിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പരീക്ഷണത്തിൽ സഹപങ്കാളികളായ എല്ലാവരും തന്നെ മനഃപൂർവം തെറ്റായ ഉത്തരമാണ് നല്കിയത്. പരീക്ഷണാർത്ഥിയും അതേ ഉത്തരം നല്കിക്കൊണ്ട് മറ്റുള്ളവരെ അനുകരിക്കുമോ എന്നറിയാൻ വേണ്ടിയായിരുന്നു അങ്ങനെ ചെയ്തത്. പങ്കെടുത്ത മൂന്നിലൊന്ന് വ്യക്തികളും തെറ്റായ ഉത്തരം നല്കിക്കൊണ്ട് തങ്ങളുടെ കൂട്ടാളികളെ അനുകരിക്കുകയാണ് ചെയ്തതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിന്റെയടിസ്ഥാനത്തിൽ പഠനത്തിൽ തെളിയിക്കപ്പെട്ട അനുവർത്ത

നത്വം ഒരു സാമൂഹ്യ കൂട്ടായ്മയിൽച്ചേർന്നു പോകാനുള്ള മനുഷ്യന്റെ ശീലം കൊണ്ടാണെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി.

ആഷിന്റെ പഠനം നമ്മോട് പറയുന്നത് ഒരു വ്യക്തി എടുക്കുന്ന തീരുമാനങ്ങളെ അവന്റെ സുഹൃത്തുക്കൾ മുഖേന സ്വാധീനിക്കപ്പെടാമെന്നാണ്. ഇവിടെ ദൈവഭക്തിയുടെ ഒരു കണിക പോലും ഹൃദയത്തിലില്ലാത്ത സുഹൃത്തുക്കളുമൊത്താണ് സഹവാസമെങ്കിൽ എന്തായിരിക്കും സംഭവിക്കുക യെന്ന ചോദ്യമുയരുന്നു. അപ്രകാരം ഒരാൾ, അധാർമിക പ്രവർത്തനങ്ങളിലേർപെട്ടിട്ടുള്ള തന്റെ സുഹൃദ്‌വലയത്തിൽ പെട്ടവർക്കെല്ലാം സ്വീകാര്യമായ രീതിയിലാണ് ഒരു തീരുമാനമെടുക്കുന്നതെങ്കിൽ തീർച്ചയായും അതിന്റെ പ്രത്യാഘാതങ്ങൾ വളരെ വിനാശകരമായിരിക്കും.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് മനഃശാസ്ത്രജ്ഞന്മാർ ഈ പ്രതിഭാസം കണ്ടെത്തിയതെങ്കിലും ഏകദേശം 1400 വർഷങ്ങൾക്ക് മുമ്പേ വിശുദ്ധ ഖുർആനിൽ അന്തർലീനമായിട്ടുള്ള അനന്തമായ നിധികളിൽ ഇതിനെക്കുറിച്ച് പ്രതിപാദനമുണ്ടെന്നത് കൗതുകകരമാണ്. ഭയഭക്തി പുലർത്തുന്നവരുമായുള്ള സഹവാസത്തിന്റെ ഗുണങ്ങളും പാപത്തിലേക്ക് വഴുതിവീണവരുടെ സൗഹൃദകൂട്ടായ്മയുടെ അപകടങ്ങളെക്കുറിച്ചും വിശുദ്ധ ഖുർആനിൽ സൂചിപ്പിക്കുന്നുണ്ട്. ഖുർആൻ പറയുന്നു:

**'തങ്ങളുടെ നാഥന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും അവനോട് പ്രാർഥിക്കുന്നവരോടൊപ്പം നീ സ്വയം ബന്ധിച്ചു നിറുത്തുക. ഭൗതികജീവിതത്തിന്റെ അലങ്കാരം ഉദ്ദേശിച്ചുകൊണ്ട് നിന്റെ കണ്ണുകൾ അവരിൽ നിന്ന് അകന്നുപോവാതിരിക്കട്ടെ. നമ്മുടെ സ്മരണയിൽ നിന്ന് നാം ആരുടെ ഹൃദയത്തെ അശ്രദ്ധമാക്കുകയും തന്റെ ദേഹേച്ഛയെ ആര് പിന്തുടരുകയും ആരുടെ കാര്യം അതിരുകവിയുകയും ചെയ്തിട്ടുണ്ടോ അങ്ങനെയുള്ളവനെ നീ അനുസരിക്കരുത്.'** (18:29).

ഭയഭക്തിയുള്ളവർ ആരാണെന്ന് ഈ വചനം വ്യക്തമായി പ്രതിപാദിക്കുന്നു. രാവും പകലും തന്റെ നാഥനെ സ്മരിക്കുകയും തുടർച്ചയായി അവനോട് പ്രാർഥിക്കുകയും ചെയ്യുന്ന, ഇത്തരത്തിൽ സ്വഭാവദാർഢ്യമുള്ളവരുടെ സൗഹൃദവലയത്തിലുൾപ്പെടാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഈ പ്രകൃതക്കാരുമായി നാം സൗഹൃദത്തിലാവുകയാണെങ്കിൽ മനഃശാസ്ത്രപരമായ തെളിവുകൾ സൂചിപ്പിക്കുന്നത് പ്രകാരം നാം ഇവരുടെ പെരുമാറ്റരീതികളുമായി യോജിച്ച് പെരുമാറുക മാത്രമല്ല അതിൽ കൂടുതൽ വ്യാപൃതരാവുകയും ചെയ്യും. മനഃശാസ്ത്രത്തിന്റെയടിസ്ഥാനത്തിൽ മാത്രം ഇത് മനസ്സിലാക്കാൻ കഴിയില്ല. വളരെ ഉന്നതമായ ആത്മീയ മാറ്റത്തിന് നമ്മുടെ ഹൃദയം പാത്രീഭവിക്കുന്നു. ഭയഭക്തിയുള്ളവരുമായി സഹവസിക്കുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമ്മുടെ മേൽ വർഷിക്കപ്പെടുകയും നമുക്കിടയിൽ അവന്റെ മലക്കുകൾ ഇറങ്ങുകയും ചെയ്യും. ഹ: അബുഹുറയ്റ(റ) നിവേദനം ചെയ്യുന്നു. പ്രവാചകൻ(സ) പറഞ്ഞു.

**"അല്ലാഹുവിനെ സ്മരിക്കുന്നതിനായി ജനങ്ങൾ ഒത്തുചേരുമ്പോൾ അല്ലാഹുവിന്റെ മലക്കുകൾ അവരെ വലയം ചെയ്യുകയും അവരുടെ മേൽ കാരുണ്യവും സാന്ത്വനവും വർഷിക്കപ്പെടുകയും ചെയ്യും. കൂടാതെ അല്ലാഹു തന്റെ അരികിലുള്ളവരോട് ഇവരെക്കുറിച്ച് പറയുകയും ചെയ്യും."** (സഹീഹ് മുസ്‌ലിം)

ഇഹലോകത്ത് മഹത്വം കിട്ടുന്നതിനു വേണ്ടി പരിശ്രമിക്കുന്ന ജനങ്ങളുടെ ഒരു സംഘത്തെകുറിച്ചാണ് മുൻപ് ഉദ്ധരിച്ച വിശുദ്ധ ഖുർആന്റെ അവസാന വചനത്തിൽ പറയുന്നത്. മരണാനന്തരം, ലഭിക്കുന്ന എന്നെന്നും നിലനിൽക്കുന്ന അനന്തമായ ജീവിതത്തെക്കുറിച്ചവർ അശ്രദ്ധരാണ്. ഭൗതിക സാമഗ്രികളെ ഉപാസിക്കുന്ന ഇവർ ഇവരെയും പ്രപഞ്ചത്തിലെ സകലതിനെയും സൃഷ്ടിച്ച (സർവ്വാധികാരിയായ)ദൈവത്തെയും കുറിച്ച് അശ്രദ്ധരാണ്.

നാം സൂക്ഷ്മത പാലിക്കുന്നതിനും, സത്യസന്ധരിൽ ഉൾപ്പെടുന്നതിനും വിശുദ്ധ ഖുർആൻ ഭയഭക്തിയുള്ളവരുടെ സഹവാസത്തിലുൾപ്പെടുന്നതിനെക്കുറിച്ച് പ്രത്യേകമായ നിലയിൽ നമ്മെ അടിക്കടി ഓർമ്മപ്പെടുത്തുന്നുണ്ട്.

**"വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക; സത്യസന്ധരിൽ ഉൾപ്പെട്ടവരാകുക.'** (9:119)

വിശ്വാസവർധനവ് വരുത്തുന്ന രണ്ട് ഘടകങ്ങളെക്കുറിച്ചാണ് ഈ വചനം സൂചിപ്പിക്കുന്നത്. ഇതിൽ ആദ്യത്തേത് അല്ലാഹു നിങ്ങളുടെ തൊട്ടരികെ ഉണ്ടെന്നും അവൻ നിങ്ങളുടെ പ്രവർത്തനങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുകയുമാണെന്ന ബോധത്തോടെ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിങ്ങളിൽ ഉണ്ടാക്കുക എന്നതാണ്. രണ്ടാമത്തേത് സത്യസന്ധരുടെ കൂട്ടായ്മയിൽ ഉൾപ്പെടുകയെന്നതും രണ്ടാമത്തെ തത്ത്വത്തെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. 'ഇൻസാൻ' (മനുഷ്യൻ) എന്ന വാക്ക് നിഷ്പന്നമായത് 'ഉൻസാനി'ൽ നിന്നാണ്. അതായത് രണ്ട് തരത്തിലുള്ള സ്നേഹബന്ധങ്ങളുടെ സമന്വയം. ഇതിലൊന്ന് മനുഷ്യന് തന്റെ സ്രഷ്ടാവിനോട് തോന്നുന്നതും മറ്റൊന്ന് സഹജീവികളോട് തോന്നുന്നതുമാണ്. ഒരു വ്യക്തി മറ്റൊരുവനോട് കൂടുതൽ അടുക്കുമ്പോൾ അയാൾ തിരിച്ചും അങ്ങനെ പെരുമാറുന്നതായ് കാണുന്നു. കൂടാതെ അയാളുടെ പ്രകൃതി തന്റേതുപോലെയാണെന്ന് തിരിച്ചറിയുകയും ചെയ്യുമ്പോൾ, വളരെവേഗത്തിൽ അയാളാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ പൂർണ്ണനും ഭക്തനുമായ ഒരുവന്റെ സഹവാസം ദൈവദർശനത്തിനുതകുന്ന പ്രകാശം പ്രദാനം ചെയ്യുന്നതും അങ്ങനെ പാപത്തിൽ നിന്നും രക്ഷിക്കപ്പെടുന്നതുമാണ്. (മൽഫൂസാത്ത് Vol 3, P 6)

പ്രിയങ്കരനായ നമ്മുടെ പ്രവാചകന്റെ(സ) അനുയായികളായ നാം ഈ ഉപദേശത്തെ വകവെക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നുമൊഴിവാക്കപ്പെടുമെന്നു മാത്രമല്ല വളരെ ഭയാനകമായ പ്രത്യാഘാതങ്ങളുണ്ടാവുകയും ചെയ്യും. അല്ലാഹു പറയുന്നു:

**"വിശ്വസിച്ചവരേ, എന്റെയും നിങ്ങളുടെയും ശത്രുക്കളായവരെ നിങ്ങളവരുമായി സ്നേഹബന്ധം പുലർത്തിക്കൊണ്ട് മിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾക്ക് വന്നു കിട്ടിയ സത്യത്തെ അവർ നിഷേധിച്ചിരിക്കുകയാണല്ലോ. നിങ്ങളുടെ നാഥനായ അല്ലാഹുവിൽ നിങ്ങൾ വിശ്വസിക്കുന്നു വെന്ന കാരണത്താൽ ദൈവദൂതനേയും നിങ്ങളേയും (സ്വഭനവനങ്ങളിൽ നിന്ന്) അവർ ബഹിഷ്കരിക്കുകയും ചെയ്യുന്നു.** (60 : 2)

ഈ ഖുർആനിക വചനത്തിന് ഹൃദയത്തിൽ തറച്ചുകൊള്ളുന്ന തീവ്രതയുണ്ട്. അല്ലാഹുവിന്റെ നിയമങ്ങളോട് പുറം തിരിഞ്ഞു നിൽക്കുന്നവരുമായി നിങ്ങൾ സൗഹൃദത്തിലാവരുതെന്ന് ഉദാരവാനായ അല്ലാഹു സ്വയം തന്നെ നമ്മെ സംബോധന ചെയ്തുകൊണ്ട് നല്കുന്ന താക്കീതിന്റെ യാഥാർഥ്യത്തിൽ നിന്നാണ് ഈ തീക്ഷ്ണത കൈവരുന്നത്.

ഇസ്‌ലാമിനോട് ശത്രുതപുലർത്തുന്ന

വർ അല്ലാഹുവിന്റെ ശത്രുവാണെന്നും അങ്ങനെ ഭയഭക്തിപുലർത്തുന്നവരുടെ വൈരിയായി മാറുന്നുവെന്നും ഈ വചനം സൂചിപ്പിക്കുന്നു. ഇത്തരം പ്രകൃതക്കാരോടുള്ള സഹവാസം നമ്മെ നാശത്തിലേക്ക് നയിക്കും. നാം അങ്ങനെ വഴികേടിലേക്ക് നയിക്കപ്പെടുമ്പോൾ അല്ലാഹുവിൽ നിന്നു യാതൊരു വിധത്തിലുള്ള മാർഗനിർദേശമോ, കാരുണ്യമോ ലഭ്യമാവാതെയാകുകയും നാം ഇഹപരലോകങ്ങളിൽ അന്ധരായവരുടെ അവസ്ഥയിലകപ്പെടുകയും ചെയ്യും. ഇതിന് നേർവിപരീതമായ് കൊണ്ട് അല്ലാഹു തന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നത് ഭയഭക്തിയോടെ ജീവിക്കുന്നവരുടെ മേലാണ്.

**''തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യർ, നിങ്ങളിൽ വച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്."** (49 : 14)

അതായത് നമ്മുടെ മുന്നിൽ രണ്ട് സാധ്യതകളാണുള്ളത്. ഒന്നുകിൽ അല്ലാഹുവിന്റെ അനിഷ്ടം സമ്പാദിച്ചവരുമായി സംസർഗത്തിലേർപ്പെട്ടു കൊണ്ട് നമ്മുടെ ഭൗതികവും ആത്മീയവുമായ അസ്തിത്വത്തെ തന്നെ ഇല്ലാതാക്കാം. അതല്ലെങ്കിൽ ഭയഭക്തിയുള്ളവരെ സുഹൃത്തുക്കളാക്കി സ്വീകരിച്ചുകൊണ്ട് ദൈവപ്രീതി കരസ്ഥമാക്കുന്ന വിധത്തിൽ അല്ലാഹുവിനോടുള്ള നമ്മുടെ സ്നേഹവും അറിവും വർധിപ്പിക്കാം. ഒരിക്കലും തന്നെ വ്യത്യസ്ത ആദർശങ്ങളുള്ള ജനങ്ങൾക്ക് പരസ്പരം കൂടിക്കലരാൻ കഴിയില്ലായെന്ന വിശുദ്ധ ഖുർആന്റെ പ്രതിപാദനം വളരെ ശ്രദ്ധേയമാണ്.

**"അന്ധനും കാഴ്ചയുള്ളവനും സമന്മാരാകുന്നില്ല. അന്ധകാരവും പ്രകാശവും സമമാകയില്ല. തണലും ചുട്ടുവെയിലും സമമാവുന്നില്ല. ജീവിച്ചിരിപ്പുള്ളവരും മരിച്ചവരും സമമാകുന്നില്ല."** (35 : 20 – 23)

വഴിപിഴച്ചവർ ഒരിക്കലും തന്നെ ഭയഭക്തിയുള്ള വരുമായി ലയിക്കുകയില്ലെന്ന ആശയത്തെ വളരെ മനോഹരമായാണ് ഇവിടെ ഖുർആൻ അവതരിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ എന്ന അനന്തമായ ഖജനാവിലെ മുകളിലുദ്ധരിച്ച ഈ വചനവുമായി പോലും മത്സരിക്കാൻ മുൻ കഴിഞ്ഞ നൂറ്റാണ്ടുകളിലെ എല്ലാ മഹാകവികളും ഒരുമിച്ച് പരിശ്രമിച്ചാൽ പോലും കഴിയില്ലെന്നതാണ് വാസ്തവം. വ്യത്യസ്ത ഗുണങ്ങളെ ചേർത്തുവെച്ച്കൊണ്ട് വൈരുദ്ധ്യത്തെ



പ്രകടമാക്കുകയാണ് ഈ ഖുർആനിക വചനം ചെയ്യുന്നത്. ഇരുളും വെളിച്ചവും ഒരേ സമയം പ്രകടമാവുന്ന പ്രതിഭാസങ്ങളല്ലല്ലോ! അതേപോലെ ജീവനുള്ളവർ മൃതരിൽ നിന്നും വ്യത്യസ്തരാണെന്ന് വിശുദ്ധ ഖുർആൻ പറയുമ്പോൾ ഭയഭക്തിയുള്ള വിശ്വാസികളെയാണ് ഇവിടെ ജീവനുള്ളവർ എന്നത് കൊണ്ടുദ്ദേശിക്കുന്നത്. അവർക്ക് കരുണാമയനായ അല്ലാഹു പുതിയ ഒരു ജീവിതം നല്കിയിരിക്കുന്നു. ജീവിതത്തിന്റെ സാരാംശമായ പരമമായ സത്യത്തെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടവരാണ് മൃതർ. തങ്ങളുടെ ആത്മീയമരണത്തെ അങ്ങനെയവർ സ്വയം ക്ഷണിച്ചുവരുത്തുകയാണ് ചെയ്തത്. ശവമാടങ്ങളിൽ കിടക്കുന്നവരിൽ നിന്നും ഒട്ടും തന്നെ വ്യത്യസ്തരല്ല ഇവർ.

ഇവിടെയുയരുന്ന യുക്തിപരമായ ഒരു ചോദ്യം ഏത് തരത്തിലുള്ള കൂട്ടുകെട്ടാണ് തിരഞ്ഞെടുക്കേണ്ടതെന്നാണ്. സുഹൃദ്‌വലയത്തിൽ പെട്ടവരുമായുള്ള നിങ്ങളുടെ ഇടപഴകൽ, വിശുദ്ധ ഖുർആന്റെ ഉത്തരവുകളോടും അധ്യാപനങ്ങളോടുമുള്ള അനുസരണവും നല്ല പ്രവൃത്തികൾ ചെയ്യുവാനുള്ള തീരുമാനങ്ങളെയും ധാർമിക ആത്മീയ ഗുണങ്ങളെയും നിങ്ങളുടെ വിശ്വാസത്തെയും അധികരിപ്പിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ആ സൗഹൃദം നിങ്ങൾക്ക് ഗുണകരമാണ്. എന്നാൽ ചില സൗഹൃദങ്ങൾ നന്മയിലേക്കും നല്ല പ്രവർത്തികളിലേക്കും പ്രേരണ ചെലുത്തുന്നതിനുപകരം നിങ്ങളിൽ തിന്മയോട് ഇഷ്ടമുളവാക്കുകയും പാപം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അത്തരം സൗഹൃദങ്ങൾ നിങ്ങളുടെ ആത്മീയ വഴിയിൽ തടസ്സം സൃഷ്ടിക്കുന്ന ഒന്നാണെന്ന് സാമാന്യബുദ്ധി പറയുന്നു.

പരിശുദ്ധ പ്രവാചകന്റെ ആകർഷണ ശക്തിയെകുറിച്ച് ഇവിടെ സ്മരിക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ ആകർഷണ ശക്തി എത്രത്തോളം മഹത്തരമായിരുന്നുവെന്ന് വെച്ചാൽ തന്റെ ഉന്നതമായ സ്വഭാവ ഗുണങ്ങളും ഹൃദയംനൊന്ത പ്രാർഥനകളും മുഖേന ഒരു ദേശത്തെ മുഴുവൻ പരിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മാത്രമല്ല ആത്മീയമായി മൃതരായവരെ അദ്ദേഹം പുനരുജ്ജീവിപ്പിക്കുകയും അവരെ അല്ലാഹുവിൽ നിന്ന് വെളിപാട് സ്വീകരിക്കുന്ന വിധത്തിലുള്ള ആത്മീയ ഔന്നത്യത്തിലേക്ക് ഉയർത്തുകയുണ്ടായി. വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഈ മഹത്തായ ആത്മീയ പ്രതിഭാസത്തെകുറിച്ച് പറയുകയുണ്ടായി. അദ്ദേഹം പറയുന്നു.

"നമ്മുടെ നബിനായകർ മുഹമ്മദ് നബി(സ) സത്യത്തിന്റെ അവതരണത്തിനായി വെളിപ്പെട്ട ഒരു മഹാപരിഷ്കർത്താവ് ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടുന്നു വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനകൃത്യത്തിൽ നബി നായകരോടൊപ്പം മറ്റൊരു നബിക്കും പങ്കില്ല. സകലലോകവും പൂർണമായ അന്ധകാരത്തിൽപെട്ടു കിടക്കുന്നതായിട്ടാണ് അവിടുന്നു കണ്ടത്. അവിടത്തെ ആവിർഭാവത്തോടെ ആ അന്ധകാരം പ്രകാശമായി മാറി. അവിടുന്നു വെളിപ്പെട്ട ജനത മുഴുവനും തന്നെ 'ശിർക്കി'ന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചുവെച്ചു തൗഹീദിന്റെ അഥവാ ഏകദൈവാദർശനത്തിന്റെ പുതപ്പണിയുന്നതുവരെ, എന്നല്ല അവർ സത്യവിശ്വാസത്തിന്റെ അത്യുന്നത ശ്രേണി കളിലെത്തുന്നതുവരെയും, സത്യസന്ധതയുടെയും

ആത്മാർഥതയുടെയും ദൃഢവിശ്വാസത്തിന്റെയും അപദാനങ്ങൾ ലോകത്ത് മറ്റൊരു ജനവിഭാഗത്തിലും കാണപ്പെടാത്ത വിധം അവരിൽ വെളിപ്പെടുമാറാകുന്നതുവരെയും അദ്ദേഹം ദിവംഗതനായില്ല. ഈ ഏതാദൃശമായ വിജയം നബിനായകൻ (സ) തിരുമേനിയ്ക്കല്ലാതെ മറ്റൊരു പ്രവാചകനും പ്രദാനം ചെയ്യപ്പെട്ടിരുന്നില്ല. അങ്ങേയറ്റം അധർമം നിറഞ്ഞിരുന്ന ഒരു കാലത്ത് സ്വഭാവികമായും അത്യുജ്ജല പ്രഭാവനായ ഒരു മഹാപരിഷ്കർത്താവിനെ ലോകം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു കാലത്ത് പ്രത്യക്ഷനാകുകയും നിയോഗിക്കപ്പെടുകയും ചെയ്തുവെന്നു മാത്രമല്ല, ലക്ഷക്കണക്കിന് മനുഷ്യർ സൃഷ്ടിപൂജ കൈവെടിഞ്ഞു. തൗഹീദിന്റെ അഥവാ ഏകദൈവദർശനത്തിന്റെ നേർവഴി അവലംബിക്കുമാറാകയും ചെയ്തിരുന്ന ഒരു കാലത്ത് ഈ ലോകത്ത് നിന്ന് വിരഹം പ്രാപിക്കുകയും ചെയ്തു എന്നതുതന്നെ തിരുനബിയുടെ പ്രവാചകത്വത്തിലേയ്ക്ക് ഏറ്റവും വലിയ ഒരു തെളിവാകുന്നു. ഈ പരിപൂർണമായ പരിഷ്കരണം തിരുമേനിയുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടുന്നു മൃഗസമാനരായ കിരാതരായ ഒരു ജനവിഭാഗത്തിനു മനുഷ്യത്വം പഠിപ്പിച്ചു. അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കി മാറ്റിയെന്നു പറയാം. പിന്നെ ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടുന്നു ദൈവ മനുഷ്യരാക്കി മാറ്റുകയും ആത്മീയചൈതന്യം അവരിൽ ഊതി നിറക്കുകയും സത്യദൈവവുമായി അവരെ അടുപ്പിക്കുകയും ചെയ്തു. അവർ ദൈവമാർഗത്തിൽ ആടുമാടുകളെപോലെ അറുത്തിടപ്പെട്ടു. എറുമ്പുകളെപ്പോലെ കാലടികൾക്കിടയിൽ ചതച്ചരക്കപ്പെട്ടു. എങ്കിലും അവർ സത്യവിശ്വാസം കൈവെടിഞ്ഞില്ല. എല്ലാ കഷ്ടപ്പാടുകളിലും വിപത്തുകളിലും അവർ മുന്നോട്ട് കാൽവച്ചു.'' (ലക്ചർ സിയാൽക്കോട്ട് P 15,16)

പരിശുദ്ധ പ്രവാചകരുടെ (സ) അനുചരർക്ക് സംഭവിച്ച മാറ്റത്തിന് ചരിത്രം സാക്ഷിയാണ്. മദ്യപരിൽ നിന്നും വിശുദ്ധന്മാരിലേക്കുള്ള അവരുടെ രൂപാന്തരീകരണം പൂർണമായും പരിശുദ്ധ പ്രവാചകന്റെ (സ) സംസർഗത്തിന്റെ അനുഗ്രഹഫലമായിരുന്നു. ഒരു നിമിഷമെങ്കിലും നമ്മുടെ പ്രിയങ്കരനായ യജമാനൻ മുഹമ്മദ് നബി(സ) യ്ക്കൊപ്പം ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ ഹാ; എത്ര നന്നായിരുന്നേനെ! അല്ലാഹു അവന്റെ പ്രത്യേകമായ അനുഗ്രഹങ്ങൾ നബിനായകരുടെയും അദ്ദേഹത്തിന്റെ അനുചരരുടെയും മേൽ വർഷിക്കട്ടെ.

ഭക്തിയുള്ളവരുമായുള്ള സംസർഗത്തിൽ നിന്ന് അനുഗ്രഹം ലഭിക്കുന്നതിനുള്ള മറ്റൊരു മാർഗം വിവാഹമാണ്. നമ്മുടെ ജീവിതപങ്കാളി നമ്മുടെ സുഹൃത്ത് കൂടിയാണല്ലോ! നാം പുരോഗതിയാർജിക്കുന്നതിനും സ്രഷ്ടാവിനോടുള്ള നമ്മുടെ സ്നേഹത്തിൽ അഭിവൃദ്ധിയുണ്ടാകുന്നതിനുമായി ഉദാരവാനായ അല്ലാഹു എല്ലാ വസ്തുക്കളെയും അതിന്റെ ഇണകളോടൊപ്പമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത് ആത്മീയവും ഭൗതീകവുമായ നിയമം കൂടിയാണ്. വിശുദ്ധ ഖുർ ആൻ പറയുന്നു:

**"എല്ലാ വസ്തുക്കളും ഇണകളോടൊപ്പം സൃഷ്ടിച്ചവനായ അല്ലാഹു പരിശുദ്ധനാകുന്നു"**( 36 : 37)

ജീവനുള്ളതോ ജീവനില്ലാത്തതോ ജൈവികമോ അജൈവികമോ ആയ പ്രപഞ്ചത്തിലുള്ള സകല വസ്തുക്കൾക്കും ഒരു പങ്കാളിയുണ്ട്. അങ്ങനെ നമ്മുടെ ഇണകളുടെ രൂപത്തിൽ നാമും ഒരു കൂട്ടുകെട്ടാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണ്.

അല്ലാഹു പറയുന്നു:

**'അവർ നിങ്ങൾക്ക് ഒരു വസ്ത്രമാണ്. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു"** (2 : 188)

നാം നമ്മുടെ ജീവിതം പങ്കുവെയ്ക്കാനായി ഏതു തരത്തിലുള്ള ഇണയെയായിരിക്കണം തെരഞ്ഞെടുക്കേണ്ടതെന്ന് പ്രത്യേകം ശ്രദ്ധവെക്കേണ്ട സംഗതിയാണ്. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു:

"ഒരാൾ ഒരു സ്ത്രീയെ വേൾക്കുന്നത് നാല് കാര്യങ്ങളെ മുൻനിറുത്തിയായിരിക്കും. അവളുടെ സമ്പത്ത്, അവളുടെ കുലമഹിമ, അവളുടെ സൗന്ദര്യം, അവളുടെ ധർമനിഷ്ഠ. നീ ധർമനിഷ്ഠയുള്ള സ്ത്രീയെ വേൾക്കുക. അങ്ങനെയായാൽ നിന്റെ കൈ ചെളി പുരളുകയില്ല.' (സഹീഹ് ബുഖാരി)

ഉചിതമായ ഒരു ഇണയെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി വിശിഷ്ടമായ ഉപദേശമാണ് പ്രവാചകൻ(സ) നമുക്ക് നല്കിയിരിക്കുന്നത്. ഈ ഉപദേശത്തിൽ അടിയുറച്ച് നിന്നുകൊണ്ട് ഒരാൾ ധർമനിഷ്ഠയുടെ അടിസ്ഥാനത്തിൽ പങ്കാളിയെ തിരഞ്ഞെടുക്കുകയാണെങ്കിൽ അത്തരമൊരാൾ അല്ലാഹുവിൽ നിന്ന് അനുഗ്രഹങ്ങൾക്ക് പാത്രീഭൂതനാകുക തന്നെ ചെയ്യും. മാത്രമല്ല എല്ലാ ബുദ്ധിമുട്ടുകളെയും പരീക്ഷണങ്ങളെയും അതിജീവിക്കാൻ ആ ദമ്പതിമാർക്ക് കഴിയുകയും ചെയ്യും.

വിവാഹത്തെ വസ്ത്രത്തോടാണ് വിശുദ്ധ ഖുർആൻ ഉപമിച്ചിരിക്കുന്നത്. ഭൗതിക വസ്ത്രം നമ്മെ സംരക്ഷിക്കുന്നത് പോലെ ആത്മീയ വസ്ത്രം അതായത് നമ്മുടെ ഇണകൾ പൈശാചിക പ്രലോഭനങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു. ഈ ഉപദേശങ്ങൾ ഒരാൾ വകവെക്കുന്നില്ലെങ്കിൽ അയാൾ അഭിവൃദ്ധിപ്പെടുന്നതല്ല. ദാമ്പത്യത്തിന്റെ തുടക്കത്തിലുണ്ടായിരുന്ന സ്വരചേർച്ച പിന്നീട് അപസ്വരങ്ങൾക്ക് വഴിമാറികൊടുക്കും. ഈ ദൈവിക നിയമം ഇപ്രകാരം വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

**"ബഹുദൈവ വിശ്വാസികളെ അവർ സത്യവിശ്വാസം സ്വീകരിക്കുന്നത് വരെ നിങ്ങൾ വിവാഹം ചെയ്യരുത്. വിശ്വാസിനിയായ ഒരു അടിമസ്ത്രീ ബഹുദൈവ വിശ്വാസിനിയായ ഒരു സ്വതന്ത്ര സ്ത്രീയെക്കാൾ തീർച്ചയായും ഉത്തമയാകുന്നു. അവൾ നിങ്ങൾക്ക് എത്ര തന്നെ കൗതുകം ജനിപ്പിച്ചാലും ശരി. അപ്രകാരം തന്നെ ബഹുദൈവവിശ്വാസികൾക്ക് അവർ സത്യവിശ്വാസം സ്വീകരിക്കുന്നത് വരെ (മുസ്‌ലിം സ്ത്രീകളെ) വിവാഹം ചെയ്തു കൊടുക്കരുത്. വിശ്വാസിയായ ഒരടിമ സ്വതന്ത്രനായ ഒരു ബഹുദൈവ വിശ്വാസിയെക്കാൾ തീർച്ചയായും ഉത്തമനാണ്.** (2 : 222)

വിശുദ്ധ ഖുർആൻ വിഗ്രഹരാധകരെ വിവാഹം കഴിക്കരുതെന്ന് വളരെ ശക്തമായി പ്രബോധിക്കുന്നു. അപ്പോൾ എന്താണ് വിഗ്രഹാരാധന? വിശുദ്ധ ഖുർആനിലെ "അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽ നിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽ നിന്നും അകന്നുനില്ക്കുക" (22:31) എന്ന വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മഹ്ദി മസീഹ് (അ) എഴുതുന്നു:

**ജുഗുപ്സയുളവാക്കുന്ന വിഗ്രഹങ്ങളെ ത്യജിക്കുകയും കളവ് പറയുന്നതിൽ നിന്ന് വിട്ടുനില്ക്കുകയും ചെയ്യുക. കളവ് പറയൽ വിഗ്രഹാരാധനയെക്കാൾ കുറഞ്ഞ പാപമല്ല. ലക്ഷ്യത്തിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കുന്ന ഏതൊന്നും നിങ്ങളുടെ വഴിയിലെ വിഗ്രഹമാണ്."**

(റൂഹാനിഖസായീൻ Vol . 3. ഇസാലയെ ഔഹാം)

ഭൗതിക ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ ഒരാളെ സത്യാന്വേഷണത്തിൽ നിന്നുമകറ്റി നിർത്തുന്നു. ഇപ്രകാരം വിഗ്രഹാരാധനയ്ക്ക് ഭൗതികതയുടെ

രൂപമെടുക്കാൻ കഴിയും. ഭൗതികതയുടെ ദുസ്വാധീനമുള്ള ഇക്കാലഘട്ടത്തിൽ ഭൗതികതയോട് തീവ്രാഭിലാഷമില്ലാത്ത, ഹൃദയത്തിൽ ദൈവഭയമുള്ള ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാൻ എല്ലായ്പ്പോഴും മുൻകരുതലെടുക്കേണ്ടതാണ്.

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിലെ അംഗങ്ങൾ ഭയഭക്തിയുള്ളവരുമായി കൂടിച്ചേരാനും ഇതിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാഗുലാം അഹ്മദ്(അ) കൊളുത്തിയ പ്രകാശത്തെ കെടുത്താൻ ഉദ്ദേശിക്കുന്നവരെ ത്യജിക്കാനും എല്ലായ്പ്പോഴും തയ്യാറാണ്. ഭയഭക്തിയുള്ളവരുടെ സംസർഗത്തിന്റെ അനുഗ്രഹങ്ങൾ മുഖേന ശക്തിമാനായ അല്ലാഹു ഇസ്‌ലാമിനെ അതിന്റെ പ്രതാപവും മഹത്വവും വീണ്ടെടുക്കുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുന്നതാണ്.

**"എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ അനുകൂലത്തോടെ വലിയ സംഘങ്ങളെ ജയിച്ചടക്കിയിട്ടുള്ളത്! അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു"** (2 : 250)

ഇപ്രകാരം ഭയഭക്തിയുള്ളവരുമായുള്ള സൗഹൃദം കാത്തു സൂക്ഷിക്കുകയും പ്രവാചകൻ (സ) പകർന്നു നല്കിയ വിവേകജ്ഞാനത്തിൽ മനസ്സിരുത്തുകയും ചെയ്യുക. പ്രവാചകൻ തന്റെ അനുയായികളെ ഉപദേശിച്ചുകൊണ്ടുപറഞ്ഞു:

"ഭയഭക്തിയുള്ള ഒരു സുഹൃത്തിന്റെയും വഴികേടിലായ ഒരു സുഹൃത്തിന്റെയും അവസ്ഥ സുഗന്ധം വഹിക്കുന്നവന്റെയും ചൂളയിൽ ഊതുന്നവന്റെയും പോലെയാണ്. സുഗന്ധവാഹകൻ സുഗന്ധം പാരിതോഷികമായി ത്തരും, അല്ലെങ്കിൽ നിങ്ങൾക്ക് ഒരല്പം സുഗന്ധം അയാളിൽ നിന്ന് പകരാൻ കഴിയും, അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ പക്ഷം സുഗന്ധത്തിന്റെ വാസനയെങ്കിലുമുണ്ടാ വും. മറ്റെയാളുടെ കാര്യം നിങ്ങളുടെ വസ്ത്രത്തെ അയാൾ എരിച്ചുകളയും, ഏറ്റവും കുറഞ്ഞ പക്ഷം ചൂളയിൽ നിന്നും വമിക്കുന്ന ദുർഗന്ധമുള്ള വായു നിങ്ങൾക്ക് ശ്വസിക്കേണ്ടതായി വരും". (സഹീഹ് ബുഖാരി)

നമ്മുടെ ആത്മാക്കളുടെ മേൽ അല്ലാഹു കാരുണ്യം വർഷിക്കട്ടെ. ഭയഭക്തിയുള്ളവരുമായുള്ള സംസർഗത്തിന്റെ അനുഗ്രഹങ്ങൾക്ക് അവൻ നമ്മെ പാത്രീഭവിപ്പിക്കട്ടെ. ആമീൻ.

**വിവ : മുഹമ്മദ് സഫ്‌വാൻ**

# പരിശുദ്ധ കലിമ നെഞ്ചോട് ചേർത്ത്

ഹസീബ് അഹ്മദ് വാഴക്കാല

**കു**പ്രസിദ്ധനായ പാകിസ്താൻ പട്ടാള സ്വേച്ഛാധിപതി സിയാവുൽഹഖ് 1984 ൽ ഒരു കിരാത നിയമം മുഖേന അഹ്മദികൾക്ക് ഇസ്‌ലാമിക ചിഹ്നങ്ങൾ പ്രകടിപ്പിക്കു ന്നതിനുള്ള സ്വാതന്ത്ര്യം നിരോധിക്കുക യുണ്ടായി. ഇതിനെ തുടർന്ന് അഹ്മദികൾ ഇസ്‌ലാമിക മത വിശ്വാസത്തോടുള്ള അവരുടെ ആത്മബന്ധവും അർപ്പണ മനോഭാവവും പ്രകടിപ്പിച്ചത് പരിശുദ്ധ കലിമ തങ്ങളുടെ നെഞ്ചിലും വീട്ടിലും പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു. ഈ കുറ്റത്തിന് ഒരുപാട് അഹ്മദികൾ അന്ന് അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഈ നിയമ പ്രഖ്യാപനത്തിന് തൊട്ട് പിന്നാലെ കിരാത നിയമം നടപ്പിൽ വരുത്തിയ പാകിസ്ഥാനെ പ്രസിഡന്റ് ജനറൽ സിയാവുൽ ഹഖ് ഹദ്റത്ത് ഇമാം മഹ്ദി (അ)ന്റെ ഒരു സഹചാരിയും പാക്കിസ്ഥാന്റെ ആദ്യത്തെ വിദേശ കാര്യമന്ത്രിയും ലോകകോടതി ജഡ്ജിയും യു.എൻ.അസംബ്ലി ജനറൽ സെക്രട്ടറിയും ആയിരുന്ന ചൗദരി സർ മുഹമ്മദ് സഫറുള്ളഖാൻ സാഹിബിനെ കാണാനായി വരികയുകയുണ്ടായി. ചൗദരി സർ മുഹമ്മദ് സഫറുള്ള ഖാൻ സാഹിബ് അന്ന് രോഗബാധിതനായി തന്റെ സഹോദരീ പുത്രനും മരുമകനും അന്നത്തെ ലാഹോർ ജമാഅത്ത് അമീറുമായിരുന്ന ചൗദരി ഹമീദ് നസ്റുള്ള സാഹിബിന്റെ വീട്ടിൽ വിശ്രമിക്കു കയായിരുന്നു. ജനറൽ സിയാവുൽ ഹഖ്, ചൗദരി സർ മുഹമ്മദ് സഫറുള്ള ഖാൻ സാഹിബിനെ സന്ദർശിക്കാൻ വരുന്നുണ്ടെന്ന വിവരം ബഹുമാനപ്പെട്ട ലാഹോർ ജമാഅത്ത് അമീർ സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹവും ലാഹോർ ജമാഅത്ത് അംഗങ്ങളും വീടിന്റെ പ്രവേശന കവാടം മുതൽഎല്ലാ ചുമരിലും പരിശുദ്ധ കലിമ തികച്ചും നിർഭയമായി മുൻകൈയെടുത്തുകൊണ്ട് എഴുതി പ്രദർശിപ്പിക്കുകയുണ്ടായി. ഇതു കൂടാതെ ചൗദരി സർ മുഹമ്മദ് സഫറുള്ള ഖാൻ സാഹിബ് ഉൾപ്പെടെ അവിടെ ഉണ്ടായിരുന്ന ഓരോ അഹ്മദിയും നെഞ്ചിൽ പരിശുദ്ധ കലിമ എഴുതിയ സ്റ്റിക്കർ പതിപ്പിക്കുകയുണ്ടായി. ജനറൽ സിയാവുൽ ഹഖിന്റെ കൂടെ പഞ്ചാബ് ഗവർണർ മാലിക്ക് ഗുലാം ജീലാനിയും ഉണ്ടായിരുന്നു. ഇവർ അവിടെ പതിപ്പിച്ചിരുന്ന പരിശുദ്ധ കലിമയുടെ സ്റ്റിക്കറുകൾ എല്ലാം കണ്ടിട്ടും അതിനെതിരിൽ ഒരു അക്ഷരവും പറഞ്ഞില്ല. എന്നാൽ ജനറൽ സിയാവുൽ ഹഖിന്റെ പ്രൈവറ്റ് സെക്രട്ടറി എന്തിനാണ് പരിശുദ്ധ കലിമ ഇവിടെയെല്ലാം പതിപ്പിച്ചിരിക്കുന്നതെന്ന് അഹ്മദികളിൽ ഒരാളോട് ചോദിച്ചു അദ്ദേഹം ധൈര്യപൂർവം ഇപ്രകാരം മറുപടി പറഞ്ഞു: പരിശുദ്ധ കലിമയും ഞങ്ങളുമായുള്ള ബന്ധം ആരു വിചാരിച്ചാലും തകർക്കാൻ സാധ്യമല്ലായെന്ന് നിങ്ങളുടെ പ്രസിഡന്റിനെ ബോധ്യപ്പെടുത്താനാണ് ഞങ്ങൾ ഇപ്രകാരം ചെയ് തത്. ഈ കുറ്റത്തിന് വേണ്ടി ഞങ്ങൾ അറസ്റ്റ് വരിക്കാനും തയ്യാറാണ്. അപ്രതീക്ഷിതമായ ഈ മറുപടി കേട്ട് പ്രൈവറ്റ് സെക്രട്ടറി മറുപടി ഒന്നും പറയാതെ തിരിച്ചുപോയി.

യഥാർഥ ജിഹാദിന്റെ പ്രവർത്തന മാതൃകയും ഇസ്‌ലാമിക വിശ്വാസാദർശങ്ങളോടുള്ള ആത്മാർഥതയും സ്നേഹവും അർപ്പണ മനോഭാവവുമാണ് ചൗദരി സർ മുഹമ്മദ് സഫറുള്ള ഖാൻ സാഹിബും ലാഹോർ ജമാഅത്ത് അംഗങ്ങളും അന്ന് പ്രകടിപ്പിച്ചത്. ക്രൂരനായ ഭരണാധികാരിക്കു മുമ്പിൽ സത്യം ബോധ്യപ്പെടുത്താൻ ആയുധത്തിന്റെ ആവശ്യമില്ല. എറ്റവും നല്ല ജിഹാദ് ക്രൂരനായ ഭരണാധികാരിക്ക് മുമ്പിൽ സത്യം പറയുകയെന്ന തിരുനബി (സ) യുടെ ഉപദേശത്തിന്റെ കർമരൂപത്തിലുള്ള വ്യാഖ്യാനം കൂടിയായിരുന്നു അത്.

(അവലംബം-അഹ്മദിയ്യ ഗസറ്റ് കാനഡ)

ലേഖനം

# ആഹാരനിയന്ത്രണം

മസൂദ് അഹ്മദ്, കരുനാഗപ്പള്ളി

പച്ചക്കറിയും മാംസവും അടങ്ങിയ സമീകൃതാഹാരമാണ് മനുഷ്യൻ ശീലിക്കേണ്ടത്. ഇക്കാലത്ത് മാംസാഹാരത്തിന്റെ ആധിക്യവും വ്യായാമക്കുറവും പല ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. അങ്ങനെയുള്ളവർ സസ്യാഹാരത്തിന് പ്രാധാന്യം നൽകണമെന്ന് ലേഖകൻ പറയുന്നു.

**നാം** ഏതാഹാരമാണ് കഴിക്കേണ്ടത്? രോഗപ്രതിരോധശക്തിയും രോഗനിവാരണശേഷിയും വർധിപ്പിക്കുന്നതും ആരോഗ്യവും ദീർഘായുസ്സും പ്രദാനം ചെയ്യുന്നതുമായ ഭക്ഷണങ്ങളാണ് ഉത്തമമായിട്ടുള്ളത്. ആഹാരം എങ്ങനെയുള്ളതായിരിക്കണമെന്ന കാര്യത്തിൽ പരിശുദ്ധ ഖുർആൻ കർശനമായ താക്കീതുകൾ തരുന്നുണ്ട്.

**"തങ്ങൾക്ക് (ഭക്ഷിക്കുന്നതിനായി) അനുവദിക്കപ്പെട്ടതെന്തെന്ന് അവർ നിന്നോടു ചോദിക്കുന്നു. പറയുക, (എല്ലാ) പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു."** (വി. ഖു. 5:5)

ഇസ്ലാമികാദ്ധ്യാപന പ്രകാരം ആരോഗ്യത്തിനോ സ്വഭാവത്തിനോ ദോഷം വരുത്താത്ത എല്ലാ വസ്തുക്കളും പരിശുദ്ധവും അനുവദനീയവുമാണ്. തുടർന്ന് ഇതേ അദ്ധ്യായത്തിൽ തന്നെ 4,6 വചനങ്ങളും ആറാം അദ്ധ്യായത്തിലെ 143, 146, 147 വചനങ്ങളും ഈ വിഷയകമായി കൂടുതൽ വിവരണങ്ങൾ തരുന്നുണ്ട്.

ജീവിതരീതിയിൽ നാം കാണിക്കുന്ന തെറ്റുകളാണ് ഒട്ടുമിക്ക രോഗങ്ങൾക്കും കാരണം. ഭക്ഷണകാര്യത്തിലാണ് മനുഷ്യൻ ഏറ്റവും കൂടുതൽ തെറ്റുകൾ കാണിക്കുന്നത്. അമിതാഹാരമാണ് ഇതിൽ ഒന്നാമത്തേത്.

''നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ, എന്നാൽ ഒന്നിലും അമിതത്വമരുത്" (വി.ഖു: 7:32).

"ആമാശയത്തിന്റെ പകുതിമാത്രം നിറയ്ക്കുക. ബാക്കിപ്പകുതി വായുവിനും വെള്ളത്തിനുമായി ഒഴിച്ചിടുക" – നബിവചനം.

വിശുദ്ധ ഖുർആൻ വചനങ്ങളും നബി വചനങ്ങളും നമ്മെ പഠിപ്പിക്കുന്നത് അമിതാഹാരം ആപത്താണെന്നാണ്. എന്നാൽ പരിശുദ്ധ റമദാനിൽ പ്പോലും ഈ നിയമം നമ്മൾ പാലിക്കുന്നുണ്ടോ? പകൽ വ്രതാനുഷ്ഠാനവും രാത്രിയിൽ അമിതാഹാരവുമായി കഴിയുന്നവരാണ് അധികവും.

മത്സ്യമാംസാദികൾ വർജ്ജ്യമെന്ന് ഇസ്ലാം പഠിപ്പിക്കുന്നില്ല. മാംസാഹാരവും സസ്യാഹാരവുമടങ്ങിയ സമീകൃതാഹാരം എന്ന മധ്യനിലപാടിനെ യാണ് വിശുദ്ധ ഖുർആൻ ശുപാർശ ചെയ്യുന്നത്. ഇക്കാലത്ത് മത്സ്യമാംസാഹാരത്തിന്റെ ആധിക്യം പല ആരോഗ്യപ്രശ്നങ്ങളുമുണ്ടാക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മാംസാഹാരത്തിന് അമിതപ്രാധാന്യം നൽകി രോഗാതുരരായവർ ആരോഗ്യം വീണ്ടെടുക്കുന്നതിന് ചില ക്രമീകരണങ്ങൾ സ്വീകരിക്കുന്നത് നല്ലതാണ്. അത്തരക്കാർ മത്സ്യമാംസാദികൾ ഉപേക്ഷിച്ച് പച്ചക്കറികളെയും പഴവർഗങ്ങളെയും ആശ്രയിച്ച് ജീവിക്കാൻ പരിശീലിക്കുന്നതുകൊണ്ട് പോഷകക്കുറവും സംഭവിക്കുന്നില്ല. നാം കഴിക്കുന്ന ആഹാരത്തിൽ നിന്ന് നമുക്ക് കിട്ടുന്നത് പ്രധാനമായും ആറ് തരത്തിലുള്ള പോഷകഘടകങ്ങളാണ്. അവ ധാന്യകങ്ങൾ (Carbo hydrates), മാംസ്യങ്ങൾ (Proteins), കൊഴുപ്പുകൾ (Fats),ലവണങ്ങൾ (Minerals), ജീവകങ്ങൾ (Viaitamins), ജലം(Water) എന്നിവയാണ്. ഇവയിൽ മാംസ്യങ്ങൾക്കു വേണ്ടിയാണ് നാം പ്രധാനമായും ജന്തുജന്യഭക്ഷണങ്ങളായ മത്സ്യം, മാംസം, മുട്ട, പാൽ എന്നിവയെ ആശ്രയിക്കുന്നത്. എന്നാൽ ജന്തുജന്യമായ മാംസ്യത്തിന്റെ ദഹനശേഷം ഉണ്ടാകുന്ന 'നൈട്രസ്അമീൻസ്' എന്ന വസ്തു ആമാശയത്തിലും കുടലിലും മറ്റും കെട്ടിനില്ക്കുന്നതിന്റെ ഫലമായി കുടൽപ്പുണ്ണ്, കരൾവീക്കം, കാൻസർ എന്നിവ ഉണ്ടാകാനുള്ള സാദ്ധ്യതയേറുന്നു. സസ്യാഹാരത്തിന് പ്രധാന്യം കൊടുക്കുന്ന 'ഹുൻസ' വർഗക്കാരിൽ നടത്തിയ പഠനത്തിൽ അവർക്ക് ഇത്തരം രോഗങ്ങൾ ഇല്ലെന്നു മാത്രമല്ല 90 നും 110 നും ഇടയ്ക്ക് പ്രായമുള്ളവരുടെ കൊളസ്ട്രോളിന്റെയും രക്തസമ്മർദത്തിന്റെയും അളവ് സാധാരണ നിലയിലാണെന്ന് ബോധ്യമാകുകയും ചെയ്തു. ഹുൻസ വർഗക്കാർ പാകിസ്താന്റെ വടക്കുഭാഗത്തുള്ള ഹിമാലയ പർവത ത്തിന്റെ കൊടുമുടികളിൽ ജീവിക്കുന്നവരാണ്. പർവതമുകളിലെ അരുവികളിൽ നിന്ന് വെള്ളം കുടിക്കുന്നു. പ്രധാനാഹാരം പഴവർഗങ്ങളും പച്ചക്കറികളുമാണ്. ശീമബദാം പഴം (Apricot) ധാരാളമായി കഴിക്കുന്നതുകൊണ്ടാണെന്ന് പറയപ്പെടുന്നു ഇവർക്ക് കാഴ്ചശക്തി വളരെ കൂടുതലാണ്. ടിന്നിൽ വരുന്ന ആഹാരപദാർഥങ്ങൾ, ഉപ്പ്, പഞ്ചസാര, പഴകിയ ആഹാരപദാർഥങ്ങൾ എന്നിവ പൂർണമായും ഇവർ ഒഴിവാക്കിയിരിക്കുന്നു. മിതമായി മാത്രം ഭക്ഷിക്കുന്നു. 145 വയസ്സുവരെ ഇവരിൽ ചിലർ ജീവിക്കുന്നു.

അമേരിക്കൻ ശാസ്ത്രജ്ഞർ 'അയോപ' സ്റ്റേറ്റിലെ 3500 സത്രീകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാട്ടിറച്ചി അമിതമായി ആഹരിക്കുന്നത് കാൻസറിന് കാരണമാകുമെന്ന നിഗമനത്തിൽ എത്തിച്ചേർന്നതായി ഒരുവാർത്ത



'ജേർണൽ ഓഫ് അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ' പ്രസിദ്ധീകരിക്കുകയുണ്ടായി. ബ്രിട്ടനിലുണ്ടായ പശുരോഗം പ്രമാദമായിരുന്നല്ലോ. പശുവിന്റെ തീറ്റയിൽ സസ്യങ്ങൾക്ക് പകരം മാംസാവശിഷ്ടങ്ങൾ കലർത്തി കൃത്രിമ ഭക്ഷണം പശുക്കൾക്ക് നൽകിയതാണ് ഈ രോഗത്തിന് കാരണമെന്ന് പറയപ്പെടുന്നു. അവയുടെ ഇറച്ചി കഴിച്ച മനുഷ്യരിലും അത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി. എന്തു സംഭവിച്ചാലും വേണ്ടില്ലാ പണം ഉണ്ടാക്കണമെന്ന മാംസകച്ചവടക്കാരുടെ അതേ മനോഭാവമാണ് അയഡിൻ ഉപ്പിന്റെ കാര്യത്തിലും സംഭവിച്ചിരിക്കുന്നത്.

രക്തക്കുഴലുകളുടെ ശരിയായ പ്രവർത്തനത്തിനാവശ്യമായ ഒരു മൂലകമാണ് മഗ്നീഷ്യം. ഒരാൾക്ക് ഒരു ദിവസം 350 മി. ഗ്രാം മഗ്നീഷ്യം വേണം. ഇതിലധികവും നമുക്ക് ലഭിക്കുന്നത് ഉപ്പിൽ നിന്നാണ്. ഉപ്പിൽ അയഡിൻ ചേർക്കുന്നതിലൂടെ അതിലെ മഗ്നീഷ്യം നഷ്ടപ്പെടും. അയഡിൻ ഉപ്പ് എത്രകാലം വച്ചിരുന്നാലും വെള്ളമൊലിക്കുന്നില്ല. പഴം, നാളികേരം, പച്ചക്കറികൾ എന്നിവയിൽ ധാരാളം അയഡിൻ ഉണ്ട്. അയഡിൻ ഉപ്പിന്റെ പ്രചാരണത്തിലൂടെ ലാഭം കൊയ്യുന്നത് വൻകിട വ്യവസായികളാണ്. അതുകൊണ്ട് ആഹാര കാര്യത്തിലെങ്കിലും പരസ്യങ്ങളുടെ പിന്നാലെ പോകാതിരിക്കുക

മികച്ച നിലവാരമുള്ള മാംസ്യം പയറു വർഗങ്ങളിൽ നിന്നും പച്ചിലകളിൽ നിന്നും പച്ചക്കറികളിൽ നിന്നും ആട്ടിറച്ചിയിൽ നിന്നും ലഭിക്കുന്നതിനെക്കാൾ പതിൻമടങ്ങ് ചക്കപ്പഴത്തിൽ നിന്നും വെണ്ടക്കയിൽ നിന്നും നമുക്ക് ലഭിക്കുന്നു. പരിശുദ്ധമായ മാംസ്യത്തിന്റെ ഉറവിടങ്ങളാണ് പയറുവർഗങ്ങൾ. അതുപോലെ മുട്ടയിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ മാംസ്യവും കലോറിയും താരതമ്യേന വിലകുറഞ്ഞ പച്ചപ്പയറിൽ നിന്നും നമുക്ക് ലഭിക്കുന്നതാണ്. പച്ചിലകളിൽ നിന്നും പച്ചക്കറികളിൽ നിന്നും പയറുവർഗങ്ങളിൽ നിന്നും ലഭിക്കുന്ന സസ്യജന്യമായ മാംസ്യമാണ് ശരീരകോശ നിർമിതിക്കും പേശീബലത്തിനും ഉത്തമമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

അതുപോലെ ചായ, കാപ്പി, കോള തുടങ്ങിയ ഉത്തേജകവസ്തുക്കളുടെ ഉപയോഗം പ്രത്യേകിച്ചും കുട്ടികളിൽ നിരുത്സാഹപ്പെടുത്തേണ്ടതാണ്. മറിച്ച് കരിക്ക് (ഇളനീർ), പഴച്ചാറുകൾ, പഴങ്ങൾ, അണ്ടിവർഗങ്ങൾ, തേങ്ങ, തക്കാളി, കാരറ്റ്, കപ്പലണ്ടി, ഈന്തപ്പഴം എന്നിവയുടെ ഉപയോഗം കുട്ടികളിൽ പ്രോത്സാഹിപ്പിക്കണം.

ഫലമൂലാദികൾ കഴിച്ച് വനാന്തരങ്ങളിൽ ആരോഗ്യത്തോടെ കഴിഞ്ഞിരുന്ന മനുഷ്യന്റെ പിൻ തലമുറക്കാരായ നാം ഇന്ന് കൃത്രിമാഹാരത്തിന്റെ പിന്നാലെ പോയതിന്റെ ഫലമായി ആയുസ്സിന്റെ സിംഹഭാഗവും ആശുപത്രികളിൽ കയറിയിറങ്ങിക്കഴിയുന്നു.

ഇവിടെയാണ് വ്രതാനുഷ്ഠാനത്തിന്റെ പ്രസക്തി. തെറ്റായ ശീലങ്ങളിൽ നിന്നു മോചനം ആഗ്രഹിക്കുന്നവർക്ക് വ്രതാനുഷ്ഠാനം ഒരു വഴിത്തിരിവാണ്.

''വിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതു പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ശാരീരികവും ധാർമികവും ആത്മീയ വുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി" (വി. ഖു. 2:184). തുടർന്ന് ഇതേ അദ്ധ്യായത്തിൽ തന്നെ 185 മുതൽ 188 വരെയുള്ള വചനങ്ങൾ ഇവയ്ക്ക് വിശദീകരണം തരുന്നുണ്ട്.

ജനസംഖ്യാ വർദ്ധനവിനാനുപാതികമായി കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായിരിക്കുന്നതിനാൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാൻ നാം ഇന്ന് നിർബന്ധിതരായിരിക്കുകയാണ്. ഇതിന്റെ ഫലമായി മാരകമായ വിഷദ്രവ്യങ്ങളാണ് ഭക്ഷ്യവസ്തുക്കളിലും മണ്ണിലും ജലത്തിലും കലരുന്നത്. ഇതിനു പുറമെയാണ് വ്യവസായ ശാലകളിൽ നിന്ന് പുറം തള്ളുന്ന വിഷവായുവും ദ്രാവകങ്ങളും. ഇതിൽ നിന്നൊക്കെ പൂർണമായും മോചിതരായി 'ഹുൻസ' വർഗക്കാരെപ്പോലൊരു ജീവിതം നമുക്കു സാദ്ധ്യമല്ല. എന്നാൽ പ്രകൃതിദത്തമായ വളങ്ങൾ ഉപയോഗിച്ച് നമുക്കാവശ്യമായ പച്ചക്കറികൾ, വാഴപ്പഴം എന്നിവയെങ്കിലും നമുക്ക് ഉത്പാദിപ്പിക്കാവുന്നതാണ്. നമ്മുടെ ആരോഗ്യം നമ്മുടെ തന്നെ കൈകളിലാണെന്ന സത്യം ഇനിയെങ്കിലും മനസ്സിലാക്കുക.

# അന്ത്യനാൾ

ഇമാം മുബശിർ അഹ്മദ്

അന്ത്യനാളിലെ ഭയാനകസംഭവങ്ങളെക്കുറിച്ചും
പുനരുത്ഥാനനാളിലെ വിചാരണയെക്കുറിച്ചും
വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്ന രേഖാചിത്രം

**ഖി**യാമത്ത് (അന്ത്യനാൾ) നാളിന്റെ യാഥാർഥ്യത്തെപറ്റി പലരും സംശയിക്കുകയും അത് അവഗണിക്കുകയും ചെയ്യുന്നു. അവരുടെ ഈ നിഷേധം അവരുടെ തന്നെ നഷ്ടത്തിന് കാരണമാകുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

'കള്ളം പറയുന്നവർ ശപിക്കപ്പെടട്ടെ. അഗാധങ്ങളിൽ അശ്രദ്ധരായി കഴിയുന്നവരത്രെ അവർ. വിധി നാൾ എപ്പോഴാണ് എന്നവർ ചോദിക്കുന്നു. അവർ അഗ്നിമേൽ പീഡിപ്പിക്കപ്പെടുന്ന നാളത്രെ അത് (51:11–14).

'അന്നാളിൽ സത്യനിഷേധികൾക്ക് മഹാനാശം. പ്രതിഫലം നൽകുന്ന നാളിനെ നിഷേധിക്കുന്ന വരാണ് അവർ. കൊടുംപാപിയായ ഓരോ അതിക്രമകാരിയുമല്ലാതെ (മറ്റാരും) അതിനെ നിഷേധിക്കുന്നില്ല' (83:11–14)

'നമ്മുടെ ഈ ഐഹികജീവിതമല്ലാതെ മറ്റൊരു ജീവിതം ഇല്ല. നാം വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയില്ല.' എന്നവർ പറയുന്നു. അവരുടെ നാഥന്റെ മുൻപാകെ അവർ നിറുത്തപ്പെട്ടപ്പോഴത്തെ അവസ്ഥ നീ കാണുകയാണെങ്കിൽ! അവൻ ചോദിക്കും 'ഇത് സത്യമല്ലേ?' അവർ പറയും അതെ ഞങ്ങളുടെ നാഥനെക്കൊണ്ട് സത്യം (ഇത് സത്യം തന്നെയാണ്) അവൻ പറയും, നിങ്ങൾ അവിശ്വസിക്കുകയായിരുന്ന കാരണത്താൽ (ഇപ്പോൾ) ശിക്ഷ അനുഭവിച്ചുകൊള്ളുക. (6:30–31)

'ഞങ്ങളുടെ നാഥാ! തീർച്ചയായും ഒരു നാളിൽ സമസ്ത മനുഷ്യരെയും ഒരുമിച്ചു കൂട്ടുന്നവനാണ് നീ. അതിൽ സംശയമേയില്ല. അല്ലാഹു വാഗ്ദത്തം ലംഘിക്കുകയില്ല തന്നെ.' (3:10).

'അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. അന്ത്യനിമിഷത്തിന്റെ കാര്യത്തിൽ ഒരു സംശയവുമില്ല എന്ന് നിങ്ങളോട് പറയപ്പെട്ടപ്പോൾ നിങ്ങൾ പറഞ്ഞു: 'അന്ത്യനിമിഷം എന്താണെന്ന് ഞങ്ങൾ അറിയില്ല. ഒരു ഊഹം മാത്രമേ ഞങ്ങൾക്കുള്ളൂ. ഞങ്ങൾ ദൃഢവിശ്വാസമുള്ളവരല്ല' (45:33)

### ആ സമയം വരിക തന്നെ ചെയ്യും

മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അന്ത്യദിനത്തിലുള്ള വിശ്വാസം അവരുടെ വിശ്വാസകാര്യങ്ങളിൽപ്പെട്ടതാണ്. അന്ത്യനാളിൽ വിശ്വാസമുണ്ടായിരിക്കണമെന്നത് സംബന്ധിച്ച് അല്ലാഹു സൂറഃ ഖിയാമിൽ ശക്തമായി പറയുന്നു.

**'അല്ലാ, ഞാൻ പുനരുത്ഥാനനാളിനെ ക്കൊണ്ട് സത്യം ചെയ്ത് പറയുന്നു. അല്ലാ, ഞാൻ സ്വയം കുറ്റപ്പെടുത്തുന്ന ആത്മാവിനെ കൊണ്ട് സത്യം ചെയ്ത് പറയുന്നു. തന്റെ അസ്ഥികൾ (ദ്രവിച്ചു പോയതിന്ശേഷം) നാം അവയെ ഒരിക്കലും പുനസ്സംഘടിപ്പിക്കുകയില്ലെന്ന് മനുഷ്യൻ വിചാരിക്കുന്നുവോ? അങ്ങനെ അല്ല. അവന്റെ വിരൽക്കൊടികൾ പോലും ശരിപ്പെടുത്താൻ നമുക്ക് കഴിവുണ്ട്. പക്ഷേ മനുഷ്യനുദ്ദേശിക്കുന്നത് തന്റെ ഭാവിജീവിതത്തിലും ദുഷ്ചെയ്തികൾ തുടർന്ന് നടത്തണമെന്നാണ്' (75:1–6).**

അന്ത്യനാൾ വന്നെത്തുക തന്നെ ചെയ്യുമെന്ന് വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ചു പറയുന്നു.

**'ആ സമയം വരിക തന്നെ ചെയ്യും. അതിൽ ഒരു സംശയവുമില്ല. പക്ഷേ മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുന്നില്ല' (40:60)**

**'തീർച്ചയായും വിധിതീർപ്പിന്റെ നാൾ സുനിശ്ചിതമാകുന്നു' (78:18). 'തീർച്ചയായും അന്ത്യനാൾ വരുന്നതാണ്. ഓരോ ആത്മാവിനും അത് പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നൽകുന്നതിനായി ഞാൻ അതിനെ (ആ സമയത്തെ) വെളിപ്പെടുത്തിയേക്കാം.' (20:16)**

അല്ലാഹു തന്നെയാണ് സത്യസ്വരൂപൻ. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നുവെന്നും അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാണെന്നുമുള്ളത് കൊണ്ടാണത്. ആ നിശ്ചിതസമയം വരുന്നത് തന്നെയാണ്. അതിൽ യാതൊരു സംശയവുമില്ല. ഖബ്റുകളിലുള്ളവരെ അല്ലാഹു തീർച്ചയായും എഴുന്നേൽപ്പിക്കുകയും ചെയ്യും.' (22:7–8)

### വിവിധ പേരുകൾ

മനുഷ്യരാശി ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെടുന്ന ഒരു നാളിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പല പേരുകളിലായി പ്രതിപാദിച്ചിട്ടുണ്ട്. അതിന് ശേഷം പുതിയ ഒരു രൂപത്തോടുകൂടി ജീവൻ പുനരാരംഭിക്കുന്നതാണ്. ഖുർആന്റെ പ്രഥമാദ്ധ്യായമായ സൂറ: ഫാത്തിഹായിൽ ദൈവത്തിന്റെ നാല് മുഖ്യ ഗുണങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. അതിലൊന്ന് ദൈവം 'മാലിക്കിയൗമിദ്ദീൻ' ആണെന്നാണ്. അതായത് വിധിനാളിന്റെ അധിപൻ. അനിവാര്യമായും സംഭവിക്കുന്ന അന്ത്യദിനത്തെക്കുറിച്ചുള്ള ഖുർആന്റെ മറ്റു പൊതുവായ പ്രതിപാദനങ്ങൾ ഇപ്രകാരമാണ് പുനരുത്ഥാന നാൾ (യൗമുൽ ഖിയാമ:) ആ സമയം (അൽ സാഅ) അന്ത്യദിനം (യൗമുൽ ആഖിർ) വിധി നാൾ (യൗമിദ്ദീൻ) എന്നിവയാണവ. വിശുദ്ധ ഖുർആൻ അന്ത്യനാളിനെക്കുറിച്ചുള്ള വിശ്വാസത്തിന് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. ഖുർആനിലെ സൂറ: അൽഖിയാമ എന്ന അദ്ധ്യായം തന്നെ ആ നാളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള വിവരണത്തിനായി നീക്കിവെച്ചിരിക്കുന്നു. അൽഗാശിയഃ (വൻവിപത്ത്) എന്ന മറ്റൊരു അദ്ധ്യായത്തിലും, അൽഖാരിയ (ഭയാനക വിപത്ത്) എന്ന അദ്ധ്യായത്തിലും അന്ത്യനാളിനെക്കുറിച്ചുള്ള വിവരണങ്ങളാണ്. അൽഹാഖ (സത്യമായി പുലരുന്ന സംഭവം) എന്ന അദ്ധ്യായത്തിലും ഇത് തന്നെയാണ് പ്രമേയം. യൗമുൻ ഫസ്ൽ (നിർണിത ദിവസം) യൗമുൽ ഹിസ്ബ് (എണ്ണപ്പെടുന്ന ദിവസം) എന്നീ പല വിശേഷണങ്ങളിലൂടെയും ഖുർആൻ സൂചിപ്പിക്കുന്നത് അന്ത്യനാൾ തന്നെയാണ്. 'അന്ത്യനാൾ' എന്ന പദം അവസാനം, ഉന്മൂ

ലനം എന്നീ അർഥത്തിൽ വ്യക്തികളുടെ അന്ത്യ ത്തെ സംബന്ധിച്ചും അവരുടെ മരണത്തെ സംബന്ധിച്ചും ശത്രുവിന്റെ നാശത്തെ സംബന്ധിച്ചും ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. 'അന്ത്യനാൾ' എന്നത് പെട്ടെന്നുണ്ടാകുന്ന മരണത്തെപറ്റി സൂചിപ്പിക്കുന്നു.

'അല്ലാഹുവുമായി കണ്ടുമുട്ടുമെന്ന കാര്യം നിഷേധിച്ചവർ തീർച്ചയായും നഷ്ടത്തിൽ അകപ്പെട്ടിരിക്കുന്നു. അങ്ങനെ പെട്ടെന്ന് അവർക്ക് ആ സമയം (സാഅ:) വന്നെത്തിയാൽ **'അഹോ കഷ്ടം, ഈ സമയത്തിന്റെ കാര്യത്തിൽ ഞങ്ങൾ വീഴ്ചവരുത്തിയല്ലോ' എന്ന് പറഞ്ഞ് അവർ വിലപിക്കും. അവർ തങ്ങളുടെ ഭാരങ്ങൾ സ്വന്തം മുതുകുകളിൽ സ്വയം ഏൽക്കുന്നതാണ്. തീർച്ചയായും അവർ വഹിക്കുന്നത് ചീത്തയായിട്ടുള്ളത് തന്നെ. (6:32)**

അതേ പദം തന്നെ ശത്രുവിന്റെ നാശത്തെ സംബന്ധിച്ചും ഖുർആൻ ഉപയോഗിക്കുന്നു. **'എന്നാൽ ആ സമയം അവരുടെ നിശ്ചിത അവധിയാണ്. ആ സമയം എറ്റവും ആപൽക്കരവും കടുത്ത തിക്തവുമായിരിക്കും. തീർച്ചയായും കുറ്റവാളികൾ മാർഗഭ്രംശത്തിലും ഭ്രാന്തിലുമാകുന്നു. അവർ തങ്ങളുടെ മുഖങ്ങളിൻ മേലായി നരകത്തിലൂടെ വലിച്ചിഴക്കപ്പെടുന്നനാളിൽ (അവരോട് പറയപ്പെടും) നരകത്തിന്റെ സ്പർശനം രുചിച്ചുകൊള്ളുക.' (54:47–49)**

റസൂൽ തിരുമേനി(സ)യെ എതിർത്തിരുന്ന അറബികളുടെ പ്രതീകം ചന്ദ്രനായിരുന്നു. അവരുടെ ശക്തി നശിച്ചുപോവുമെന്ന ഖുർആന്റെ പ്രവചനം ഇപ്രകാരമായിരുന്നു. **'ആ നിശ്ചിതസമയം (സാഅ:) ആസന്നമാകുകയും ചന്ദ്രൻ പിളരുകയും ചെയ്തിരിക്കുന്നു (54:2).**

'ആ സമയം' (സാഅ:) എന്ന പദം ഒരു പ്രവാചകന്റെ ന്യായപ്രമാണ കാലത്തിന്റെ അവസാനത്തിനും ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് മൂസാനബി (അ)യുടെ ന്യായപ്രമാണ കാലഘട്ടത്തിലെ അവസാനത്തെ പ്രവാചകനായിരുന്നു ഈസാ നബി(അ). ഈ അർഥം ദ്യോതിപ്പിക്കാൻ 'സാഅ:' എന്ന പദമാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്.

**'തീർച്ചയായും അദ്ദേഹം (ഈസ) ആ നിശ്ചിത സമയത്തെക്കുറിച്ച് അറിവ് നൽകുന്നതാണ്'** (43:62). ഈ ആയത്തിൽ 'വ ഇന്നഹു ല ഇൽമുൻ ലിസാഅ:' എന്നതിലെ 'ഇന്നഹു' എന്ന പദത്തിലടങ്ങിയ 'ഹു' എന്ന സർവനാമത്തിന്റെ വിവക്ഷിതം ഈസാ നബി(അ) ആണ് എന്നംഗീകരിച്ചാൽ ലഭിക്കുന്ന അർഥമാണിത്. യഹൂദമതത്തിൽ ഈസാ നബി (അ)ക്ക്ശേഷം ഒരു പ്രവാചകനും മൂസാനബി(അ)യുടെ ശരീഅത്തിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. പിന്നീട് മുഹമ്മദ് നബി (സ) യുടെ ന്യായപ്രമാണത്തിന്റെ കാലം വരികയാണുണ്ടായത്.

## അന്ത്യനാളിന്റെ അടയാളങ്ങൾ

അന്ത്യനാളിന്റെ അടയാളങ്ങളായി ചില സംഭവങ്ങൾ ഖുർആൻ വിവരിക്കുന്നു. അവസാനനാളുകൾക്ക് മുമ്പായി അവ പ്രത്യക്ഷപ്പെടുന്നതാണ്. സൂറ: സിൽസാലിൽ(ഭൂകമ്പം)ഭൂമിയുടെ കുലുക്കത്തെ സംബന്ധിച്ച് വിവരിക്കുന്നു.

**'ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും അതിനെന്തു സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യുമ്പോൾ. അന്നാളിൽ അത് അതിന്റെ വൃത്താന്തങ്ങൾ വിവരിക്കുന്നതാണ്. നിന്റെ നാഥൻ അതിനെ സംബന്ധിച്ച് ബോധനം നൽകിയ കാരണത്താൽ. അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടു വരും. തങ്ങളുടെ കർമഫലങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിവേണ്ടി. അപ്പോൾ വല്ലവനും ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അത് അവൻ കാണും. വല്ലവനും ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അത് അവൻ കാണും.' (99:2–9)**

**സൂറ 'അന്നബഅ്'ൽ 'പറയുന്നു' കാഹളത്തിൽ ഊതപ്പെടുന്ന നാൾ അപ്പോൾ കൂട്ടംകൂട്ടമായി നിങ്ങൾ (നമ്മുടെ സന്നിധിയിൽ) വരുന്നതാണ്. ആകാശം തുറക്കപ്പെടുകയും അപ്പോൾ അത് പല കവാടങ്ങളായിത്തീരുകയും ചെയ്യും. പർവതങ്ങൾ (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) ചലിപ്പിക്കപ്പെടുകയും അത് മരീചിക (പോലെ) ആയിത്തീരുകയും ചെയ്യും. നിശ്ചയമായും നരകം (പാപികളെ കാത്ത്) പതിയിരിക്കുകയാണ്. അതിക്രമകാരികൾക്കുള്ള സങ്കേതം. അവരതിൽ വർഷങ്ങളോളം വസിക്കുന്നവരാണ് (78:19–20).**

**'അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടുവരുന്നൊരു നാളിനെ പ്രതീക്ഷിക്കുക. അത് ജനങ്ങളെ മൂടിക്കളയും. ഇത് വേദനാജനകമായൊരു ശിക്ഷയാണ്. നാം ശിക്ഷയെ അല്പം അകറ്റി നിറുത്താം. (എന്നാൽ) തീർച്ചയായും നിങ്ങൾ (അവിശ്വാസത്തിലേക്ക്) മടങ്ങുന്നവരാണ്' (44:11–14, 16).**

**'എന്നാൽ നക്ഷത്രങ്ങൾ പ്രകാശരഹിതമാക്കപ്പെടുമ്പോൾ ആകാശങ്ങൾ കീറപ്പെടുകയും ചെയ്യുമ്പോൾ പർവതങ്ങൾ തകർന്ന് ധൂളിക്കപ്പെടുകയും ചെയ്യുമ്പോൾ എല്ലാ ദൈവദൂതന്മാരും തങ്ങളുടെ നിശ്ചിത സമയത്ത് കൊണ്ടുവരപ്പെടുകയും ചെയ്യുമ്പോൾ' (77:9–12)**

യഅ്ജൂജ് മഅ്ജൂജ് (ഗോഗ് മാഗോഗ്) ന്റെ ഉദയം അന്നാളിലുണ്ടാവും. യഅ്ജൂജ് എന്നാൽ ക്രിസ്തീയരാജ്യങ്ങളാണ് അഥവാ പാശ്ചാത്യനാഗരികത. മഅ്ജൂജ് എന്നാൽ ഈശ്വരനിഷേധികളായ ജനത.

**'ഏതുവരെയെന്നാൽ യഅ്ജൂജ് മഅ്ജൂജ് തുറന്ന് വിടപ്പെടുകയും അവർ എല്ലാ ഉയരങ്ങളിൽ നിന്നും സമുദ്ര തിരമാലകളിൽ നിന്നും ശീഘ്രസഞ്ചാരം ചെയ്തുവരികയും ആ സത്യമായ വാഗ്ദത്തം സംഭവിക്കുകയും ചെയ്യുന്ന സമയം വരെ. അപ്പോഴതാ അവിശ്വാസിച്ചവരുടെ കണ്ണുകൾ മിഴിച്ചു തുറിച്ചുപോകുന്നു. അവർ പറയും അഹോ ഞങ്ങളുടെ നാശമേ! തീർച്ചയായും ഞങ്ങളിതിനെക്കുറിച്ച് അശ്രദ്ധയിലായിരുന്നു. അല്ല ഞങ്ങൾ അക്രമികളായിരുന്നു' (21:97,98)**

**മറ്റൊരു അടയാളം ഭൂമിയിൽ നിന്ന് ഒരു ജീവിയുടെ പുറപ്പാടാണ്. അവരുടെ നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്. പുലർന്ന് കഴിഞ്ഞാൽ അവരെ മുറിവേൽപ്പിക്കുന്ന ഒരു ജീവിയെ (ദാബ്ബ:) ഭൂമിയിൽ നിന്ന് നാം അവർക്ക് വേണ്ടി പുറത്ത് കൊണ്ടുവരുന്നതാണ്. ജനങ്ങൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത കാരണത്താൽ (27:83).**

'ദാബ്ബ' എന്ന അറബി പദത്തിന്നർത്ഥം. ഒരു ഭൗമജീവി എന്നാണ്. 'രോഗാണു', 'സൂക്ഷ്മജീവി' എന്നെല്ലാം ഈ പദം വ്യാഖ്യാനിക്കപ്പെടുന്നു. അവസാനകാലത്ത് വൻപകർച്ചവ്യാധികൾക്ക് കാരണമാകുന്ന രോഗാണുക്കളെ സംബന്ധിച്ചാണ് ഈ പരാമർശം. പാശ്ചാത്യരാജ്യങ്ങളിലെ ധാർമികതയും ആത്മീയതയും തെല്ലുമില്ലാത്ത വെറും ഭൗമീകമായ അഥവാ ഭൗതികമായ അഭിനിവേശങ്ങളുള്ള ജനങ്ങളെ സംബന്ധിച്ചും ഈ വചനം സൂചിപ്പിക്കുന്നു. **'ഐഹികജീവിതത്തിൽ തങ്ങളുടെ ശ്രമങ്ങൾ പാഴായിപ്പോയവരത്രെ അവർ. ഏറ്റവും നല്ല നിലയിൽ തങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അവർ ധരിക്കുകയും ചെയ്യുന്നു' (18:105)**

## അന്ത്യനാൾ പെട്ടെന്നായിരിക്കും

അന്ത്യനാളിന്റെ സന്ദർഭം ഏതാ

ണെന്ന് അല്ലാഹു ഒഴികെ മറ്റാർക്കുമറിയില്ല. പക്ഷേ തീർച്ചയായും ആ നേരം പൊടുന്നനെയായിരിക്കും വന്നെത്തുക. മനുഷ്യൻ അപ്പോൾ ഭയചകിതനായിപ്പോവും. 'ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ അല്ലാഹുവിന് മാത്രമുള്ളതാണ്. ആ നിശ്ചിത സമയത്തിന്റെ കാര്യം കണ്ണിമക്കുന്നത് പോലെ മാത്രമാണ്. അഥവാ അതിനേക്കാൾ സമീപസ്ഥമാണ്. അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാണ്' (16:78). 'ആ സമയത്തെക്കുറിച്ചുള്ള അറിവ് അവനിലേക്ക് തന്നെ തിരിച്ചേൽപ്പിക്കപ്പെടുന്നു' (41:48). ജനങ്ങൾ ആ സമയത്തെക്കുറിച്ച് നിന്നോട് ചോദിക്കുന്നു. അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാണെന്ന് നീ പറയുക. അതിനെക്കുറിച്ച് നിനക്ക് അറിവ് നൽകുന്നതെന്താണ്? ആ സമയം ആസന്നമാണെന്ന് വന്നേക്കാം. (33:64)

## സ്രഷ്ടാവും സംഹാരകനും ഒരാൾ തന്നെ

**'പറയുക, അല്ലാഹുവാണ് നിങ്ങൾക്ക് ജീവൻ നൽകുന്നത്. ഇനി അവൻ നിങ്ങളെ മരിപ്പിക്കും. പിന്നെ പുനരുത്ഥാനനാളിലേക്ക് അവൻ നിങ്ങളെ ഒരുമിച്ചുകൂട്ടുന്നതുമാണ്. അതിൽ ഒരു സംശയവുമില്ല. മനുഷ്യരിൽ അധികപേരും യാഥാർത്ഥ്യം അറിയുന്നില്ല' (45:27)**

വീണ്ടും ഖുർആൻ പറയുന്നു: **'നിങ്ങളെ ബലഹീനതയിൽ നിന്ന് സൃഷ്ടിച്ചവൻ അല്ലാഹുവത്രെ. പിന്നാലെ ബലഹീനതക്ക് ശേഷം അവൻ ശക്തി നൽകി. പിന്നെ ശക്തിക്കുശേഷം ബലഹീനതയും വാർദ്ധക്യവുമുണ്ടാക്കി. അവനുദ്ദേശിക്കുന്നതിനെ അവൻ സൃഷ്ടിക്കുന്നു. അവൻ സർവജ്ഞനും സർവശക്തനുമാകുന്നു. ആ നിശ്ചിതസമയം വരുമ്പോൾ തങ്ങൾ അല്പസമയമല്ലാതെ താമസിച്ചിട്ടില്ലെന്ന് കുറ്റവാളികൾ സത്യം ചെയ്ത് പറയും. ഇപ്രകാരം അവർ തെറ്റിദ്ധരിക്കപ്പെടുന്നവരായിരുന്നു. (30:55–58)**

അല്ലാഹു സൃഷ്ടികർമം ആരംഭിക്കുകയും പിന്നീട് അവനത് ആവർത്തിക്കുകയും ചെയ്യുന്നു. പിന്നെ അവനിലേക്കു തന്നെ നിങ്ങൾ തിരിച്ചുകൊണ്ടുപോകപ്പെടുന്നു. അന്ത്യനിമിഷം വന്നെത്തുന്ന നാളിൽ കുറ്റവാളികൾ നിരാശരായിത്തീരും. അവരുടെ ദൈവപങ്കാളികളിൽ നിന്ന് അവർക്ക് ശുപാർശകരാരും ഉണ്ടാവുകയില്ല. അവർ തങ്ങളുടെ പങ്കാളികളെ നിഷേധിക്കുന്നവരും ആയിത്തീരും(അന്ത്യ)നിമിഷം വന്നെ ത്തുന്ന നാളിൽ അന്ന് അവർ പരസ്പരം വേർപെട്ടുപോകും. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ അവർ വിശിഷ്ടമായൊരു ഉദ്യാനത്തിൽ സന്തോഷിക്കപ്പെടുന്നതാണ്. വിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനേയും നിഷേധിക്കുകയും ചെയ്തവരാകട്ടെ അവർ ശിക്ഷയ്ക്കു മുൻപിൽ ഹാജരാക്കപ്പെടുന്നവരാണ് (30:12–17)

## കുറ്റവാളികൾ ശിക്ഷിക്കപ്പെടും

**'പുനരുത്ഥാന നാളിലാകട്ടെ അവർ അതികഠിനമായും ശിക്ഷകളിലേക്ക് തള്ളപ്പെടുന്നതുമാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ഒരിക്കലും അശ്രദ്ധനല്ല.' (2:86)**

**'പുനരുത്ഥാനനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയില്ല. അവൻ അവരെ ശുദ്ധീകരിക്കുകയുമില്ല. വേദനാജനകമായ ശിക്ഷയായിരിക്കും അവർക്കുണ്ടാകുക' (2:175)**

**'അല്ലാഹു അവരോട് സംസാരിക്കുകയോ അവരെ നോക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ചെയ്യുന്നതുമല്ല' (3:78). അവർ ഏതൊന്ന് കൊണ്ട് ലുബ്ധ് കാണിക്കുന്നുവോ അത് അവർക്ക് പുനരുത്ഥാനങ്ങളിൽ വളയമായി അണിയിക്കപ്പെടും (3:181). അവിശ്വസിച്ചവരാരോ അവർ, അവർക്ക് പുനരുത്ഥാന നാളിലെ ശിക്ഷയിൽ നിന്ന് മോചനം പ്രാപിക്കുന്നതിന് ഭൂമിയിലുള്ളത് മുഴുവനും അതോടൊപ്പം അത്രതന്നെ വേറെയും പ്രായശ്ചിത്തം നൽകുന്നതിന് ഉണ്ടായാൽപോലും അവരുടെ പക്കൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കും (5:37)**

ഇസ്രാഈൽ സന്തതികളെ പീഡിപ്പിക്കുകയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷധിക്കുകയും ചെയ്ത ഫിർഔനെ പറ്റി ഖുർആൻ പറയുന്നു: 'അവൻ പുനരുത്ഥാനനാളിൽ തന്റെ ജനങ്ങൾക്ക് നേതൃത്വം വഹിച്ച് അവരെ നരകത്തിലേക്ക് (കന്നുകാലികളെ ജലപാനസ്ഥാനത്തേക്കെന്നപോലെ) നയിച്ചുകൊണ്ടുപോകുന്നതാണ്. അവർ എത്തിയ ജലപാനസ്ഥാനം ഏറ്റവും ചീത്തയായിട്ടുള്ളതുതന്നെയാണ്. ഈ ലോകത്തും പുനരുത്ഥാനനാളിലും അവരുടെ പിന്നാലെ ശാപം അയക്കപ്പെട്ടിരിക്കുന്നു. നൽകപ്പെടുന്ന സമ്മാനം എത്രയും ചീത്തയായത് തന്നെ (11:99, 100). ഏതൊരാൾ എന്റെ ഉൽബോധനത്തിൽ നിന്ന് മുഖം തിരിച്ചുകളയുന്നുവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണ് ഉണ്ടാവുക. നാം അവനെ പുനരുത്ഥാനങ്ങളിൽ അന്ധനായി എഴുന്നേൽപ്പിക്കുന്നവനാണ്.' (20:125)

## നന്മയുടെയും തിന്മയുടെയും പുസ്തകം

മനുഷ്യനെ ദൈവം ഒരു ആത്മാവുമായാണ് സൃഷ്ടിച്ചിരിക്കുന്നത്. അവന്റെ കർമങ്ങളെല്ലാം വളരെ സൂക്ഷ്മമായ ഒരു സ്ഥിരമുദ്രയായി അവന്റെ അന്തരാത്മാവിൽ രേഖപ്പെടുത്തപ്പെടുന്നു. അത് പിന്നീട് പുനരുത്ഥാനാളിൽ വെളിവാക്കപ്പെടും. അവന്റെ സ്വന്തം കർമപുസ്തകം അവന് കാണാനും വായിക്കാനും കഴിയും.

'എല്ലാ ഓരോ മനുഷ്യന്റെയും കർമഫലം നാം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. പുനരുത്ഥാനനാളിൽ ഒരു പുസ്തകം അവന് വേണ്ടി നാം പുറത്തുകൊണ്ട് വരികയും ചെയ്യും. അത് തുറന്നുവെക്കപ്പെട്ടതായി അവൻ കാണുന്നതാണ്. നിന്റെ പുസ്തകം വായിക്കുക. ഇന്ന് നിനക്കെതിരായി കണക്ക് ബോധിപ്പിക്കുന്നവൻ എന്ന നിലയിൽ നിന്റെ ആത്മാവ് തന്നെ മതി' (17:14,15). 'അപ്പോൾ ആരെങ്കിലും സത്യവിശ്വാസിയായിരിക്കെ സൽക്കർമങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ അയാളുടെ പരിശ്രമം തള്ളിക്കളയുകയില്ല. തീർച്ചയായും നാം അതിനെ എഴുതുന്നതാണ് (21:95).

'അവർ ചെയ്ത എല്ലാ കാര്യങ്ങളും ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും എഴുതപ്പെട്ടതാണ്. നിശ്ചയമായും ദോഷബാധയെ സൂക്ഷിക്കുന്നവർ ആരാമങ്ങളിലും അരുവികളിലുമായിരിക്കും. സത്യത്തിന്റെ ഇരിപ്പിടത്തിൽ സർവശക്തനായ രാജാവിന്റെ സാമീപ്യത്തിൽ' (54:52–65). 'അതല്ല, അവരുടെ രഹസ്യങ്ങളും അവരുടെ ഗൂഢാലോചനകളും നാം കേൾക്കുന്നില്ലെന്ന് അവർ വിചാരിക്കുന്നുവോ? അങ്ങനെയല്ല (നാം കേൾക്കുന്നുണ്ട്) നമ്മുടെ ദൂതന്മാർ അവരുടെയടുക്കലുണ്ട്. അവർ എഴുതി രേഖപ്പെടുത്തുന്നു' (43:81). 'ഇത് നമ്മുടെ കുറിപ്പ് പുസ്തകമാണ്. ഇത് നിങ്ങൾക്കെതിരിൽ സത്യപൂർവം സംസാരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം നാം എഴുതി രേഖപ്പെടുത്തുകയായിരുന്നു.' (45:30)

അവരുടെ (കർമ) പുസ്തകം വെക്കപ്പെടും. അപ്പോൾ അതിലുള്ളത് കാരണമായി കുറ്റവാളികളെ ഭയപ്പെട്ടവരായി നീ കാണുന്നതാണ്. അവർ പറയും അഹോ

കഷ്ടം! ഇതെന്തൊരു ഗ്രന്ഥമാണ്. ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് വിട്ടുകളഞ്ഞില്ലല്ലോ! അവർ പ്രവർത്തിച്ചത് സർവവും മുമ്പിൽ ഹാജരാക്കപ്പെട്ടതായി അവർ കണ്ടെത്തും. നിന്റെ നാഥൻ ഒരാളോടും അനീതി പ്രവർത്തിക്കുകയില്ല (18:50) 'അങ്ങനെയല്ല ദുർവൃത്തരുടെ കർമപുസ്തകം 'സിജ്ജീൻ' (ജയിലിലെ രജിസ്റ്റർ)ൽ ആണ്. സിജ്ജീൻ എന്തെന്ന് നിനക്കെന്തെറിയാം. സമഗ്രമായി എഴുതപ്പെട്ട പുസ്തകമാണത്. (83:8)

ഓ മനുഷ്യാ നീ നിന്റെ നാഥനിലേക്ക് അത്യധ്വാനം വഴി എത്തുന്നവനും എന്നിട്ടു നീ അവനെ കണ്ടുമുട്ടുന്നവനുമാണ്. അപ്പോൾ ഏതൊരുവന്റെ കർമപുസ്തകം അവന്റെ വലത് കൈയിൽ നൽകപ്പെട്ടുവോ അവൻ ലഘുവായ വിധത്തിൽ വിചാരണ ചെയ്യപ്പെടും. അവൻ തന്റെ വീട്ടുകാരുടെയടുക്കലേക്ക് സന്തുഷ്ടനായി തിരിച്ചുചെല്ലുകയും ചെയ്യും. എന്നാൽ ഏതൊരുവന്റെ കർമപുസ്തകം തന്റെ പിന്നാമ്പുറത്ത് കൂടെ നൽകപ്പെട്ടുവോ അവൻ സ്വന്തം നാശത്തിനായി വിളിച്ചർഥിക്കും. ജ്വലിക്കുന്ന അഗ്നിയിൽ അവൻ എരിയുകയും ചെയ്യും' (84:7–13)

പേനയും കടലാസും മഷിയും ഉപയോഗിച്ച് ലിഖിത രേഖ ഉണ്ടാക്കുന്നത് പോലെയല്ല നമ്മുടെ കർമപുസ്തകം രേഖപ്പെടുത്തുന്നത്. നമ്മുടെ കർമങ്ങൾ ദൈവത്തിന്റെ അദൃശ്യമായ ഒരു ഫലകത്തിലായിരിക്കും എഴുതപ്പെടുക. അത് ഭൗതികമായ വസ്തുവിലായിരിക്കില്ല.

**സമ്പൂർണനീതി**

'അന്ന് ന്യായവിധി നടത്തുക (വസ്ന്) എന്നത് ഒരു യാഥാർത്ഥ്യമാകുന്നു' (7:9). പുനരുത്ഥാനനാളിൽ ശരിയായ തുലാസ് നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാത്മാവിനോടും ഒരു അനീതിയും കാണിക്കപ്പെടുകയില്ല. ഒരു കടുകുമണിയോളമുള്ള തൂക്കമാണെങ്കിൽപോലും നാം അത് കൊണ്ടുവരും. കണക്ക് കൂട്ടുന്നവനായി നാം തന്നെ മതി' (21:48). എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. പുനരുത്ഥാന നാളിൽ മാത്രമാണ് നിങ്ങളുടെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നത് (3:186) അല്ലാഹു അവരെയെല്ലാവരെയും എഴുന്നേൽപ്പിക്കുന്ന നാളിൽ. അപ്പോൾ അവർ പ്രവർത്തിച്ചതിനെക്കുറിച്ച് അവൻ അവരെ വിവരം അറിയിക്കും. അല്ലാഹു അത് എണ്ണി തിട്ടപ്പെടുത്തിവെച്ചിട്ടുണ്ട്. പക്ഷേ അവരത് മറന്നിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും സാക്ഷിയാണ്' (58:7).

'അവർ ഏതൊന്നിനെ സംബന്ധിച്ച് ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ അവരുടെ ഇടയിൽ പുനരുത്ഥാനനാളിൽ തീർച്ചയായും നിന്റെ നാഥൻ തീരുമാനം കൽപ്പിക്കുന്നതാണ്' (16;125). പിന്നീട് ഓരോ ആത്മാവിനും അത് സമ്പാദിച്ചത് പൂർണമായും നൽകപ്പെടും. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുന്നതല്ല. (3:162).

**ദൈവഭക്തർക്ക് പ്രതിഫലം**

അവിശ്വാസികൾക്ക് ഇഹലോകജീവിതം കൗതുകകരമായി കാണിക്കപ്പെട്ടിരിക്കുന്നു. വിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മത പാലിക്കുന്നവരാകട്ടെ പുനരുത്ഥാന നാളിൽ അവരുടെ മേലെയായിരിക്കും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു (2:213).

'പറയുക, 'അല്ലാഹു തന്റെ ദാസർക്ക് വേണ്ടി ഉൽപാദിപ്പിച്ചിരിക്കുന്ന അലങ്കാരവസ്തുക്കളെയും ആഹാരങ്ങളിൽ നിന്നുള്ള നല്ല വിഭവങ്ങളെയും നിഷിദ്ധമാക്കിയതാരാണ്? പറയുക, ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്കുള്ളതാണ് അത്. അന്ത്യനാളിൽ അത് അവർക്ക് പ്രത്യേകമായി ഉള്ളതുമായിരിക്കും.' ഇപ്രകാരം അറിയുന്ന ജനങ്ങൾക്കുവേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നു'. (7:33). 'പുനരുത്ഥാനനാളിൽ അല്ലാഹുവിനെതിരിൽ കള്ളം പറയുന്നവരെ അവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നീ കാണും. അഹങ്കാരികൾക്കുള്ള വാസസ്ഥലം നരകത്തിലല്ലേ? സൂക്ഷ്മത കൈക്കൊണ്ടവരെ അല്ലാഹു രക്ഷപ്പെടുത്തിക്കൊണ്ട് അവരുടെ വിജയസ്ഥാനത്തേക്ക് അവൻ നയിക്കുന്നതാണ്. അവരെ തിന്മ ബാധിക്കുകയില്ല. അവർ ദുഃഖിക്കുന്നവരുമല്ല. (39:61:62)

**അവസാനത്തെ പ്രാർഥന**

'ഞങ്ങളുടെ നാഥാ നിന്റെ ദൂതന്മാർ മുഖേന നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. പുനരുത്ഥാന നാളിൽ നീ ഞങ്ങളെ അപമാനിക്കരുതേ. നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല' (3:195) ആമീൻ.

**വാർത്തകൾ**

# ലജ്നാ ഇമാഇല്ലാഹ്, നാസിറാത്തുൽ അഹ്മദിയ്യാ സംസ്ഥാന സമ്മേളനം

എറണാകുളം: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മഹിളാ സംഘടനയായ ലജ്നാ ഇമാഇല്ലായുടെയും ബാലികാ സംഘടനയായ നാസിറാത്തുൽ അഹ്മദിയ്യായുടെയും സംസ്ഥാന സമ്മേളനം 2011 മെയ് 7,8 തീയതികളിൽ എറണാകുളം ടൗൺഹാളിൽ വച്ച് നടന്നു. ലജ്നാ ഇമാഇല്ലാഹ് അഖിലേന്ത്യാ സദർ ബുശ്റാ പാശാ സാഹിബ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശരിയായ രീതിയിൽ ജലസേചനം ലഭിക്കുന്ന വൃക്ഷം മാത്രമേ നല്ല ഫലം നൽകുകയുള്ളു എന്നതു പോലെ തന്നെ സൽകർമങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ മത്രമേ നല്ല വ്യക്തികളായിത്തീരാൻ സാധിക്കുകയുള്ളുവെന്ന് അവർ അഭിപ്രായപ്പെട്ടു. വിശ്വാസം വാക്കിലല്ല പ്രവൃത്തിയിലാണ് കാണേണ്ടത്. നമ്മുടെ പ്രവൃത്തിയിലൂടെയാണ് മറ്റുള്ളവർ നമ്മെ വിലയിരുത്തുന്നത്–അവർ പറഞ്ഞു. സ്ത്രീകളുടെ സംസ്കരണത്തിലൂടെ മാത്രമേ സമൂഹത്തെ മുഴുവൻ ശരിയായ പാതയിലേക്ക് നയിക്കാൻ സാധിക്കുകയുള്ളുവെന്ന് ഉദ്ഘാടന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച സംസ്ഥാന സദർ സിദ്ധീഖ സഊദ് സാഹിബ അഭിപ്രായപ്പെട്ടു. സമ്മേളനത്തോടനുബന്ധിച്ചു നടന്ന മതസൗഹാർദ സമ്മേളനത്തിൽ സാമൂഹ്യപ്രവർത്തകമാരായ ജ്യോതി നാരായണൻ, ബീനാ സെബാസ്റ്റ്യൻ, ലെറീസ് അറയ്ക്കൽ തുടങ്ങിയവർ പങ്കെടുത്തു. 'വിശുദ്ധഖുർആനും പ്രപഞ്ച വിജ്ഞാനീയവും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാർ ശ്രദ്ധേയമായി. ഡോ. മുബാറക്ക, സാജിത, ജുവൈരിയ ഗൗഹർ, മുംതാസ് സഫറുല്ലാഹ്, സഫൂറാശഫി, നിലോഫർ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ടി. കെ സെമിയാ നജീബ്, എറണാകുളം



# പാകിസ്താന്റെ പ്രതിസന്ധി

മുസാഫിർ

**സെ**പ്തംബർ 11 ന് ന്യൂയോർക്കിലെ വാഷിങ്ടണിൽ നടന്ന ചാവേർ ആക്രമണത്തിന്റെ സൂത്രധാരനെന്ന് അമേരിക്ക കുറ്റപ്പെടുത്തുന്ന ഉസാമാ ബിൽ ലാദനെ മെയ് 1 ന് ഞായറാഴ്ച അർദ്ധരാത്രി പാകിസ്താനിലെ അബോട്ടാബാദിൽവെച്ച് അമേരിക്കൻ സൈനികർ വധിക്കുകയുണ്ടായി. 2002 മുതൽ 2010 വരെ ഇതുപതിനായിരം ദശലക്ഷം ഡോളർ അമേരിക്കയിൽ നിന്ന് കൈപ്പറ്റി അമേരിക്കയോടൊപ്പം സ്വന്തം രാജ്യത്ത് ഭീകരവേട്ടക്കിറങ്ങിയ രാജ്യമാണ് പാക്കിസ്താൻ. അവിടത്തെ പ്രാധാനപ്പെട്ട സൈനിക താവളത്തിനടുത്ത് ഒരു ബംഗ്ലാവിൽ ഏഴ് വർഷമായി ബിൻ ലാദൻ കഴിഞ്ഞുവരികയായിരുന്നു. ഈ സംഭവം പാകിസ്താനെ വമ്പിച്ച ഒരു പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്.

അമേരിക്കയോടൊപ്പം ഭീകരവിരുദ്ധ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന പാകിസ്താന്റെ മുക്കും മൂലയും അറിയാവുന്ന, ഉപഗ്രഹസംവിധാനവും ആകാശമേധാവിത്വവുമുള്ള അമേരിക്കക്ക് ബിൻലാദന്റെ വാസസ്ഥലം കുറിമാനമാക്കി ആക്രമിക്കാൻ വലിയ പ്രയാസമുണ്ടായിരുന്നില്ല. പാകിസ്താൻ ഭരണകൂടത്തിന്റെ സമ്മതമില്ലാതെ പാകിസ്താനിൽ കടന്നുകയറി നടത്തിയ ഉസാമാ വധത്തിനെതിരെ പ്രതികരിക്കാൻ പോലും കഴിയാതെ വീണ്ടും അമേരിക്കൻ സഹായത്തിന് യാചിക്കുന്ന പാകിസ്താന്റെ നിസ്സഹായവസ്ഥയും പ്രതിസന്ധിയും ആഴമേറിയതാണ്. സായുധ ജിഹാദിനോട് കാണിച്ച പ്രണയമാണ് പാകിസ്താനെ ഈ ഊരാകുടുക്കിൽപ്പെടുത്തിയിരിക്കുന്നത്. സായുധ ജിഹാദാണ് ഇസ്ലാമിക പ്രവർത്തനം എന്ന് ധരിച്ച നിരവധി ഇസ്ലാമിക സംഘടനകളുടെ താവളമാണ് ഇന്ന് പാകിസ്താൻ. ജയ്ഷെ മുഹമ്മദ്, സിപായെ സഹാബ, ലക്ഷറെ ത്വയ്യിബ, ലക്ഷറെ ജംഗ്വി, തഹ്രീകെ ഫിഖ്ഹ് ജഅ്ഫരിയ്യ, സിപായെ മുഹമ്മദ്, ഹർക്കത്തുൽ മുജാഹിദീൻ, അൽഖയ്ദ എന്നീ നിരവധി ജിഹാദി സംഘടനകൾ പാകിസ്താനിൽ സജീവമാണ്. ജിഹാദിനെ ഇസ്ലാമിന്റെ അവിഭാജ്യഘടകമാക്കിയ ജമാഅത്തെ ഇസ്ലാമിയെപോലെയുള്ള സംഘടനകളുടെ നിലപാട് ഇവർക്ക് പ്രോത്സാഹജനകമായി തീരുകയും ചെയ്യുന്നു. മിതത്വത്തിന്റെയോ സമാധാനപരമായ പ്രവർത്തനത്തിന്റെ അവശ്യകതയെക്കുറിച്ചോ പാകിസ്താനിൽ ആരെങ്കിലും സംസാരിച്ചാൽ അവർ ഒറ്റുകാരും വഞ്ചകരും ഇസ്ലാമികവിരുദ്ധരുമായി മുദ്രകുത്തപ്പെടുന്ന ഭരണകൂടവും ഈ ജിഹാദികളുടെ ആജ്ഞാനുവർത്തികളാണ്. പട്ടാളം പൊതുവെ തീവ്രവാദികൾക്കനുകൂലമാണ്. ഈയൊരു ഭീകരാന്തരീക്ഷമാണ് പാകിസ്താനിലുള്ളത്. ജിഹാദീ സംഘടനകളുടെ ഭീഷണമായ വീര്യപ്രഭാവത്തിനു മുന്നിൽ മറ്റെല്ലാ ശബ്ദങ്ങളും അടങ്ങിപ്പോകുന്നു.

1979 ൽ അഫ്ഘാനിസ്താനിൽ സോവ്യറ്റ് അധിനിവേശമുണ്ടായപ്പോൾ 30 ലക്ഷത്തോളം അഭയാർഥികളാണ് പാകിസ്താനിലേക്ക് പ്രവഹിച്ചത്. അഫ്ഘാൻ അതിർത്തിയിലുള്ള പാകിസ്താനിലെ കൈബർ പക്തൂൺഖവ (പഴയ നോർത്ത് വെസ്റ്റ് ഫ്രോൺഡിയർ) സംസ്ഥാനത്തിലാണ് ഇതിൽ എൺപത് ശതമാനവും വന്നുചേർന്നത്, ബാക്കി ബലൂചിസ്ഥാനിലും. മുജാഹിരീങ്ങളായ (അഭയാർഥികൾ) ഇവർ അമേരിക്കയുടെയും സൗദി അറേബ്യയുടെയും സാമ്പത്തിക സഹായത്താൽ സിയാ–ഉൽ–ഹഖിന്റെ കാലത്ത് മുജാഹിദീ(പോരാളികൾ)ങ്ങളായി മാറുകയായിരുന്നു. ആയിരക്കണക്കിന് മദ്രസകൾ സ്ഥാപിച്ച് അവർക്ക് സൈനിക പരിശീലനവും ആയുധവും പണവും യഥേഷ്ടം നൽകി അഫ്ഘാനിസ്താനിലേക്ക് ജിഹാദിനയക്കുകയായിരുന്നു പാകിസ്താനിലെ ഭരണകൂടങ്ങളും മതസംഘടനകളും ചെയ്തിരുന്നത്. 1988 ൽ അഫ്ഘാനിസ്താനിൽനിന്ന് സോവ്യറ്റ് പട്ടാളം പിൻമാറി. 1992 ൽ അഫ്ഘാനിസ്താനിലെ കമ്യൂണിസ്റ്റ് മന്ത്രിസഭ നിലംപതിക്കുകയും ചെയ്തു. പിന്നീട് ജിഹാദീ ഗ്രൂപ്പുകൾ തമ്മിലുണ്ടായ ഘോരസംഘട്ടനങ്ങൾക്ക്ശേഷം താലിബാൻ ഭരണം വന്നിട്ടും അഫ്ഘാൻ മുജാഹിദീങ്ങളിൽ വലിയൊരുവിഭാഗം നാട്ടിലേക്ക് തിരിച്ചുപോകാതെ പാകിസ്താനിൽ തന്നെ ജിഹാദീ സ്പിരിറ്റുമായി നില്ക്കുകയായിരുന്നു. ഇതിനുപുറമെ സുന്നി–ഷിയാ വിഭാഗീയ സംഘട്ടനത്തിന്റെ ഭാഗമായി കൂട്ടക്കൊലകളും ബോംബ് സ്ഫോടനങ്ങളും നടത്തി വളർന്നുവന്ന ഇരുപക്ഷത്തെയും ജിഹാദി ഗ്രൂപ്പുകളും പാകിസ്താനിൽ സജീവമാണ്. ഇവയെല്ലാം കൂടി പാകിസ്താനെ ജിഹാദികളുടെ പറുദീസയാക്കി മാറ്റുകയായിരുന്നു. പാകിസ്താനിലെ ഈ ജിഹാദീ വസന്തം പൂത്തുലഞ്ഞത് പട്ടാള സേച്ഛാധിപതിയും മതരാഷ്ട്രവാദിയുമായ ജനറൽ സിയാ ഉൽഹഖിന്റെ കാലത്തായിരുന്നു. അദ്ദേഹത്തിന്റെ ഹൂദുദ് ഓർഡിനൻസ് (ഖുർആൻ നിയമങ്ങൾ പ്രകാരമാണെന്ന് പറഞ്ഞ് ഫുഖഹാക്കർ വിധിക്കുന്ന ശിക്ഷാനിയമങ്ങൾ), മതനിന്ദാനിയമം, റമദാൻ ബഹുമാന നിയമം, സക്കാത്ത് ഉഷർനിയമം, സിനാ നിയമം (വ്യഭിചാരിയെ എറിഞ്ഞുകൊല്ലൽ) ഫെഡറൽ ശരീഅത്ത് കോടതിയുടെ രൂപീകരണം മുതലായ ഇസ്ലാമിക നിയമപരിഷ്ക്കാരങ്ങളും മതതീവ്രവാദികൾക്ക് പ്രോത്സാഹജനകമായ അന്തരീക്ഷം സൃഷ്ടിച്ചു. ജിഹാദികൾ പാകിസ്താനെ ബോംബ് സ്ഫോടനങ്ങളുടെയും ചാവേറാക്രമണത്തിന്റെയും നിലക്കാത്ത വെടിയൊച്ചകളുടെയും കൂട്ടക്കൊലകളുടെയും നാടാക്കിമാറ്റി. സിയാ

ഉൽ ഹഖിനെ തുടർന്നുവന്ന എല്ലാ സിവിൽ–പട്ടാളഭരണാധികാരികളും ജിഹാദികളെ ബോധപൂർവം വളർത്തിയെടുക്കുകയായിരുന്നുവെന്ന് ഇപ്പോഴത്തെ പ്രസിഡന്റ് ആസിഫ് അലി സർദാരിയും മുഷർറഫും പറയുകയുണ്ടായി. പക്ഷേ വൈകിപ്പോയി. ഇനി ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത വിധം പാകിസ്താനിൽ സായുധ ജിഹാദീ സംസ്കാരം വളർന്നുകഴിഞ്ഞു. പാകിസ്താനിലെ അല്പബുദ്ധികളായ മതരാഷ്ട്രീയനേതൃത്വം തങ്ങളെ സ്വയം ബലപ്പെടുത്താനും സ്വാർഥതയ്ക്കും വേണ്ടി ഇസ്‌ലാമിന്റെ പേരിൽ വളർത്തിയെടുത്ത ജിഹാദീഗ്രൂപ്പുകൾ ഇന്ന് പാകിസ്താനെ ഏറ്റവും ദുർബലമാക്കിയിരിക്കുന്നു. ന്യൂക്ലിയർ ബോംബുണ്ടായിട്ടു കൂടി ജിഹാദിന്റെ തത്ത്വശാസ്ത്രം സ്വീകരിച്ചതിന്റെ പേരിൽ പാകിസ്താൻ ഇന്ന് ഏറ്റവും അരക്ഷിതവും ദുർബലവുമായ രാഷ്ട്രമായി തീർന്നിരിക്കുന്നു. അമേരിക്കയെയും ഇസ്റാഈലിനെയും ഏറ്റവുമധികം വെറുക്കുന്ന ജനങ്ങളുണ്ടായിട്ടും പാകിസ്താൻ ഇന്ന് അമേരിക്കയുടെയും അതിലുപരി ഇസ്രായേലിന്റെയും അടിമ രാജ്യമാണ് എന്നതാണ് യാഥാർഥ്യം.

സമാധാനത്തിന്റെയും സഹനത്തിന്റെയും മതമായ ഇസ്‌ലാമിൽ സായുധ ജിഹാദിന്റെ നിരർഥകതയെയും അതിന്റെ ഇസ്‌ലാമിക വിരുദ്ധതയെയും അപകടത്തെയുംപറ്റി നൂറ് വർഷങ്ങൾക്ക് മുമ്പേ താക്കീത് ചെയ്ത വാഗ്ദ മഹ്ദി ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ സമാധാനസന്ദേശം സ്വീകരിക്കലാണ് ഇനി പാകിസ്താന് മുമ്പിലുള്ള ഒരേയൊരുവഴി. അല്ലാത്ത പക്ഷം പാകിസ്താന്റെ ഗതി ദുരന്ത പൂർണമായിരിക്കും.

# ശീതയുദ്ധം തിരിച്ചുവരുമോ?



**1947** മുതൽ 1991 വരെ അമേരിക്കയുടെ നേതൃത്വത്തിൽ പാശ്ചാത്യ രാജ്യങ്ങളും റഷ്യയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും പ്രതിയോഗികളായി നിന്നുകൊണ്ട് സൈനികമായും രാഷ്ട്രീയമായും സാമ്പത്തികമായും ഉണ്ടായ സംഘർഷാത്മകമായ മത്സരത്തെയാണ് ശീതയുദ്ധം എന്നു പറയുന്നത്. സോവ്യറ്റ് യൂണിയന്റെ തകർച്ചയ്ക്ക്ശേഷമാണ് ശീതയുദ്ധയുഗം അവസാനിച്ച് അമേരിക്കയുടെ നേതൃത്വത്തിലുള്ള ഏകധ്രുവലോകം എന്ന അന്താരാഷ്ട്ര അവസ്ഥ രൂപം കൊണ്ടത്.

കഴിഞ്ഞ നവംബറിൽ ഉത്തര അറ്റ്ലാന്റിക് രാജ്യസഖ്യത്തിന്റെ (NATO) സഹായത്തോടെ അമേരിക്ക യൂറോപ്യൻ രാജ്യങ്ങളിൽ ഒരു മിസൈൽ പ്രതിരോധ ഭിത്തി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. ഇറാനിൽ നിന്ന് വന്നേക്കാവുന്ന മിസൈൽ ആക്രമണങ്ങളെ പ്രതിരോധിക്കാനാണെന്ന് പറഞ്ഞുകൊണ്ടാണ് യൂറോപ്യൻ രാജ്യങ്ങളിൽ ഈ മിസൈൽ പ്രതിരോധ ശൃംഖല നിർമിക്കുന്നതെങ്കിലും അത് റഷ്യ–ചൈന സഖ്യത്തെ ലക്ഷ്യം വെച്ച് കൊണ്ടുള്ളതാണെന്ന് വ്യക്തം. യുദ്ധപ്രിയനായ ജോർജ് ബുഷിൽനിന്ന് വിഭിന്നനായി തുടക്കത്തിൽ സമാധാനവാദിയായിരുന്ന ബറാക്ക് ഒബാമയുടെ സ്വരത്തിന്റെ തരംഗദൈർഘ്യം ബുഷിന്റേതുമായി താദാത്മ്യം പ്രാപിച്ചുവരികയാണ്.

ഒബാമയുടെ മിസൈൽ പ്രതിരോധ ശൃംഖലാപദ്ധതിക്കെതിരെ രൂക്ഷമായാണ് 2011 മെയ് 18–ാം തീയതി റഷ്യൻ പ്രസിഡന്റ് ദിമിത്രി മെദ്‌വദേവ് പ്രതികരിച്ചത്. അമേരിക്കയുടെയും പാശ്ചാത്യ നാടുകളുടെയും ഈ നീക്കം പുതിയ ശീതയുദ്ധത്തിലേക്ക് തള്ളിവിടുമെന്ന് മെദ്‌വദേവ് താക്കീത് ചെയ്തു. ഇതിനെതിരെ തങ്ങളുടെ ന്യൂക്ലിയർ ആയുധങ്ങൾ സംരക്ഷിക്കാൻ ഒരു പ്രതിരോധ നിരകെട്ടിപടുക്കാൻ തങ്ങളും നിർബന്ധിതരാവുമെന്നും ഇത് വളരെ ഗുരുതരമായ അവസ്ഥ സൃഷ്ടിക്കുമെന്നും റഷ്യൻ പ്രസിഡന്റ് മുന്നറിയിപ്പ് നൽകി. അമേരിക്കയുടെ മിസൈൽ പദ്ധതി റഷ്യക്കെതിരെയല്ല എന്ന് അമേരിക്ക ലിഖിതരൂപത്തിൽ ഒരു ഉറപ്പ് നൽകണമെന്നും അല്ലാത്ത പക്ഷം നിരായുധീകരണ കരാറിൽ നിന്ന് (START:Strategic Arms Reduction Treaty) റഷ്യ പിൻവാങ്ങുമെന്നും മെദ്‌വലോവ് താക്കീത് ചെയ്തു.

തന്ത്രപരമായ റഷ്യൻ മിസൈൽ ശേഖരണത്തിന്റെയും പ്രയോഗത്തിന്റെയും ചുമതല വഹിക്കുന്ന ഉന്നത റഷ്യൻ മേധാവി ലെഫ്റ്റനന്റ് ജനറൽ സെർജി കാരക്കായേവ് പറയുന്നത് ശ്രദ്ധേയമാണ്. തങ്ങളുടെ മിസൈലുകൾ അത്യന്തം സുരക്ഷിതമായ അമേരിക്കൻ മിസൈലുകളെപോലും ബഹിരാകാശത്ത് വച്ച് തകർക്കാൻ കഴിവുള്ളവയാണെന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവന. നാസികളെ പരാജയപ്പെടുത്തിയതിന്റെ 66–ാമത് വാർഷികദിനത്തിൽ മോസ്കോവിൽ വച്ച് മെയ് 9 ന്



നടന്ന അതിഗംഭീരമായ സൈനിക പരേഡിനെ അഭിസംബോധന ചെയ്ത അവസരത്തിൽ ആയുധങ്ങൾ 2020 വരെ അത്യാന്താധുനികരീതിയിൽ നവീകരിക്കാൻ 718 ആയിരം കോടി ഡോളർ റഷ്യൻ ഭരണകൂടം അനുവദിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി വ്ളാദ്മീർ പുട്ടിനും പ്രസ്താവിക്കുകയുണ്ടായി. സൈനീകാവശ്യങ്ങൾ ക്കുവേണ്ടിയുള്ള 11 ഉപഗ്രഹങ്ങളിൽ 5 എണ്ണവും റഷ്യ ഇതിനകം വിക്ഷേപിച്ചു കഴിഞ്ഞു.

സാമ്പത്തിക സന്തുലനത്തിൽ അമേരിക്ക പിന്നോക്കം പോവുകയും ചൈന മുന്നോട്ട് വരികയും ചെയ്യുന്ന അവസ്ഥയുണ്ട്. ലോകപ്രശസ്ത സാമ്പത്തിക കാര്യവിദഗ്ധൻ പോൾ ക്രൂഗ്മാൻ ഇക്കാര്യം പല തവണ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ചൈനയുടെ ഈ സാമ്പത്തിക മേധിവിത്വം അമേരിക്കയേയും യൂറോപ്യൻ രാജ്യങ്ങളയേയും അലോസരപ്പെടുത്തുന്നു. പക്ഷേ വ്യാപാരത്തിൽ ശ്രദ്ധചെലുത്തുന്ന ചൈന അമേരിക്കയോട് ആയുധപന്തയത്തിന് മുതിർന്നിട്ടില്ല. എന്നാൽ റഷ്യയുടെ നീക്കങ്ങൾ ആ വഴിക്കാണ്. ഏകധ്രുവലോകത്തിന്റെ കാലം കഴിഞ്ഞ് വൻചേരികളുടെ ശാക്തികമത്സരം വീണ്ടും ആരംഭിക്കുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## പി. പി. നാസിറുദ്ദീൻ സാഹിബിനെ നിയമിച്ചു



ഖാദിയാൻ: തഹ്‌രിക് ജദീദ് അഞ്ചുമൻ അഹ്‌മദിയ്യാ ഭാരതിലെ അംഗമായി പി.പി. നാസിറുദ്ദീൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് നിയമിച്ചതായി വക്കീലുൽ മാൽ തഹ്‌രീക് ജദീദ് അറിയിക്കുകയുണ്ടായി മജ്‌ലിസ് അൻസാറുല്ലാ നായിബ് സയിം സൗത്ത് സോൺ ഭാരത്, സയീം അൻസാറുല്ലാഹ് കേരള എന്നീ സ്ഥാനങ്ങൾ വഹിക്കുന്ന പി. പി. നാസിറുദ്ദീൻ സാഹിബ് കണ്ണൂർ ജമാഅത്തംഗമാണ്.

### തഹ്‌രീക് ജദീദ് അറിയിപ്പ്

തഹ്‌രീക് ജദീദ് സാമ്പത്തിക വർഷം 6 മാസം പിന്നിട്ടിരിക്കുകയാണ്. തഹരീക് ചന്ദ വാഗ്ദാനം ചെയ്തവർ ഈ വർഷത്തെ വാഗ്ദാനം ഉടൻ അടച്ചു തീർക്കണമെന്ന് വിനയപൂർവം ഉണർത്തുന്നു.

(വക്കീലുൽ മാൽ, തഹ്‌രീകെ ജദീദ് ഖാദിയാൻ)







മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം മേഖല തർബിയത്ത് ക്യാമ്പ് മേഖല നാസിം പി. കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി പി. കെ. ശരീഫ്, മൗലവി താരിഖ് മഹ്‌മൂദ്, മൗലവി എം. നാസിർ അഹ്‌മദ് എന്നിവർ സമീപം.





മജ്‌ലിസ് അൻസാറുല്ലാ പാലക്കാടിന്റേയും കോയമ്പത്തൂർ അരവിന്ദ് കണ്ണാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ 22-05-2011 ന് സൗജന്യ നേത്ര പരിശോധന ക്യാമ്പ് പാലക്കാട്-തൃശൂർ മേഖല അമീർ പ്രൊഫ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മേഖല അൻസാറുല്ലാ നാസിം എം. കെ. അബ്ദുൽ അസീസ് സാഹിബ് സമീപം.



കോട്ടക്കലിൽ വച്ച് നടന്ന അഹ്‌മദിയ്യാ ബുക്ക്സ്റ്റാൾ

## ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




വില ₹ 800
സ്പെഷൽ പ്രൈസ്
₹400
മാത്രം

# വെളിപാട്
# യുക്തി
# ജ്ഞാനം സത്യം

**ഗ്രന്ഥകർത്താ:**
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**വിവർത്തനം**
**എ. എം. മുഹമ്മദ് സലിം**

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്

**ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

**2011 June**

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.4
Price Rs. **20/-**

**The Sathyadoothan Monthly**

**എല്ലാ ദൈവീക മതങ്ങളുടേയും പൂർത്തീകരണമാണ് വന്ദ്യപ്രവാചകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യിലൂടെ അവതീർണ്ണമായ പരിശുദ്ധ ഇസ്ലാം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ജനങ്ങൾ ദൈവത്തിൽ നിന്നകലുകയും യഥാർഥ ഇസ്ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്ത സമയത്ത്, അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ)നാൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്ലാമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ഈ ദൈവീകപ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയുവാൻ ബന്ധപ്പെടുക**

**Toll free No.**

# 1800 425 2020

**(9 am to 9 pm)**

# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**




ഒരു കോപ്പിക്ക്
20 രൂപ
വാർഷിക വരിസംഖ്യ
200 രൂപ

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ, സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com